بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 6

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 8

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 ഫെബ്രുവരി 25/ഹി.ശം. 1400 തബ്‌ലീഗ് 25/1442 ജമാദുൽ റജബ് 12


## അല്ലാഹുവിന്റെ വചനം

وَالَّذِیۡنَ اٰمَنُوۡا بِاللّٰہِ وَرُسُلِہٖ وَلَمۡ یُفَرِّقُوۡا بَیۡنَ اَحَدٍ مِّنۡہُمۡ اُولٰٓئِکَ سَوۡفَ یُؤۡتِیۡہِمۡ اُجُوۡرَہُمۡ

(النساء:153)

'എന്നാൽ, അല്ലാഹുവിലും അവന്റെ എല്ലാ ദൂതന്മാരിലും വിശ്വസിക്കുകയും അവരിൽ നിന്നുള്ള ആരുടെയിടയിലും വ്യത്യാസം കല്പിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് അവരുടെ പ്രതിഫലങ്ങൾ അവൻ തീർച്ചയായും നല്കുന്നതാണ്.'(4:153)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

### നബി(സ)തിരുമേനിയുടെ ഒരു പ്രിയപ്പെട്ട ദുആ

اَللّٰھُمَّ لَکَ اَسۡلَمۡتُ وَبِکَ اٰمَنۡتُ وَعَلَیۡکَ تَوَکَّلۡتُ وَاِلَیۡکَ اَنَبۡتُ وَبِکَ خَاصَمۡتُ وَاِلَیۡکَ حَاکَمۡتُ فَاغۡفِرۡلِیۡ مَا قَدَّمۡتُ وَمَا اَخَّرۡتُ وَمَا اَسۡرَرۡتُ وَمَا اَعۡلَنۡتُ اَنۡتَ الۡمُقَدِّمُ وَاَنۡتَ الۡمُؤَخِّرُ لَااِلٰہَ اِلَّا اَنۡتَ اَوۡلَااِلٰہَ غَیۡرُکَ

(1120) ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം. നബി(സ)തിരുമേനി രാത്രി തഹജ്ജുദ് നമസ്കാരത്തിന് എഴുന്നേൽക്കുമ്പോൾ ഈ ദുആ ചെയ്യുമായിരുന്നു: അല്ലാഹുവേ ഞാൻ നിനക്കുവേണ്ടി മുസ്‌ലിമായിരിക്കുന്നു. നിന്നിൽ ഞാൻ വിശ്വാസമർപിച്ചിരിക്കുന്നു. നിന്റേമേൽ ഞാൻ ഭരമേല്പിച്ചിരിക്കുന്നു. നിന്നിലേക്കു ഞാൻ ഖേദിച്ചു മടങ്ങിയിരിക്കുന്നു. നീ എനിക്ക് തെളിവുകൾ നല്കേണമെ. നിന്നിലേക്ക് ഞാൻ വിധി അന്വേഷിക്കുന്നു. അതിനാൽ നീ എനിക്കു മാപ്പു ചെയ്യേണമേ; ഞാൻ പ്രവർത്തിച്ചതിലും പ്രവർത്തിക്കാത്തതിലും. ഞാൻ രഹസ്യമാക്കിയതിലും പരസ്യമാക്കിയതിലും. ആദ്യവും അന്ത്യവും നീയാണ്. നീ അല്ലാതെ മറ്റൊരു ആരാധ്യനവുമില്ല. (സ്വഹീഹ് ബുഖാരി വാല്യം 2, കിതാബുത്തഹജ്ജുദ്, പേജ് 510)

**ദൈവവുമായി ഐക്യപ്പെടുക. സത്യസന്ധമായ ദൈവഭയത്തോടെ പ്രവൃത്തിക്കുക. ആകാശം അതിന്റെ അസാധാരണമായ അപകടങ്ങൾകൊണ്ട് ഭയപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഭൂമി രോഗങ്ങളെക്കൊണ്ട് പേടിപ്പിച്ചുകൊണ്ടിരിക്കുന്നു. മനസ്സിലാക്കുന്നവൻ ഭാഗ്യവാൻ!**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### ദുആയുടെ അനുഗ്രഹങ്ങൾ

ദുആ ഇല്ലായിരുന്നുവെങ്കിൽ ഒരു മനുഷ്യനും ദൈവത്തെ തിരിച്ചറിയുന്നതിനെ സംബന്ധിച്ച് ഹഖ്ഖുൽയഖീൻ(അനുഭവജ്ഞാനം) വരെ എത്തുമായിരുന്നില്ല. ദുആ മുഖേന ഇൽഹാം ലഭിക്കുന്നു. ദുആകൊണ്ട് നമ്മൾ അല്ലാഹുമായി സംസാരിക്കുന്നു. മനുഷ്യൻ ആത്മാർഥതയുടേയും ഏകദൈവവിശ്വാസത്തിന്റേയും സ്നേഹത്തിന്റേയും സത്യസന്ധതയുടേയും നിർമലതയുടേയും ചുവടോടുകൂടി ദുആ ചെയ്ത് ചെയ്ത് വിലയനാവസ്ഥവരെ(ഫനാ) എത്തുമ്പോൾ, ജനങ്ങളിൽനിന്ന് മറഞ്ഞിരിക്കുന്ന ആ ജീവനുള്ള ദൈവം അവനിൽ വെളിപ്പെടുന്നു.

### മനസ്സിലാക്കുന്നവൻ ഭാഗ്യവാൻ

ദൈവവുമായി ഐക്യപ്പെടുക. സത്യസന്ധമായ ദൈവഭയത്തോടെ പ്രവൃത്തിക്കുക. ആകാശം അതിന്റെ അസാധാരണമായ അപകടങ്ങൾകൊണ്ട് ഭയപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഭൂമി രോഗങ്ങളെക്കൊണ്ട് പേടിപ്പിച്ചുകൊണ്ടിരിക്കുന്നു. മനസ്സിലാക്കുന്നവൻ ഭാഗ്യവാൻ!

### അതിധീരതയും ധൈര്യവും

ധൈര്യം കൈവിടാൻ പാടില്ല. ധൈര്യം ഉൽകൃഷ്ട സ്വഭാവങ്ങളിൽപ്പെട്ടതാണ്. മുഅ്മിൻ അതിധീരനായിരിക്കും. എല്ലാ നേരവും അല്ലാഹുവിന്റെ ദീനിനെ സഹായിക്കാനും പിന്തുണയ്ക്കാനും വേണ്ടി തയ്യാറായിരിക്കേണ്ടതാണ്. ഒരിക്കലും ഭീരുത്വം വെളിപ്പെടുത്തരുത്. ഭീരുത്വം കപടവിശ്വാസികളുടെ അടയാളമാണ്. മുഅ്മിൻ ധൈര്യവാനും ധീരനും ആയിരിക്കും. എന്നാൽ, ധീരതകൊണ്ട് അവനിൽ അവസരം തിരിച്ചറിയാനുള്ള പരിചയമില്ലെന്നല്ല ഉദ്ദേശ്യം. അവസരം തിരിച്ചറിയാനുള്ള പരിചയമില്ലാതെ എന്തു കർമം ചെയ്താലും അത് സാഹസമായിരിക്കും. മുഅ്മിനിൽ തിടുക്കമുണ്ടാകുകയില്ല. പ്രത്യുത അവൻ അങ്ങേയറ്റം ജാഗ്രതയോടും സഹനശക്തിയോടുംകൂടി ദീനിനെ സഹായിക്കാൻ തയ്യാറായിരിക്കുന്നതാണ്; ഭീരുവായിരിക്കുകയില്ല. മനുഷ്യനിൽനിന്ന് ദൈവത്തെ വെറുപ്പിക്കുന്ന ചില പ്രവൃത്തി ഉണ്ടാകാറുണ്ട്...... ഉദാഹരണത്തിന് ഏതെങ്കിലും യാചകനെ തള്ളിയകറ്റിയാൽ അത് വിഷമത്തിന് നിമിത്തമാകുന്നു. ദൈവത്തെ വെറുപ്പിക്കുന്ന പ്രവൃത്തിയാകുന്നു. അവനെന്തെങ്കിലും കൊടുക്കാൻ അവന് ഭാഗ്യമുണ്ടാകുകയില്ല. എന്നാൽ, സൗമ്യതയോടും സൽസ്വഭാവത്തോടും പെരുമാറുകയാണെങ്കിൽ ഒരു പാത്രം വെള്ളംതന്നെ കൊടുത്താലും അത് സങ്കോചമകറ്റാൻ നിമിത്തമായിത്തീരുന്നതാണ്. **(മൽഫൂദാത്ത് വാല്യം 1, പേജ് 265 – 266, പ്രസാധകർ ഖാദിയാൻ 2018)**

**വ്യർഥമായ ആരാധിതർ പരിമിതമായ കാലംകൊണ്ടാണ് ഉണ്ടായിട്ടുള്ളത്. ദൈവത്തിന്റെ നിയമങ്ങൾ അനാദികാലം മുതലെ നടന്നു വരുന്നതാണ്. ഒരു നിശ്ചിത നിയമത്തിനു വിധേയമായി അനാദികാലംമുതലെ നടന്നുവരുന്ന ജോലി വ്യർഥമായ ആരാധിതരാണ് ഉണ്ടാക്കിയതെന്ന് പറയാൻ പറ്റുകയില്ല.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) സൂറ യൂനുസിലെ *ഖുലില്ലാഹു യബ്ദ ഉൽഖൽഖ ഥുമ്മ യുയീദുഹൂ ഫ അന്നാ തുഅ്ഫക്കൂൻ* എന്ന 35-ാമത്തെ വചനത്തിന് നല്കിയ തഫ്സീറിൽ പറയുന്നു:

'ഈ വചനത്തിൽ ശിർക്കിന്റെ ഖണ്ഡനത്തിനുള്ള വളരെ വലിയൊരു തെളിവാണ് സമർപിക്കപ്പെട്ടിട്ടുള്ളത്. ഇതു പൊതുവെ ആളുകൾ മനസ്സിലാക്കിയിട്ടില്ല. അല്ലാഹു പറയുന്നു, സൃഷ്ടിപ്പിന്റെ തെളിവ് ആവർത്തിച്ചുണ്ടാകുന്നു. അതായത് സൃഷ്ടിപ്പ് ആവർത്തിക്കൽ. ഇല്ലെങ്കിൽ താൻ സ്രഷ്ടാവാണെന്ന് ഓരോ വ്യക്തിക്കും വാദിക്കാൻ കഴിയും. ഇന്ന് ആരെങ്കിലും എഴുന്നേല്ക്കുകയും താൻ ലോകത്തെ ഉണ്ടാക്കി എന്നു പറയുകയും ചെയ്താൽ അതിനുള്ള ഖണ്ഡനം അവനോടു വീണ്ടും സൃഷ്ടിച്ചു കാണിക്കാൻ പറയുക എന്നതാണ്. ചുരുക്കത്തിൽ ആവർത്തനം തന്നെയാണ് കർമംചെയ്യുന്നതിന് കഴിവുണ്ടെന്നുള്ളതിന് തെളിവാകുന്നത്. അതുകൊണ്ട് പറയുന്നു, ഹദറത്ത് ഈസാ(അ) അല്ലെങ്കിൽ മറ്റാരെങ്കിലും സൃഷ്ടിച്ചുവെന്നു ആരെങ്കിലും പറയുന്നതുപോലെ വെറും സൃഷ്ടിപ്പിനെ മാത്രമല്ല നാം അവതരിപ്പിക്കുന്നത്. മറിച്ച് താൻ സൃഷ്ടിപ്പ് ആവർത്തിക്കുന്നവനാണെന്നും പറയുന്നു. ആവർത്തനത്തിൽ രണ്ടു കാര്യമുണ്ട്. ഒന്നാമതായി അതുകൊണ്ട് പെട്ടെന്നു തന്നെ പരീക്ഷണമുണ്ടാകുന്നു. രണ്ടാമത്തേത് ആവർത്തനം അനശ്വരമായ നിയമവും പറയുന്നുണ്ട്. ഉദാഹരണത്തിന് ധാന്യത്തിൽനിന്ന് ധാന്യം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇന്ന് സയ്ദ് ദൈവമായിരിക്കുകയും സ്രഷ്ടാവാണെന്ന് വാദിക്കുകയും ചെയ്താൽ ധാന്യം ആദ്യം മുതലേ ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്, താങ്കൾ ഇപ്പോഴാണുണ്ടായതെന്ന് അയാളോടു പറയപ്പെടുന്നതായിരിക്കും. ചുരുക്കത്തിൽ വ്യർഥമായ ആരാധിതർ പരിമിതമായ കാലംകൊണ്ടാണ് ഉണ്ടായിട്ടുള്ളത്. ദൈവത്തിന്റെ നിയമങ്ങൾ അനാദുകാലംമുതലെ നടന്നു വരുന്നതാണ്. അതുകൊണ്ട് ഒരു നിശ്ചിത നിയമത്തിനു വിധേയമായി അനാദികാലംമുതലെ നടന്നുവരുന്നത് നീയാണ് ഉണ്ടാക്കിയതെന്ന് എങ്ങനെയാണ് പറയുക എന്ന ചോദ്യമുണ്ടാകും. പറഞ്ഞു, ഈ സൃഷ്ടിപ്പിന്റേയും അതിന്റെ ആവർത്തനത്തിന്റേയും പരമ്പര ആരാണ് ഉണ്ടാക്കിയത്. അല്ലാഹുവാണെന്ന് പറയുകയാണെങ്കിൽ അല്ലാഹു അനാദികാലംമുതലെ സൃഷ്ടിപ്പിന്റെ ചിലനിയമങ്ങൾ നിശ്ചയിച്ചുവിട്ടിരിക്കുകയും അവയ്ക്കു വിധേയമായി സൃഷ്ടിലോകം ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുമ്പോൾ നിങ്ങളുടെ വ്യർഥമായ ആരാധിതരുടെ കൈകടത്തൽ എവിടെയാണ് സ്ഥാപിതമായിട്ടുള്ളത്. അതിന്റെ ആവശ്യമെന്തായിരുന്നു.

ഏതൊരു രാജാവാണോ ബാഹ്യമായ സ്വ

(ശേഷം പേജ് 12ൽ)

## നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസംഅവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

## ഈ ലക്കത്തിൽ


ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

ഖുത്വ്ബ ജുമുഅ 08-01-2021 (സമ്പൂർണ തർജമ)

പര്യടന റിപ്പോർട്ട് ഹുദൂർ അയ്യദഹുല്ലാഹ്


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

لَآ اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

മുമ്പിൽവരാൻ എതിരാളികളെല്ലാവരേയും നാം വിളിച്ചു.

**ഇന്നസ്സുമൂമ ലശർറു മാഫിൽ ആലമി – ശർറസ്സുമൂമി അദാവത്തുസ്സ്വുലഹാഇ**

**മൂന്ന് രാത്രിവരെ ചന്ദ്രന് ഹിലാൽ എന്നാണ് പറയുന്നത്; ഖമർ എന്നല്ല. ഇതിനു വിരുദ്ധമായി ആരെങ്കിലും സ്ഥാപിച്ചുകാണിക്കുകയാണെങ്കിൽ അയാൾക്ക് ആയിരം രൂപ ഇനാം നല്കുന്നതായിരിക്കും.**

കഴിഞ്ഞ ലക്കത്തിൽ ഞങ്ങൾ സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) ഹിജ്റ 14-ാം നൂറ്റാണ്ടിൽ ആഗതരാകുന്ന ഇമാം മഹ്ദിയുടേയും മസീഹ് മൗഊദിന്റേയും സത്യസാക്ഷ്യത്തിനുള്ള അടയാളമായി നിശ്ചയിച്ചിരുന്ന സൂര്യചന്ദ്രഗ്രഹണങ്ങളുടെ പ്രവചനത്തെക്കുറിച്ചാണ് പറഞ്ഞിരുന്നത്. ഈ പ്രവചനം സുന്നികളുടെ ഗ്രന്ഥമായ 'ദാറുഖുത്നി'യിൽ ആയിരം വർഷമായി കണ്ടുവരുന്നതാണ്. ഇപ്രകാരം തന്നെ ശിയാക്കളുടെ ഗ്രന്ഥമായ 'അക്മാലുദ്ദീനി'ലും ഇത്രതന്നെ കാലമായി സുരക്ഷിതമാണ്. അതായത് ഈ മഹത്തായ പ്രവചനത്തിന്റെ സംരക്ഷണം ആയിരം വർഷമായി രണ്ടു വലിയ ജനതകൾ ചെയ്തുവരുന്നു. ഇത്രമാത്രമല്ല. പ്രത്യുത ഈ പ്രവചനം വിശുദ്ധഖുർആനും സാക്ഷ്യപ്പെടുത്തുന്നുണ്ട്. മറ്റു ഗ്രന്ഥങ്ങളിലും ഇതു പറയുന്നുണ്ട്. ഹനഫികളിലെ ചില മഹാത്മാക്കളും ഈ പ്രവചനം എഴുതിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ പ്രവചനം മുസ്ലിമീങ്ങളിൽ പ്രസിദ്ധവും പ്രചാരണമുള്ളതുമായിരുന്നു. മുസ്ലിമീങ്ങൾ ഈ പ്രവചനത്തിന്റെ പുലർച്ച രാപ്പകൽ കാത്തിരിക്കുകയായിരുന്നു. പ്രത്യേകിച്ച് ഉലമാക്കളും സ്വലഹാക്കളും അനുരക്തന്മാരെപ്പോലെ അതിന്റെ പ്രതീക്ഷയിലായിരുന്നു. പെരുന്നാൾ പിറപോലെ അതുകാണാൻ തുറിച്ചുനോക്കിയിരിക്കുകയായിരുന്നു. മക്കക്കാരിലും ഈ അടയാളം കാണുന്നതിന് ആവേശവും അഭിനിവേശവും കാത്തിരിപ്പുമുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'മക്കക്കാരിൽ ഒരു ആവേശമുണ്ടായി.......അവർ സൂര്യചന്ദ്രഗ്രഹണങ്ങൾ ശക്തമായ നിലയിൽ പ്രതീക്ഷിച്ചിരിക്കുന്നുവെന്ന് ഞാനൊരു കത്തിൽ വായിക്കുകയുണ്ടായി. പെരുന്നാൾ രാവിൽ പിറവി ചന്ദ്രനെ കാത്തിരിക്കുന്നതുപോലെ അവർ അത് പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. ഉറങ്ങുമ്പോഴും ഉണരുമ്പോഴും ഇതേ കുറിച്ച് പറയാത്തതായ ഒരു വീടും മക്കയിൽ ബാക്കിയുണ്ടായിരുന്നില്ല. അതുകൊണ്ടു തന്നെ ഇത് അല്ലാഹുവിൽനിന്നുള്ള ആഹ്വാനമാകുന്നു; അവൻ ആ പ്രകാശങ്ങൾ പരത്താൻ തീരുമാനിച്ചു. മക്കക്കാർ സർവ്വശക്തനായ അല്ലാഹുവിന്റെ സംഘത്തിൽ കൂട്ടംകൂട്ടമായി പ്രവേശിക്കുന്നത് ഞാൻ കാണുന്നു. ഇത് ആകാശത്തിന്റെ ദൈവത്തിൽനിന്നുള്ളതും ഭൂമിയിലുള്ളവരുടെ കണ്ണുകളിൽ അത്ഭുതകരവുമാണ്." (നൂറുൽഹഖ്, ഭാഗം 2, റൂഹാനീ ഖസാഇൻ, വാള്യം 8, പേജ് 197)

പക്ഷേ, ഈ ദൃഷ്ടാന്തം കൃത്യമായി അതിന്റെ സമയത്ത് വെളിപ്പെട്ടപ്പോൾ ഉപഭൂഖണ്ഡത്തിലുള്ള ഇന്ത്യയിലേയും പാക്കിസ്താനിലേയും ഉലമാക്കൾ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള ശത്രുത കാരണത്താൽ അത് നിഷേധിച്ചുകളഞ്ഞു. വാസ്തവത്തിൽ അത് വിശ്വസിക്കാൻ കൂടുതൽ അർഹർ അവരായിരുന്നു; കാരണം ദൃഷ്ടാന്തം വെളിപ്പെടുന്നതിനു മുമ്പേ ഈ അടയാളം ചോദിച്ചുകൊണ്ടിരുന്നവരായിരുന്നു അവർ; അവർ മനസ്സിലാക്കിയിരുന്നെങ്കിൽ! ഇത് മസീഹ് മൗഊദിനോടുള്ള ശത്രുതയല്ല, പ്രത്യുത ഇരുലോകത്തിന്റേയും നേതാവായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) യോടുള്ള ശത്രുതയാണ്. ഈ അടയാളം വെളിപ്പെട്ടപ്പോഴുണ്ടായ ഹൃദയഹാരിയായ ഒരു സംഭവം താഴെ വായിച്ചാലും.

'മൗലാനാ ഇബ്റാഹീം സാഹിബ് ബഖാപൂരി(റ) വിവരിക്കുന്നു. പിതാവും പുത്രനുമായിരുന്ന ആ വ്യക്തി മൗലവി അബ്ദുൽ ജബ്ബാറിന്റെ[1] അടുത്ത് വന്ന് ചോദിച്ചു: 'ഇമാം മഹ്ദിയുടെ അടയാളമായി സൂര്യചന്ദ്രഗ്രഹണങ്ങൾ പ്രതിപാദിച്ചിട്ടുള്ള ഹദീഥ് ശരിയാണോ?' മൗലവി സാഹിബ് പറഞ്ഞു: 'ഹദീഥ് സ്വഹീഹ് തന്നെയാണ്. എന്നാൽ, മിർസാ സാഹിബിന്റെ വലയിൽ കുടുങ്ങിപ്പോകരുത്. കാരണം മിർസാ സീഹിബ് അതിനെ തന്റെ വാദത്തിന്റെ സാക്ഷ്യമെന്ന നിലയിലാണ് സമർപ്പിക്കുന്നത്. ഈ ഹദീഥ് ഇമാം മഹ്ദിയുടെ ജനനത്തെ സംബന്ധിച്ചാണ്, അല്ലാതെ വാദത്തിനുള്ള തെളിവല്ല. പിതാവ് പറഞ്ഞു: 'മൗലവി സാഹിബേ! ഞാൻ ചോദിച്ചതിന് താങ്കൾ എനിക്ക് മറുപടി തന്നിരിക്കുന്നു. ഇനിയുള്ളത് ആരിലാണ് അത് ചേരുക എന്നതാണ്. അതിനെ സംബന്ധിച്ച് പറയാനുള്ളത് എന്റെ മുഴുവൻ ജീവിതവും കേസുകളിലാണ് കഴിഞ്ഞത്. എന്നാൽ, ഞാൻ ആദ്യം വാദിക്കാത്തിടത്തോളം എന്നോട് സർക്കാർ ഒരിക്കലും സാക്ഷിയെ കൊണ്ടുവരാൻ പറഞ്ഞിട്ടില്ല. ഇതേ അവസ്ഥയാണ് മിർസാ സാഹിബിന്റേതും. അദ്ദേഹത്തിന്റെ വാദം ആദ്യമേതന്നെയുണ്ട്. ഇപ്പോൾ ഈ സൂര്യചന്ദ്ര ഗ്രഹണങ്ങൾ അദ്ദേഹത്തിന്റെ വാദത്തിനുള്ള തെളിവെന്ന നിലയിലുള്ളതാണ്. അപ്പോൾ മൗലവി സാഹിബ് നിശ്ശബ്ദനായി. പിതാവും പുത്രനും തങ്ങളുടെ ഗ്രാമത്തിലേക്ക് പോകുകയും ചെയ്തു. (ഖുത്ബ ജുമുഅ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 20-3-2015)

ഈ പ്രവചനം പൂർത്തിയായപ്പോൾ പല രീതിയിലുള്ള ആക്ഷേപങ്ങളും ഉണ്ടാക്കി ഈ മഹത്തായ ഹദീഥിനെ സംശയങ്ങളുടേയും സന്ദേഹങ്ങളുടെയും വൃത്തത്തിൽ കൊണ്ടുവരാനുള്ള ശ്രമമുണ്ടായി. ഈ ഹദീഥിന്മേലുണ്ടായ ആക്ഷേപങ്ങൾ എന്തായിരുന്നുവെന്ന് താഴെ വായിക്കുക:

1. ഹദീഥ് കൃത്രിമമാണ്. അതായത് ഇത് നബി(സ) തിരുമേനി പറഞ്ഞതല്ല. പ്രത്യുത കൃത്രിമമായി നിർമിച്ചതാണ്. (2) പ്രത്യേക തരത്തിലുള്ള സൂര്യചന്ദ്രഗ്രഹണം ആയിരിക്കുമെന്നാണ് ഹദീഥിലുള്ളത്. എന്നാൽ, സാധാരണരീതിയിലുള്ള സൂര്യചന്ദ്രഗ്രഹണങ്ങളാണുണ്ടായത്. (3) ഹദീഥു പണ്ഡിതന്മാർ ദാറുഖുത്നിയിൽ വന്നിട്ടുള്ള ഈ ഹദീഥിന്റെ ചില നിവേദകന്മാരുടെമേൽ ആക്ഷേപം ഉന്നയിച്ചിരിക്കുന്നതുകൊണ്ട് ഈ ഹദീഥ് ശരിയല്ലെന്നാണ് ഒരു വാദം. (4) സൂര്യചന്ദ്രഗ്രഹണത്തിനു ശേഷമാണ് 'വാദി' വെളിപ്പെടേണ്ടത്. മുമ്പേയല്ല. (5) സൂര്യചന്ദ്രഗ്രഹണങ്ങളുടെ ദൃഷ്ടാന്തം ഖിയാമത്തിലാണ് വെളിപ്പെടുക, ഇപ്പോഴല്ല. (6)ചന്ദ്രന് ഗ്രഹണമുണ്ടായത് റമളാൻ 13 നാണ്. ഹദീഥ് അനുസരിച്ച് റമളാന്റെ ആദ്യരാത്രിയാണ് ഗ്രഹണമുണ്ടാകേണ്ടതാണ്. (7) സൂര്യന് ഗ്രഹണമുണ്ടായത് 28 നാണ്. അത് മാസത്തിന്റെ മധ്യത്തിലാണ് ഉണ്ടാകേണ്ടത്. (8) സൂര്യചന്ദ്രഗ്രഹണം ഇപ്പോൾ റമളാനിലുണ്ടായെങ്കിലും മഹ്ദി ഇനിയും ജനിക്കാവുന്നത് സംഭാവ്യമല്ലേ.

ഇവിടെ ഞങ്ങൾ 6-ാമത്തെ ആക്ഷേപത്തിനുള്ള, അതായത് ചന്ദ്രന് റമളാനിന്റെ ആദ്യരാത്രിയിലും സൂര്യന് റമളാനിന്റെ മധ്യപകലും ഗ്രഹണമുണ്ടാകണമെന്നതിന് മറുപടി പറയുകയാണ്. അല്ലാഹു ഭൂമിയും ആകാശവും ഉണ്ടാക്കിയ കാലംമുതൽ ചന്ദ്ര നും സൂര്യനും ഗ്രഹണമുണ്ടാകുന്നതിന് അവന്റെ പ്രകൃതിനിയമത്തിൽ ഇങ്ങനെയൊരു നിയമം നിശ്ചയിച്ചുകഴിഞ്ഞിരിക്കുന്നു. അതായത് ചന്ദ്രന് ഗ്രഹണമുണ്ടാകുന്നത് ചന്ദ്രന്റെ 13, 14, 15 തിയതികളിൽ ഏതെങ്കിലും ഒരു തിയതിയിലായിരിക്കും. ഇപ്രകാരംതന്നെ സൂര്യന് ഗ്രഹണമുണ്ടാകുന്നത് ചന്ദ്രന്റെ 27, 28, 29 തിയതികളിൽ ഒന്നിലായിരിക്കും. ഹദീഥിലെ വാക്കുകൾ ഇങ്ങനെയാണ്: *യൻകസിഫുൽ ഖമറു ലിഅവ്വലി ലയ്‌ലത്തിൻ മിൻ റമളാന* ഇതിന് തർജമ ചെയ്യപ്പെടുന്നത് റമളാന്റെ ആദ്യത്തെ രാത്രി ചന്ദ്രന് ഗ്രഹണമുണ്ടാകുമെന്നാണ്. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ദൃഷ്ടാന്തത്തെ തന്റെ സത്യസാക്ഷ്യത്തിന് തെളിവായി സമർപ്പിക്കാതിരിക്കാൻവേണ്ടി പ്രസ്തുത തർജമ ആ നേരത്ത് അദ്ദേഹത്തിന്നെതിരിൽ മാത്രം ചെയ്യപ്പെട്ടതാണ്. ഇതും അല്ലാഹുവിന്റെ ശക്തിപ്രഭാവമാണ്. മനുഷ്യൻ സത്യത്തെ എതിർക്കുമ്പോൾ അവനിൽനിന്ന് വിവരക്കേടുണ്ടാകുന്നു. ഏതുപോലെയെന്നാൽ, അബൂ ജഹ്ൽ ആദ്യം 'അബുൽഹികം' അതായത് 'യുക്തിജ്ഞാനങ്ങളുടെ പിതാവ്' എന്ന് അറിയപ്പെട്ടിരുന്നു. ശെയ്ഖ് മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുടെ റിവ്യൂ അത് അയാൾ ബറാഹീനെ അഹ്മദിയ്യാ പ്രസിദ്ധീകരിച്ചപ്പോൾ എഴുതിയതാണ്. സത്യത്തെ പിന്തുണച്ചുകൊണ്ട് അതൊരു പണ്ഡിതോചിതമായ റിവ്യൂ ആയിരുന്നു. പക്ഷേ, അയാൾ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ എതിർത്തപ്പോൾ വിവരക്കേടിന്റെ സമുച്ചയമായിത്തീർന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ എതിർത്തപ്പോൾ അല്ലാഹു ഉലമാക്കളെ അജ്ഞന്മാരാക്കിത്തീർത്തു. ചന്ദ്രന് റമളാനിന്റെ ആദ്യത്തെ രാത്രി ഗ്രഹണമുണ്ടാകണമെന്ന് എതിരാളികൾ പറഞ്ഞപ്പോൾ ആ ആക്ഷേപം അടിമുടി അവരുടെ വിവരക്കേടിലധിഷ്ഠിതമായിരുന്നു. എന്തുകൊണ്ടെന്നാൽ;

* ആദ്യരാത്രി ചന്ദ്രനെ കാണാൻതന്നെ വളരെ പ്രയാസമാണ്. അതിന് ഗ്രഹണമുണ്ടാകുകയാണെങ്കിൽ ലോകം എങ്ങനെ അതു കാണാനാണ്, അത് ദൃഷ്ടാന്തമാകുന്നതെങ്ങനെയാണ്?

* രണ്ടാമത്തേത് ഹദീഥിലുള്ളത് 'ഖമർ' എന്ന പദമാണ്. ആദ്യ തിയതിയിലെ ചന്ദ്രന് 'ഹിലാൽ' എന്നാണ് പറയുന്നത്, 'ഖമർ' എന്നല്ല. മൂന്നു ദിവസം ചിലരുടെ പക്കൽ 7 ദിവസംവരെ ചന്ദ്രന് 'ഹിലാൽ' എന്നു പറയുന്നു. അതിനുശേഷമാണ് അത് 'ഖമർ' ആകുന്നത്.

* മൂന്നാമത്തേത് അല്ലാഹുവിന്റെ പ്രകൃതി നിയമത്തിൽ എന്നെന്നേക്കുമായി ഒരു നിയമം നിശ്ചയിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. അതായത് ചന്ദ്രന് ഗ്രഹണമുണ്ടാകുന്നത് ചന്ദ്രന്റെ 13, 14, 15 തിയതികളിൽ മാത്രമായിരിക്കും. അതിനു മുമ്പോ പിമ്പോ ആയിരിക്കുകയില്ല.

ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില നിർദ്ദേശങ്ങൾ താഴെ അവതരിപ്പിക്കുകയാണ്:

### ലോകമുണ്ടായ കാലംമുതൽ ചന്ദ്രനും സൂര്യനും ഗ്രഹണമുണ്ടാകുന്ന തിയതി

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ലോകമുണ്ടായ കാലംമുതൽ അല്ലാഹുവിന്റെ പ്രകൃതി നിയമത്തിൽ ചന്ദ്രഗ്രഹണത്തിന് നിശ്ചയിക്കപ്പെട്ടിരിക്കുന്നത് മൂന്നു രാത്രികളാണ്. അതായത് 13, 14, 15,

**(ശേഷം പേജ് 10ൽ)**

1). മൗലവി അബ്ദുൽ ജബ്ബാർ, മൗലവി അബ്ദുല്ലാ ഗസ്നവിയുടെ മകനായിരുന്നു. മൗലവി അബ്ദുല്ലാഹ് ഗസ്നവി ഒരു സ്വാലിഹായ മനുഷ്യനും ഇൽഹാമും കശ്ഫുമുണ്ടാകുന്ന മഹാത്മാവുമായിരുന്നു. അദ്ദേഹം പ്രവചനം ചെയ്തിരുന്നു. ഖാദിയാനിൽ ഒരു നൂർ അഥവാ പ്രകാശം ഇറങ്ങിയിരിക്കുന്നു. പക്ഷേ, എന്റെ മക്കൾ അതിൽനിന്ന് പിന്തള്ളപ്പെട്ടു. അങ്ങനെതന്നെ സംഭവിച്ചു. അദ്ദേഹത്തിന്റെ മക്കൾക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാൻ തൗഫീഖ് കിട്ടിയില്ല. മൗലവി അബ്ദുൽ ജബ്ബാർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശത്രുവായിരുന്നു. ജീവിതം മുഴുവൻ ശത്രുതയിൽ കഴിച്ചുകൂട്ടി. ഹദ്റത്ത് മസീഹ് മൗഊദ്(അ) മൗലവി അബ്ദുല്ലാ ഗസ്നവിയെ സംബന്ധിച്ച് പറഞ്ഞു. എന്റെ കാലഘട്ടം അദ്ദേഹം പ്രാപിച്ചിരുന്നുവെങ്കിൽ അദ്ദേഹം എന്റെ വാദത്തോടൊപ്പം എന്നെ സ്വീകരിക്കുകയും ചെയ്യുമായിരുന്നു; നിഷേധിക്കുമായിരുന്നില്ല)

# ഖുത്ബ ജുമുഅ

അല്ലാഹുവിനുവേണ്ടി എന്തൊന്ന് ചെലവഴിക്കുന്നുവോ അത് പാഴായിപ്പോകുകയില്ല.
പ്രത്യുത അത് ഇരട്ടിയാക്കി തിരിച്ചുകൊടുക്കപ്പെടുന്ന കടമാണ്.

തഹ്‌രീക്കെ വഖ്ഫെ ജദീദിന്റെ 63-ാം വർഷത്തിന്നിടയിൽ അഹ്‌മദിയ്യാ ജമാഅത്തുകൾക്ക്
ഒരു കോടി 5 ലക്ഷത്തി മുപ്പതിനായിരം പൗണ്ട് ത്യാഗം ചെയ്യാൻ തൗഫീഖ് ലഭിച്ചു.

അല്ലാഹുവിന്റെ ദീനിന്റെ പ്രചാരണത്തിനുവേണ്ടിയും സൃഷ്ടികളുടെ സേവനത്തിനുവേണ്ടിയും ധനത്യാഗം ചെയ്യുക
എന്നതും വളരെ വലിയൊരു നന്മയാണ്. അല്ലാഹു അതിന് പ്രതിഫലം നല്കാതെ വിട്ടുകളയുകയില്ല.

ധനത്യാഗത്തെ സംബന്ധിച്ച് ജമാഅത്തംഗങ്ങളേക്കാളും നന്നായി അറിയുന്നതാരാണ്? സകല തലങ്ങളിലുള്ള അഹ്‌മദികളും
അല്ലാഹുവിനും അവന്റെ പ്രീതിക്കുംവേണ്ടി അവന്റെ മാർഗത്തിൽ ചെലവു ചെയ്യുമ്പോൾ അത് മനസ്സമാധാനത്തിന്
കാരണമാകുന്നതിനോടൊപ്പം ഭൗതികമായ നിലയിലും അത്ഭുതകരമായ നിലയിൽ അല്ലാഹു പ്രസ്തുത തുക അതായത്
അല്ലാഹുവിന്റെ മാർഗത്തിൽ നൽകിയത് മടക്കി കൊടുക്കുന്നു എന്നതിന് വ്യക്തിപരമായി അനുഭവമുള്ളവരുമായിത്തീരുന്നു.

നമ്മുടെ എതിരാളികൾ പറയുന്നു, തങ്ങൾ ജമാഅത്തിന്റെ നാമം ലോകത്തുനിന്നു ഉന്മൂലനം ചെയ്യുമെന്ന്.
ഇത്തരം സ്നേഹിക്കുന്നവരേയും കൂറു പുലർത്തുന്നവരേയും ലോകത്തുനിന്ന് വിപാടനം ചെയ്യാൻ ആരാണുള്ളത്?

തങ്ങളുടെ വ്യക്തിപരമായ ആവശ്യങ്ങൾ പൂർത്തിയാക്കാൻ ദുആ ചെയ്യുന്നതിനു പകരം ആളുകൾ
ചന്ദ കൊടുക്കാൻ കഴിയുന്നതിന് നമസ്കരിക്കുകയും തഹജ്ജുദ് നമസ്കരിക്കുകയും ചെയ്യുന്നു.

ശത്രുക്കൾ എത്രവേണമെങ്കിലും ശക്തിചെലുത്തിക്കൊള്ളട്ടെ. പക്ഷേ, ഈ ജമാഅത്തിനെ അല്ലാഹു തന്റെ ദീനിനെ
പ്രചരിപ്പിക്കുന്നതിനുവേണ്ടി സ്ഥാപിച്ചതാണ്. അതുകൊണ്ട് എല്ലാ അവസരങ്ങളിലും അല്ലാഹു തന്നെ അതിനെ നോക്കുകയും
സഹായിക്കുകയും ചെയ്യുന്നു. ഒരു തലമുറയ്ക്കുശേഷം അടുത്ത തലമുറയുടെ മനസ്സിൽ അതിനോടുള്ള സ്നേഹത്തിന്റേയും
അതിന്റെ ഉദ്ദേശ്യ സാഫല്യത്തിന്റെ പൂർത്തീകരണത്തിന്റേയും തിളപ്പ് ഉണ്ടാക്കിക്കൊണ്ടേ പോകുന്നു.

വഖ്ഫെ ജദീദിന്റെ 64-ാം വർഷത്തിന്റെ വിളംബരം. ലോകം മുഴുവനുമുള്ള അഹ്‌മദികളുടെ ത്യാഗങ്ങളുടെ പൊതുവായ ചർച്ച

പാക്കിസ്താനിലേയും അൽജീരിയായിലേയും അഹ്‌മദികൾക്ക് നേരിടേണ്ടിവരുന്ന കഠിനമായ എതിർപ്പ് മുന്നിൽകണ്ട്,
അവർക്കുവേണ്ടി ദുആകൾ ചെയ്യാനും നഫ്‌ലുകളും സ്വദഖകളും അനുഷ്ഠിക്കാനും ഉപദേശം.

സമാധാനത്തിന്റെ അടിസ്ഥാനത്തിൽ പാക്കിസ്താനിലെ പൊതുവെയുള്ള അവസ്ഥകളും, അപ്രകാരംതന്നെ
അതിവേഗം മോശമായിക്കൊണ്ടിരിക്കുന്ന ലോകത്തിന്റെ അവസ്ഥകളും കണ്ട് ദുആകളിലേക്ക് ശ്രദ്ധിക്കാൻ നിർദേശം.

**ഖുത്ബ ജുമുഅ 2021 ജനുവരി 08/1399 സ്വുൽഹ് 08**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ
وَلَا الضَّآلِّيْنَ -
مَنْ ذَا الَّذِىْ يُقْرِضُ اللّٰهَ قَرْضًا حَسَنًا فَيُضٰعِفَهٗ لَهٗۤ اَضْعَافًا كَثِيْرَةً ؕ وَاللّٰهُ يَقْبِضُ
وَيَبْصُۜطُ ۪ وَاِلَيْهِ تُرْجَعُوْنَ (البقرة:246)

അല്ലാഹുവിന് നല്ല കടം നൽകുന്നവനാരുണ്ട്? അങ്ങനെ നൽകുന്നതായാൽ അവൻ അതിനെ (ധനത്തെ) അനേകം ഇരട്ടിയായി വർധിപ്പിച്ചു കൊടുക്കും. അല്ലാഹു ധനം വാങ്ങുകയും അത് വർധിപ്പിക്കുകയും ചെയ്യുന്നു. അവനിലേക്കു തന്നെയാണ് നിങ്ങളുടെ മടക്കം. (2:246)

അല്ലാഹു ഈ ആയത്തിൽ കടംകൊടുക്കുന്നതിനെപറ്റിയാണ് പറയുന്നത്. ഇതിന്റെ അർഥം നഊദുബില്ലാഹ് അല്ലാഹുവിന് മനുഷ്യന്റെ പണമാവശ്യമുണ്ടെന്നും അവൻ തന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ കടം ചോദിക്കുന്നുവെന്നുമല്ല. കടം എന്നതിന് പൊതുവിൽ ഒരു അർഥമുണ്ട്. അതാണ് നമ്മൾ കടത്തിന്റെ ഇടപാടുകളിൽ ഉപയോഗിക്കുന്നത്. അതായത് ആരിൽ നിന്നെങ്കിലും കടം വാങ്ങുകയും കൊടുക്കുകയും ചെയ്യുക. എന്നാൽ, ഭാഷാപരമായ അർഥം നല്ലതോ ചീത്തയോ ആയതിന് പ്രതിഫലം നൽകുക എന്നുമുണ്ട്. ഇവിടെ ഇതിന്റെ അർഥം, അല്ലാഹു ഏറ്റവും നല്ല പ്രതിഫലം നൽകാൻ അവന്റെ മാർഗത്തിൽ ചെലവഴിക്കുന്നവനാരുണ്ട് എന്നാണ്.

ആയതിനാൽ അല്ലാഹുവിന് വേണ്ടി ചെലവഴിക്കുക, കൊടുക്കുക തുടങ്ങിയ പ്രശ്നമുദിക്കുമ്പോൾ അത് അല്ലാഹു ആ പ്രവൃത്തി ചെയ്യുന്നവർക്ക് ഏറ്റവും നല്ല പ്രതിഫലം നൽകുമെന്നാകുന്നു. അതായത് അല്ലാഹുവിനു വേണ്ടി ചെലവഴിക്കുമ്പോൾ, അല്ലാഹുവിനുവേണ്ടി നൽകുമ്പോൾ അല്ലാഹു അതിന് ഉത്തമമായ പ്രതിഫലം നൽകുന്നതാണ്. വിശുദ്ധ ഖുർആനിൽ മറ്റു സ്ഥലങ്ങളിലും അല്ലാഹു ത്യാഗങ്ങളെ പറ്റിയും ധനത്യാഗത്തെ പറ്റിയും പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ ദീനിനുവേണ്ടിയും അവന്റെ സൃഷ്ടികളുടെ പുരോഗതിക്കുവേണ്ടിയും ചെലവഴിക്കുന്നവരെ അല്ലാഹു, തനിക്കുവേണ്ടി ചെലവഴിക്കുന്നവർക്ക് തുല്യമായിട്ടാണ് പരാമർശിച്ചിരിക്കുന്നത്. അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കപ്പെടുന്നവ നഷ്ടപ്പെടുന്നതല്ല. മറിച്ച് അത് അല്ലാഹു അതിനെ നേരെ ഇരട്ടിയാക്കി തിരികെ തരുന്ന കടമാകുന്നു. അതുകൊണ്ട് അല്ലാഹുവിന് എന്തെങ്കിലും കടത്തിന്റെ ആവശ്യമുണ്ടെന്ന് ആരും തെറ്റു ധരിക്കരുത്. അല്ലാഹു, റബ്ബ്(പരിപാലകൻ) ആകുന്നു. അവൻ എല്ലാ പ്രപഞ്ചത്തേയും പരിപാലിക്കുന്നു. എല്ലാവർക്കും കൊടുക്കുന്നവനുമാകുന്നു. അവന് ഒരുവിധ ആവശ്യവുമില്ല. തന്നെ സംബന്ധിച്ച് അവൻ കടം എന്ന പദം പ്രയോഗിക്കുമ്പോൾ അതിന്റെ അർഥം തന്റെ മാർഗത്തിൽ ചെലവഴിക്കുകയും തന്റെ അളവറ്റ അനുഗ്രഹങ്ങൾ കരസ്ഥമാക്കുകയും ചെയ്യുവിൻ എന്നാകുന്നു. തനിക്ക് ഉത്തമമായ കടം നൽകുന്നവനാരുണ്ട്? ഈ ചോദ്യം ഉന്നയിച്ചുകൊണ്ട്, തന്റെ മാർഗത്തിൽ ചെലവഴിച്ചുകൊണ്ട് തന്റെ അളവറ്റ അനുഗ്രഹങ്ങൾക്ക് അവകാശിയാകാൻ, ആയിക്കൊണ്ടിരിക്കാൻ ആരുണ്ട് എന്നതിലേക്കുള്ള പ്രേരണയാണ് നൽകുന്നത്. തുടർന്ന് അതിന്റെ വിശദീകരണമാണ് നൽകുന്നത്. 'ഞാൻ നിങ്ങളുടെ കടം എന്റെ അടുക്കൽ വെക്കാൻ വേണ്ടി, എന്റെ ആവശ്യം പൂർത്തീകരിക്കാൻ വേണ്ടിയല്ല ചോദിക്കുന്നത്, മറിച്ച് നിങ്ങൾക്ക് അനേകം ഇരട്ടിയായി നൽകാൻ വേണ്ടിയാണ് നിങ്ങളോട് ഇത് പറയുന്നത്. അതിന് വേണ്ടിയാണ് നിങ്ങളോട് കടം ചോദിക്കുന്നത്. നിങ്ങൾ എന്റെ ദീനിനുവേണ്ടി എന്റെ സൃഷ്ടികൾക്കുവേണ്ടി ചെലവഴിക്കുകയാണെങ്കിൽ നിങ്ങൾക്ക് പല മടങ്ങായി വർധിപ്പിച്ചു തരുന്നതിനു വേണ്ടിയാണ് പറയു

ന്നത്. നിങ്ങൾ എന്റെ ദീനിനുവേണ്ടി, എന്റെ സൃഷ്ടികളുടെ അഭിവൃദ്ധിക്കുവേണ്ടി ചെലവഴിക്കുകയാണെങ്കിൽ അനേകമിരട്ടിയായി ഞാൻ നിങ്ങൾക്ക് തിരിച്ചു നൽകുന്നതായിരിക്കും. 'ഖർള ഹസ്ന'(ഏറ്റവും നല്ല കടം) എന്ന പദങ്ങൾ പ്രയോഗിച്ചുകൊണ്ട് പറയുന്നു, നിങ്ങൾ സ്വന്തം ഇഷ്ടപ്രകാരം സന്തോഷപൂർവം ഈ ചെലവ് ചെയ്യുകയാണെങ്കിൽ അത്തരം ചെലവഴിക്കൽ അല്ലാഹുവിന്റെ മാർഗത്തിൽ ആയിരിക്കുന്നതാണ്. അത് നിങ്ങളുടെ പക്കൽനിന്നുള്ള ഏറ്റവും നല്ല കടമായിരിക്കും. അത് അല്ലാഹു അനേകം ഇരട്ടിയായി തിരിച്ചു തരുന്നതായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഒരു സദസിൽ ഇത് സംബന്ധിച്ച് വിവരിച്ചുകൊണ്ട് ഒരിടത്ത് പറയുന്നു: 'അല്ലാഹു കടം ചോദിക്കുന്നതുകൊണ്ടുള്ള വിവക്ഷിതം മആദല്ലാഹ്, അല്ലാഹുവിന് ആവശ്യമുണ്ടെന്നും അവൻ ആശ്രിതനാണെന്നുമല്ല. അത്തരം ചിന്തപോലും സത്യനിഷേധം (കുഫ്ർ)ആകുന്നു. മറിച്ച് അതിന്റെ അർഥം, പ്രതിഫലത്തോടെ മടക്കി നൽകും എന്നാകുന്നു. അതായത് വർധിപ്പിച്ച് തരുന്നതാണ്. ഇത് അല്ലാഹു അനുഗ്രഹിക്കുന്നതിനുള്ള ഒരു രീതിയാകുന്നു.'(മൽഫൂദാത്ത് വാല്യം 3, പേജ് 268)

മറ്റൊരു സന്ദർഭത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, വിവരദോഷിയായ ഒരാൾ, *മൻ ദല്ലദീ യുഖ് രിളുല്ലാഹ ഖർളൻ ഹസനൻ*(2:246) അല്ലാഹുവിന് കടം നൽകുന്നവനാരുണ്ട് എന്നതിന്റെ വിവക്ഷിതം മആദല്ലാഹ്, ബുദ്ധിഹീനർ കാര്യം മനസ്സിലാക്കാതെ അല്ലാഹു പട്ടിണിയിലാണെന്ന് പറയുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'വിഡ്ഢികളാണ് ഇത്തരം കാര്യങ്ങൾ പറയുന്നത്. ഇതിൽ എവിടെയാണ് അവൻ പട്ടിണിയിലാണെന്ന് പറഞ്ഞിട്ടുള്ളതെന്ന് വിവരദോഷി മനസിലാക്കുന്നില്ല. അല്ലാഹു 'ഖർള ഹസ്ന'(നല്ല കടം) തനിക്ക് നൽകുകയെന്നു പറയുമ്പോൾ അല്ലാഹു പട്ടിണിയിലാണെന്ന് എങ്ങനെയാണ് വരുന്നത്?' അവിടന്ന് പറയുന്നു: 'ഇവിടെ കടം എന്നതിന്റെ വിവക്ഷിതം അത് മടക്കിതരുമെന്ന വാഗ്ദാനമുണ്ടെന്നതാണ്. അതായത് അതിനോടൊപ്പം വാഗ്ദാനമുണ്ട്.' അവിടന്ന് പറയുന്നു: 'അതോടൊപ്പം ദാരിദ്ര്യമെന്നത് കൂട്ടിച്ചേർക്കുകയാണ്. അതായത് ആക്ഷേപകൻ നിർധനൻ, ദാരിദ്ര്യം അല്ലാഹു ആവശ്യക്കാരനാണ് എന്നെല്ലാം സ്വന്തം നിലയ്ക്ക് കൂട്ടിചേർക്കുകയാണ് ചെയ്യുന്നത്. അല്ലാഹു ഒരിക്കലുംതന്നെ, താൻ പട്ടിണിയിലാണ്, നിർധനനാണ് അതുകൊണ്ട് തന്റെ ആവശ്യങ്ങൾക്ക് ചെലവഴിക്കാൻ നൽകണമെന്ന് പറയുന്നില്ല. അതേ സമയം, തന്റെദാസന്മാരെ സംബന്ധിച്ച് അല്ലാഹു പറയുന്നു, എന്റെദാസന്മാർ പട്ടിണിയിലാകുമ്പോൾ നിങ്ങൾ അവർക്ക് നൽകുകയും അവർക്കുവേണ്ടി ചെലവഴിക്കുകയുമാണെങ്കിൽ അതിന്റെവിവക്ഷിതം നിങ്ങൾ എനിക്കുവേണ്ടി ചെലവഴിച്ചു എന്നാകുന്നു.' ആ മഹാത്മാവ് പറയുന്നു: 'ഇവിടെ 'ഖർള ഹസ്ന' എന്നതിന്റെ വിവക്ഷിതം അല്ലാഹുവിന് സൽകർമങ്ങൾ നൽകാനാരുണ്ട് എന്നാകുന്നു. അല്ലാഹു അതിനുള്ള പ്രതിഫലം പലവട്ടങ്ങളായി വർധിപ്പിച്ചു മടക്കി നൽകുന്നതാണ്. അല്ലാഹുവിനുവേണ്ടി ചെയ്യുന്ന ഏതൊരു സൽക്കർമത്തിനും അല്ലാഹു അവന് വർധിപ്പിച്ച് പ്രതിഫലം നൽകുന്നതായിരിക്കും. കേവലം രൂപയുടേയും പണത്തിന്റേയും കാര്യമല്ല. പറയുന്നു, ഈ കാര്യം അല്ലാഹുവിന്റെ പ്രതാപത്തിന് അനുഗുണമാകുന്നു. അത്ദ ാസത്വത്തിന്റെ ശൃംഖലക്ക് പരിപാലനവുമായുള്ള ബന്ധമാണ്. ഇതേപറ്റി ചിന്തിച്ചാൽ, അല്ലാഹു ആരുടേയും നന്മയും പ്രാർഥനയുമില്ലാതെ, അവിശ്വാസിയും വിശ്വാസിയുമെന്ന വകഭേദമില്ലാതെ എല്ലാവരേയും സംരക്ഷിക്കുന്നു എന്നാണ് മനസ്സിലാകുക. കാഫിറാണോ മുഅ്മിനാണോ എന്ന് നോക്കാതെ അല്ലാഹു എല്ലാവരേയും പരിപാലിച്ചു പോരുന്നു. തന്റെ പരിപാലനത്തിന്റേയും ഔദാര്യത്തിന്റേയും അനുഗ്രഹത്താൽ എല്ലാവരേയും അനുഗ്രഹീതരാക്കുകയുംചെയ്യുന്നു, എന്നിരിക്കെ അവൻ ആരുടേയെങ്കിലും നന്മയെ എങ്ങനെയാണ് വൃഥാവിലാക്കുക. ആരുടേയും നന്മയും കർമവും പരിഗണിക്കാതെ അല്ലാഹു എല്ലാവരേയും സംരക്ഷിക്കുകയും എല്ലാവർക്കും നൽകുകയും ചെയ്യുന്നു, എന്നിരിക്കെ ആരെങ്കിലും നന്മകൾ ചെയ്താൽ, സൽകർമങ്ങൾ ചെയ്താൽ അവൻ എങ്ങനെയാണ് അത് പാഴാക്കിക്കളയുക? അവന് പ്രതിഫലം കൊടുക്കാതിരിക്കുക? അവന്റെ പ്രതാപം എന്നു പറയുന്നത് *മൻയ്യഅ്മൽ മിഥ്ഖാല ദർറത്തിൻ ഖയ്റൻയ്യറഹു* എന്നതാണ്. അതായത് ആരെങ്കിലും അല്പമെങ്കിലും നന്മ ചെയ്താൽ അതിന് പ്രതിഫലം നൽകുക എന്നതാകുന്നു. ഇനി ആരെങ്കിലും അല്പമെങ്കിലും തിന്മ ചെയ്താൽ അതിന്റെ തിക്തഫലവും അവർക്ക് ലഭിക്കുന്നതായിരിക്കും. ഈ ആയത്തിൽ പറയുന്ന കടം എന്നതിന്റെ യാഥാർഥ വിവക്ഷിതം ഇതാകുന്നു. കടം എന്നതിന്റെ യഥാർഥ അർഥം ഇതിൽ കണപ്പെടുന്നുണ്ട്. അതുകൊണ്ട് പറയുന്നു *മൻ ദല്ലദീ യുഖ് രിളുല്ലാഹ ഖർളൻ ഹസനൻ* (2:246) ഇതിന്റെ വിശദീകരണം *മൻയ്യഅ്മൽ മിഥ്ഖാല ദർറത്തിൻ ഖയ്റൻയ്യറഹു*(99:8) എന്നതാണ്. (മൽഫൂദാത്ത് വാല്യം 1, പേജ് 226–227)

അതായത് അൽപമെങ്കിലും നന്മ ചെയ്യുന്നവന് അല്ലാഹുവിന്റെ പക്കൽ പ്രതിഫലമുണ്ട്. അതിനാൽ അല്ലാഹുവിന്റെ ദീനിന്റെ പ്രചാരണത്തിനും സൃഷ്ടികളുടെ സേവനത്തിനുംവേണ്ടി സാമ്പത്തിക ത്യാഗം ചെയ്യുന്നതും ഒരു വലിയ നന്മയാകുന്നു. അല്ലാഹു ഒരിക്കലും അതിന് പ്രതിഫലം നൽകാതെ വിട്ടുകളയുകയില്ല. മറ്റൊരു സ്ഥലത്ത് അല്ലാഹു അതിനെ പരാമർശിച്ചിട്ടുണ്ട്. ധനത്യാഗത്തെ സംബന്ധിച്ച് ജമാഅത്തംഗങ്ങളേക്കാളും നന്നായി അറിയുന്നതാരാണ്? സകല തലങ്ങളിലുള്ള അഹ്മദികളും അല്ലാഹുവിനും അവന്റെ പ്രീതിക്കുംവേണ്ടി അവന്റെ മാർഗത്തിൽ ചെലവു ചെയ്യുമ്പോൾ അത് മനസ്സമാധാനത്തിന് കാരണമാകുന്നതിനോടൊപ്പം ഭൗതികമായ നിലയിലും അത്ഭുതകരമായ നിലയിൽ അല്ലാഹു പ്രസ്തുത തുക അതായത് അല്ലാഹുവിന്റെ മാർഗത്തിൽ നൽകിയത് മടക്കി കൊടുക്കുന്നു എന്നതിന് വ്യക്തിപരമായി അനുഭവമുള്ളവരുമായിത്തീരുന്നു. നിരവധി അഹ്മദികൾ ത്യാഗങ്ങൾ ചെയ്യുന്നു. അതായത് ത്യാഗം എന്ന നിലക്ക് ത്യാഗം ചെയ്യുന്നു. അവർ അല്ലാഹു തൃപ്തിപെടണമെന്ന് മാത്രം ആഗ്രഹിക്കുന്നവരാണ്. അതിന്റെ പ്രതിഫലം ഇഹലോകത്ത്, അല്ലെങ്കിൽ ഭൗതിക സമ്പത്തിന്റെ രൂപത്തിൽ കിട്ടുമെന്ന് അവർ മനസിൽപോലും കരുതുന്നില്ല. പക്ഷേ, താൻ ഏറ്റവും ഉത്തമമായ നിലക്ക് അത് മടക്കി നല്കുന്നതാണെന്ന് അല്ലാഹു പറയുന്നു. അങ്ങനെ അവൻ മടക്കി നൽകുകയും ചെയ്യുന്നു. ചിലയാളുകൾ മോശം അവസ്ഥ ആയിരുന്നിട്ടുകൂടി ത്യാഗങ്ങൾ ചെയ്യാറുണ്ട്. തങ്ങളുടെ ആവശ്യങ്ങൾ അല്ലാഹു ഏതെങ്കിലും നിലയിൽ പൂർത്തീകരിച്ചു നൽകുമെന്ന് അവർ പ്രത്യാശവച്ചു പുലർത്തുകയും ചെയ്യുന്നു. അല്ലാഹു അവരുടെ ആ പ്രതീക്ഷ പൂർത്തീകരിച്ചു കൊടുക്കുന്നു. അതെങ്ങനെ പൂർത്തീകരിച്ചുവെന്നതിൽ അവർ അത്ഭുതം കൂറുന്നു. പക്ഷേ, സദുദ്ദേശ്യത്തോടെ അല്ലാഹുവിന്റെ തൃപ്തി ലാക്കാക്കി ത്യാഗങ്ങൾ ചെയ്യണമെന്നതും ത്യാഗങ്ങളും മറ്റു കൽപനകളും നന്മകളും അവനുവേണ്ടി അനുഷ്ഠിക്കണമെന്നതുമാണ് നിബന്ധന. വെറും സമ്പത്ത് കൊടുത്തുകൊണ്ട്, താൻ വലിയ ത്യാഗം ചെയ്തുവെന്നും മറ്റു കടമകൾ നിറവേറ്റിയെന്നും ധരിക്കരുത്. മറ്റു നന്മകൾ ചെയ്യേണ്ടതും അനിവാര്യമാകുന്നു. അതല്ലാതെ കച്ചവടക്കാരെപ്പോലെ ലാഭം നേടണമെന്ന ചിന്തയിൽ സമ്പത്ത് ചെലവാക്കരുത്. അല്ലാഹുവിന്റെ മാർഗത്തിൽ നൽകിയാൽ പ്രതിഫലം ലഭിക്കുന്നതാണ്.

എന്തായാലും ഞാൻ ഈ സമയത്ത്, അല്ലാഹുവിന്റെ ഈ നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കുകയും അനുഗ്രഹം ലഭിക്കുകയും ചെയ്ത ചിലയാളുകളുടെ സംഭവങ്ങൾ കേൾപ്പിക്കാം. അവരിൽ ഭൂരിഭാഗവും ആത്മാർഥമായി അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗം ചെയ്തവരാകുന്നു. അത്ഭുതകരമായ നിലയിൽ അല്ലാഹു അവരുടെ ആവശ്യങ്ങൾ പൂർത്തിയാക്കുക മാത്രമല്ല ചെയ്തത്. മറിച്ച് വർധിപ്പിച്ച് നൽകുകയുംചെയ്തു. നിരവധിപേർ തങ്ങളുടേയും മക്കളുടേയും വിശപ്പ് എങ്ങനെ അകറ്റുമെന്ന കാര്യമാണ് ത്യാഗം ചെയ്തത്. എന്നാൽ, ഏതാനും നിമിഷങ്ങൾക്കകം അല്ലാഹു, അവരുടെ പക്കൽ ഉണ്ടായിരുന്നതിനേക്കാളും ഉപരിയായി അവരുടെ വിശപ്പ് അകറ്റാനുള്ള സംവിധാനം ഒരുക്കി. അത് അങ്ങനെ അവരുടെ വിശ്വാസത്തെ കൂടുതൽ ദൃഢീകരിക്കാൻ നിമിത്തമായി. ചുരുക്കത്തിൽ ഇവരാണ് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവർ. അതിന്റെ നിരവധി ഉദാഹരണങ്ങൾ നമുക്ക് അഹ്മദിയ്യാ ജമാഅത്തിൽ മാത്രമേ കാണാൻ കഴിയുകയുള്ളൂ.

ഗിനികൊണാക്രി(Guinea Conakry)യിലെ സ്വദ്റും മുബല്ലിഗ് ഇൻചാർജുമായ സാഹിബ് ഒരു സംഭവമെഴുതുന്നു: 'ഞാൻ കഴിഞ്ഞ വർഷം നൽകിയ വഖ്ഫെ ജദീദ് ഖുത്ബ മസ്ജിദിൽ വായിച്ചു കേൾപ്പിച്ചു. അതിൽ ഞാൻ സാമ്പത്തിക ത്യാഗത്തിന്റെ പ്രാധാന്യം അവതരിപ്പിച്ചിരുന്നു. അതിനോടനുബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണികളും സമർപ്പിച്ചിരുന്നു. അതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ), അല്ലാഹുവിലേക്ക് എത്താനുള്ള 5 മാർഗങ്ങളിൽ ഒരു മാർഗം 'ജിഹാദ് ബിൽമാൽ'(ധനം കൊണ്ടുള്ള ജിഹാദ്) ആണെന്ന് പറയുന്നുണ്ട്.' ഒരു ഹൃദയത്തിൽ രണ്ട് സ്നേഹങ്ങൾ ഒരുമിച്ചു കുടുകയില്ലെന്നും പറഞ്ഞിരുന്നു. അതായത് സമ്പത്തിനോടും അല്ലാഹുവിനോടുമുള്ള സ്നേഹം ഇതിന് പുറമേ മറ്റു സംഭവങ്ങളും ഞാൻ കേൾപ്പിച്ചിരുന്നു. അത് പൊതുവിൽ കേൾപ്പിക്കാറുള്ള ധനത്യാഗത്തെ സംബന്ധിച്ച് വിശ്വാസ വർദ്ധക സംഭവങ്ങളായിരുന്നു. അദ്ദേഹം പറയുന്നു, ജുമുഅ നമസ്കാരത്തിനുശേഷം ഒരു പാവപ്പെട്ട ആത്മാർഥനായ അഹ്മദി, മൂസാ ഖാബാ (Muossa Kaba)സാഹിബ് തന്റെ കീശയിലുണ്ടായിരുന്ന മുഴുവൻ തുകയും വളരെ ആത്മാർഥതയോടുകൂടി വഖ്ഫെ ജദീദിൽകൊടുത്തു. അദ്ദേഹമാകട്ടെ നേരത്തെ തന്നെ തന്റെ ചന്ദ കൊടുത്തു തീർത്തതായിരുന്നു. എത്ര തുകയാണെന്ന് ചോദിച്ചപ്പോൾ പറഞ്ഞു: 'ഞാൻ കീശയിലുള്ളത് മുഴുവൻ എടുത്ത് തന്നിട്ടുണ്ട്. നിങ്ങൾ തന്നെ എണ്ണി നോക്കുവിൻ. ഞാൻ ദൈവ സ്നേഹം കരസ്ഥമാക്കാൻ വേണ്ടി തന്നതാണ്. എണ്ണിക്കണക്കാക്കി തന്നതല്ല.' അത് എണ്ണി നോക്കിയപ്പോൾ അമ്പതിനായിരം ഫറാങ്ക് ഉണ്ടായിരുന്നു. അദ്ദേഹത്തോട് പറഞ്ഞു; 'ഇതിൽകുറച്ച് തുക താങ്കൾ തിരിച്ച് കൈയിൽവെച്ചുകൊള്ളുക. താങ്കൾക്ക് വീട്ടിൽ പോകണമല്ലോ? കീശയിലുള്ള മുഴുവൻ

തുകയും എടുത്ത് തന്നില്ലേ? യാത്രാകൂലി പോലും താങ്കളുടെ കൈയിൽ ഇല്ലല്ലോ?' അദ്ദേഹം പറഞ്ഞു: 'ഒരു ഹൃദയത്തിൽ രണ്ടു സ്നേഹം ഉണ്ടാകുക സാധ്യമല്ലെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത് താങ്കൾ കേട്ടില്ലേ? അതുകൊണ്ട് ഇന്ന് എന്നെ അല്ലാഹുവിന്റെ സ്നേഹത്തിന്റെ താങ്ങിൽ ജീവിക്കാൻ അനുവദിക്കുക. അങ്ങനെ അദ്ദേഹം സന്തോഷപൂർവ്വം കാൽനടയായി വീട്ടിലേക്ക് പോയി.

ഈ കാഴ്ച കണ്ടപ്പോൾ മുബല്ലിഗ് സാഹിബ് എഴുതുന്നു: 'അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദിന്(അ) എത്ര മാത്രം ആത്മാർഥതയുള്ള ജമാഅത്തിനെയാണ് നൽകിയതെന്നോർത്ത് ഹൃദയം ദൈവസ്തുതിയാൽ ഭരിതമാകുന്നു. ആളുകൾ ഖുത്ബകൾ കേട്ടതിനുശേഷം തങ്ങൾ കേട്ടുവെന്ന് പറയുന്നവരുണ്ട്. എന്നാൽ, ചിലർ വളരെ ശ്രദ്ധാപൂർവ്വം കേൾക്കുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ) രണ്ട് സ്നേഹങ്ങൾ ഹൃദയത്തിൽ ഒരുമിച്ച് കൂടുകയില്ലെന്ന് പറഞ്ഞത് മനസിൽ കുറിച്ചിടുകയും തന്റെ കീശയിലുള്ള പണത്തോടു സ്നേഹം തുടരുന്നത് ശരിയല്ലെന്ന് കരുതി അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. തങ്ങൾക്ക് മനസിലാകുന്നില്ലെന്ന് ആളുകൾ പറയാറുണ്ട്. ഇതിനെയാണ് ആഴത്തിൽകാര്യങ്ങൾ കേൾക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക എന്ന് പറയുന്നത്. എത്ര അത്ഭുതകരമായ ത്യാഗത്തിന്റെ കാഴ്ചകളാണ്? എല്ലാ അവസ്ഥകളിലും അല്ലാഹുവിനോടുള്ള കൂറിന്റെ ശപഥം പാലിക്കുകയും പരാതിപ്പെടാതിരിക്കുകയും ചെയ്യുക എന്നതും ബയ്അത്തിന്റെ നിബന്ധനകളിലുള്ളതാണ്. അതു കൊടുത്തപ്പോൾ ത്യാഗത്തിന്റെ സന്തോഷമുണ്ടാകുന്നു. കൂറോടുകൂടി ത്യാഗം ചെയ്യാൻ സന്നദ്ധരാകുന്നു. തങ്ങൾ ലോകത്തുനിന്ന് ജമാഅത്തിന്റെ പേര് മായ്ച്ചുകളയുമെന്ന് നമ്മുടെ ശത്രുക്കൾ പറയുന്നു. എന്നാൽ, ഇത്തരത്തിൽ അല്ലാഹുവിനോട് സ്നേഹവും കൂറും കാണിക്കുന്നവരെ ഇല്ലാതാക്കാൻ ആർക്കാണ് കഴിയുക? അല്ലഹു ഇത്തരത്തിൽ സ്നേഹിക്കുന്നവരെ തന്നോടു ചേർത്തു പിടിക്കുന്നു. അപ്പോൾ പിന്നെ ശത്രുക്കളുടെ പൊടിപോലും കാണുന്നതല്ല.

★ ഫ്രാൻസിലെ അഹ്മദിയ്യാ ജമാഅത്തിലുള്ള ഡനീവ സാഹിബ(Dieneba) എന്ന വനിത ഏതാനും വർഷം മുമ്പേയാണ് ബയ്അത്ത് ചെയ്തത്. കുടുംബവുമായി അവർക്ക് ഒരുപാട് ബുദ്ധിമുട്ടുക ളുണ്ട്. അവർ പറയുന്നു: 'ഞാൻ സാമ്പത്തിക ത്യാഗത്തിൽ അത് വഖ്ഫെ ജദീദോ, തഹ്‌രീക്കെ ജദീദോ മസ്ജിദ് ഫണ്ടോ ആണെങ്കിലും ശരി പങ്കെടുക്കാൻ ശ്രമിച്ചിട്ടുണ്ട്. ചന്ദകളുടെ അനുഗ്രഹം എന്റെ കണ്ണുകൾ കൊണ്ട് ഞാൻ കണ്ടിട്ടുണ്ട്.' അവർ പറയുന്നു: 'ഈ വർഷം വഖ്ഫെ ജദീദ് ചന്ദ കൊടുക്കുമ്പോൾ എന്റെ അവസ്ഥ എന്തായിരുന്നുവെന്നുവച്ചാൽ, വളരെ കാലമായി ഒരു നല്ല ജോലിക്ക് ശ്രമിക്കുകയായിരുന്നു. എന്നാൽ, ജോലിയൊന്നും ശരിയാകുന്നുണ്ടായിരുന്നില്ല. ഞാൻ വഖ്ഫെ ജദീദ് ചന്ദഃ കൊടുത്ത ദിവസം പത്തു മിനിറ്റ് കഴിഞ്ഞയുടൻതന്നെ ഒരു വലിയ കമ്പനിയിൽ ജോലി കിട്ടിയിരിക്കുന്നു എന്ന് പറഞ്ഞ് അവർ മുഖേന അറിയിപ്പ് നൽകുകയുണ്ടായി. അവർ പറയുന്നു; ഈ ചന്ദകൾ കൊടുത്ത ഉടൻ തന്നെ ജോലി ലഭിച്ചത് എന്നെ സംബന്ധിച്ചിടത്തോളം തീർച്ചയായും അല്ലാഹുലിൽ നിന്നുള്ള അടയാളമാണ്.'

ഖസാഖ്സ്താൻ (Kazakhstan)ലെ മുബല്ലിഗ് എഴുതുന്നു: 'തദ്ദേശ മുഅല്ലിം ജസ്‌ലാൻ സാഹിബിന്റെ ഭാര്യ ഏതാനും വർഷം മുമ്പേയാണ് ബയ്അത്ത് ചെയ്തത്. ഇപ്രാവിശ്യം വാർഷികം പൂർത്തിയായപ്പോൾ ഏഴായിരം ടെൻങ്കേ അതായത് പ്രാദേശിക കറൻസി തഹ്‌രീക്കെ ജദീദിലും വഖ്ഫെ ജദീദിലും പപ്പാതിയായി കൊടുത്തു. അവർ പറയുന്നു: 'ഈ തുക കൊടുത്ത് ഒരാഴ്ച കഴിഞ്ഞപ്പോൾത്തന്നെ എനിക്ക് എഴുപതിനായിരം ടെൻങ്കേ ലഭിച്ചു. എനിക്ക് അതിനെക്കുറിച്ച് പ്രതീക്ഷപോലും ഇല്ലായിരുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗം ചെയ്തപ്പോൾ അവൻ അത് പത്തിരട്ടിയായി മടക്കിത്തന്നു. ചിലയാളുകൾ, നമുക്കെന്തുകൊണ്ട് ഇങ്ങനെ ഉണ്ടാകുന്നില്ല? ഇത്തരം സംഭവം നമുക്കെന്തുകൊണ്ട് ഉണ്ടായില്ല എന്ന് പറയാറുണ്ട്. അവർ ഇസ്തിഗ്ഫാർ ചെയ്യേണ്ടതാണ്. ആത്മാർഥമായി അല്ലാഹുവിന് വേണ്ടിയാണോത്യാഗം ചെയ്തതെന്ന് തങ്ങളുടെ ഹൃദയങ്ങളെ സംബന്ധിച്ച് പരിശോധിക്കേണ്ടതാണ്. അങ്ങനെ ആത്മാർഥതയോടെ ആണെങ്കിൽ പിന്നെ പരാതി ഉണ്ടാകാനും പാടില്ല. അല്ലാഹു ത്യാഗത്തിന് സൗഭാഗ്യം തന്നിരിക്കുന്നു എന്നതിൽ സന്തോഷിക്കുകയാണ് വേണ്ടത്. അല്ലാഹു തരാനുള്ളതാണെങ്കിൽ ഏതു മാർഗത്തിലൂടെയായാലും അവൻ തരുന്നതാണ്. ഒരുപക്ഷേ, ഇന്നല്ലെങ്കിൽ നാളെ തരുമായിരിക്കും. എന്നാൽ, നിയ്യത്തുതന്നെ ഇത്തരത്തിലാണെങ്കിൽ പിന്നെ അവർക്ക് പരാതിയുമുണ്ടാകും. പിന്നെ അവർക്ക് നമസ്കാരവും ഭാരമായി അനുഭവപ്പെടുന്നതാണ്.

മോസ്കോയിലുള്ള ഒരു അഹ്മദി സ്നേഹിതൻ അബ്ദുർറഹീം സാഹിബ് പറയുന്നു: 'ജോലിയുടെ കാര്യത്തിൽ എപ്പോഴും ഞാൻ നിർഭാഗ്യനായിരുന്നു. ജോലി എവിടെ ലഭിച്ചാലും അവിടെ നിന്നുള്ള വരുമാനം വളരെ കുറവായിരുന്നു. കുടുംബ ചെലവുകൾ വളരെ പ്രയാസത്തിലായിരുന്നു നീങ്ങിയത്. ഒരിക്കൽ ഒരുമാസത്തെ ശമ്പളവും കിട്ടിയില്ല. പിന്നെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ ശമ്പളം വർധിക്കാൻ തുടങ്ങി. ഇത് ഞാൻ ചന്ദകൾ കൃത്യമായി അടക്കുന്നതിന് അല്ലാഹുവിൽ നിന്നുള്ള സൂചനയാണെന്ന് ഞാൻ മനസിലാക്കി. അങ്ങനെ ഞാൻ ചന്ദകളും കൃത്യമായി കൊടുക്കാൻ തുടങ്ങി. അവ കൃത്യമായി കൊടുത്തപ്പോൾ അല്ലാഹു കൂടുതലായി അനുഗ്രഹിച്ചു. ഞാൻ 2 വർഷമായി പ്രതീക്ഷിച്ചിരുന്ന ഒരു ജോലി എനിക്ക് ലഭിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോൾ എനിക്ക് വഖ്ഫെ ജദീദ് ചന്ദ കൊടുക്കാനും തൗഫീഖ് ലഭിച്ചിരിക്കുന്നു. ചന്ദകൾ കൃത്യമായി കൊടുത്താൽ അല്ലാഹു വരുമാനത്തിൽ വർധന ഉണ്ടാക്കുമെന്നും വരുമാനത്തിനുള്ള സ്ഥായിയായ സംവിധാനമുണ്ടാക്കുമെന്നുമുള്ള സവിശേഷമായ തിരിച്ചറിവ് എനിക്ക് ലഭിച്ചിരിക്കുന്നു. ഞാൻ അല്ലാഹുവിനോട് ഏറെ നന്ദിയുള്ളവനാകുന്നു. അവൻ എനിക്ക് ജമാഅത്തിലെ ചന്ദകൊടുക്കുന്നവരിൽ ഭാഗഭാക്കാകാൻ തൗഫീഖ് നൽകിയിരിക്കുന്നു.

സിയറ ലിയോണിലെ(Sierra Leone) വാട്ടർലൂ (Waterloo) റീജ്യണിലെ മുബല്ലിഗ് ഇഫ്തിഖാർ സാഹിബ് പറയുന്നു: വഖ്ഫെ ജദീദ് ചന്ദ: പിരിക്കുന്നതിന് വിവിധ ജമാഅത്തുകളിൽ ഞാൻ പര്യടനം നടത്തി. ചന്ദയുടെ പ്രാധാന്യം മനസ്സിലാക്കിത്തരുന്നതിൽഞങ്ങളുടെ ഭാഗത്തുനിന്ന് അലംഭാവം ഉണ്ടായിരിക്കുന്നുവെന്ന് ജമാഅത്തംഗങ്ങളോട് പറഞ്ഞു. തഹ്‌രീക്കെ ജദീദ് ചന്ദയുടെ വിളംബര സമയത്ത് ഞാൻ സിയറ ലിയോണിൽ ഒരുപാട് സാധ്യതയുണ്ടെന്നും പൊട്ടൻഷ്യൽ(potential) ആണെന്നും ചന്ദകളിൽ വർധന സാധ്യമാണെന്നും പറഞ്ഞിരുന്നു. എന്തായാലും അദ്ദേഹം എന്റെ 'സിയറ ലിയോൺ ജമാഅത്ത് വളരെ പഴക്കമുള്ളതും വളരെ വലിയതുമായ ജമാഅത്താണെന്നും ജമാഅത്തംഗങ്ങൾ ത്യാഗത്തിന് സന്നദ്ധരാണെന്നും ഭാരവാഹികളാണ് അലംഭാവം കാണിക്കുന്നതെന്നുമുള്ള സന്ദേശവുമായി ജമാഅത്തുകളിൽപോയി. അവരോടു അത് പറഞ്ഞു. അദ്ദേഹം പറയുന്നു: ഈ സന്ദേശം കേട്ടപ്പോൾ ജമാഅത്തംഗങ്ങളിൽ ഒരു ആവേശവും താൽപര്യവും ഉണ്ടാകുകയും അവർ വഖ്ഫെ ജദീദ് ചന്ദ:: മാത്രമല്ല മറ്റു ചന്ദകളും വർധനവോടുകൂടി അടക്കുകയും ചെയ്തു. ന്യൂട്ടൺ(Newton) എന്നൊരു സ്ഥലമുണ്ട്. അവിടെയുള്ള 18 കുടുംബങ്ങളുമായി ബന്ധപ്പെട്ടപ്പോൾ 13 ലക്ഷം ലിയോൺ ഒരു ദിവസംതന്നെ പിരിയുകയുണ്ടായി. രണ്ട് അഹ്മദീ സ്കൂൾ വിദ്യാർഥികൾ മൂന്നുലക്ഷം ലിയോൺ ഒരൊറ്റ ദിവസംതന്നെ വഖ്ഫെ ജദീദിൽ അടക്കുകയുണ്ടായി. പിന്നീട് രണ്ട് ലക്ഷം ലിയോണും കൂടുതലായി അടക്കുകയുണ്ടായി. ന്യൂട്ട (Newton) ണിൽ ഒരു പെൺകുട്ടി മുസ്‌ലിമ ഫോഫോന (Fofanah) അമ്പതിനായിരം ലിയോൺ കൊടുത്തുകൊണ്ട് പറഞ്ഞു: 'ഖലീഫത്തുൽ മസീഹിന്റെ സവിധത്തിൽ ദുആക്കുവേണ്ടി അപേക്ഷിക്കണം.' അദ്ദേഹം പറയുന്നു: 'തങ്ങൾ ചന്ദ കൊടുക്കാൻ കൂലിപ്പണി ചെയ്യുകയും അങ്ങനെ കിട്ടിയ 50,000 ലിയോൺ വഖ്ഫെ ജദീദിൽ കൊടുക്കുകയും ചെയ്തുവെന്ന് 5 വിദ്യാർഥികൾ എന്നോട് പറഞ്ഞു. ഇവരാണ് ഖലീഫത്തുൽ മസീഹിന്റെ കൽപ്പനയ്ക്ക് ലബ്ബയ്ക്ക് പറയുന്നവർ. അവർ ഒരിക്കലും എന്നെ കണ്ടിട്ടില്ല. മുഖാമുഖം ഇരുന്നിട്ടില്ല. പക്ഷേ, അവരുടെ ഹൃദയങ്ങളിൽ ഖിലാഫത്തിനോട് സ്നേഹവും ആദരവുമുണ്ട്. അതുകൊണ്ടുതന്നെ അല്ലാഹുവിനുവേണ്ടി എല്ലാത്തരം ത്യാഗത്തിനും സന്നദ്ധരാണ്. ഇനി ന്യൂട്ടൺ ജമാഅത്തിലെ ഇതേ സ്നേഹത്തിന്റെ മറ്റൊരു ഉദാഹരണം കാണുക. ഞാൻ S.Bah (ബാഹ്) എന്ന അഹ്മദിയുടെ വീട്ടിൽ പോയി ചന്ദയെ പറ്റി പറഞ്ഞു. സിയറ ലിയോൺ ജമാഅത്ത് ത്യാഗങ്ങൾക്ക് തയ്യാറാണെന്ന ഖുത്ബയുടെ ഉദ്ധരണി കേൾപ്പിച്ചു. അപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞു: അതായത് വളരെ വികാരഭരിതയായി പറഞ്ഞു: 'ഖലീഫത്തുൽ മസീഹ് പറഞ്ഞത് വളരെ ശരിയാണ്. പക്ഷേ, ഇന്ന് ഞങ്ങളുടെ വീട്ടിൽ ഒന്നുമില്ലെന്നതാണ് ഒരു നിർബന്ധിതാവസ്ഥ. അങ്ങനെ ഇരിക്കുമ്പോൾ എവിടെനിന്നോ അപ്രതീക്ഷിതമായി ഒരു തുക കിട്ടുകയുണ്ടായി. അവർ അപ്പോൾത്തന്നെ മാൽ സെക്രട്ടറിയോട് തങ്ങളുടെ ചന്ദയുടെ രസീത് മുറിക്കാൻ പറഞ്ഞു. എണ്ണി നോക്കിയപ്പോൾ അതിൽ രണ്ട് ലക്ഷം ലിയോൺ ഉണ്ടായിരുന്നു. അവർ അത് മുഴുവനും ചന്ദയിൽ കൊടുത്തു. അതുകൊടുത്ത് അതിൽ അവർ സംതൃപ്തയും സന്തോഷവതിയുമായിരുന്നു. നിങ്ങൾ വന്നത് ശരിയായ സമയത്തല്ലെന്നോ ഞങ്ങൾക്കുതന്നെ ആവശ്യമുള്ള സമയമായിരുന്നു അതെന്നോ കിട്ടിയ പൈസ നിങ്ങൾ കൊണ്ടുപോകുകയാണെന്നോ തുടങ്ങിയ ഒരു പരാതിയും പറഞ്ഞില്ല. അദ്ദേഹം പറയുന്നു: ഞാൻ അവരോട് പറഞ്ഞു: ഈ തുകയിൽ വീട്ടിലെ ചെലവിനു വേണ്ടിയും കുറച്ച് വെച്ചുകൊള്ളുക. അപ്പോൾ അവർ പറഞ്ഞു: 'ഇനി ഒന്നുമില്ല. വന്ന പണം ചന്ദയിൽതന്നിരിക്കുന്നു. ഒരു പ്രശ്നവുമില്ല.' എന്നാൽ, അല്ലാഹുവും കടം വെക്കുന്നവനല്ല. കുറച്ചുസമയത്തിനകംതന്നെ മറ്റൊരിടത്തുനിന്ന് ഒരു തുകവന്നു. അത് വലിയ തുകയായിരുന്നു. അങ്ങനെ അവരുടെ ഭക്ഷണത്തിനുള്ള സംവിധാനവുമുണ്ടായി.

കിർഗിസ്ഥാൻ(Kyrgyzstan)നിലെ മുബല്ലിഗ് എഴുതുന്നു: വളരെ ആത്മാർഥമായ കിർഗിസ്ഥാൻ അഹ്മദി കുബാത്ത്(Kubat) സാഹിബ്

ബിഷേകേക്(Bishkek) എന്ന സ്ഥലത്താണ് താമസിക്കുന്നത്. അദ്ദേഹം പറയുന്നു: ഞാൻ വഖ്ഫെ ജദീദിൽ 1000 സോം കൊടുക്കാമെന്ന് വാഗ്ദാനം ചെയ്തിരുന്നു. സോം കിർഗിസ്ഥാനിലെ കറൻസിയാണ്. സാമ്പത്തിക വർഷം അവസാനിക്കുന്നതിന് ഒരു മാസം മുമ്പേ ഞങ്ങളുടെ ജമാഅത്ത് സ്വദ്ർ സാഹിബ് ഖുത്ബയിൽ വഖ്ഫെ ജദീദ് ചന്ദയുടെ പ്രാധാന്യത്തെപ്പറ്റി വെളിച്ചം വീശിയിരുന്നു. അദ്ദേഹം ഖുത്ബയിൽ നമ്മുടെ ഖലീഫത്തുൽ മസീഹിന്റെ കഴിഞ്ഞ ഖുത്ബയിലുള്ള സംഭവങ്ങൾ വായിച്ചു കേൾപ്പിച്ചിരുന്നു. പറയുന്നു: 'ഞാൻ വാഗ്ദാനം ചെയ്ത ആയിരം സോമിൽ അതുവരെ 200 സോ മാത്രമാണ് അടച്ചിരുന്നത്. എന്നാൽ, അന്നുതന്നെ എനിക്ക് മുഴുവൻ തുകയും അടക്കാൻ തൗഫീഖ് ലഭിച്ചു. എന്റെ രോഗിണിയായ ഒരു സഹോദരിക്ക് സർക്കാർ എല്ലാ മാസവും 4000 സോം കൊടുക്കുന്നുണ്ട്. അന്ന് ഞാൻ ജുമുഅക്കുശേഷം എന്റെ സഹോദരിയുടെ പെൻഷൻ വാങ്ങാൻ പോയപ്പോൾ, എടി എം മെഷീനിൽ ഞാൻ കാർഡ് ഇട്ടപ്പോൾ അക്കൗണ്ടിൽ 10000 സോം ഉണ്ടായിരുന്നു. ഒരാഴ്ച മുമ്പോ എന്റെ മാതാവ് സർക്കാറിന് തങ്ങളുടെ ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ പ്രയാസമുണ്ടെന്നും അതുകൊണ്ട് അലവൻസ് കൂട്ടണമെന്നും പറഞ്ഞു കത്തെഴുതിയിരുന്നു. ഞാൻ കരുതിയത് സർക്കാർ പ്രസ്തുത തുക നൽകിയതായിരിക്കുമെന്നാണ്. എന്നാൽ, അദ്ദേഹം പറയുന്നു: ഇന്ന് ഡിസംബർ 29 ന് സർക്കാറിൽ നിന്നു ഫോൺ വന്നു. ഞങ്ങൾ വാഗ്ദാനം ചെയ്ത പ്രകാരം നിങ്ങൾക്ക് 5,000 സോം നൽകുന്നതാണ്. അങ്ങനെ അധികമായി 5000 സോം ലഭിച്ചു. ഞങ്ങൾ അതുകൊണ്ട് ചന്ദയും കൊടുത്തു. നേരത്തെ ചെലവായതും ചെലവാക്കിയതും അതിൽനിന്ന് എടുക്കുകയും ചെയ്തു. അദ്ദേഹം പറയുന്നു: 'ഞങ്ങൾ എത്രയും വേഗം ചന്ദ കൊടുത്തിരുന്നു. അതിന്റെ അനുഗ്രഹ ഫലമായി വന്ന പൈസ എവിടെനിന്നാണെന്ന് ഞങ്ങൾക്കറിയില്ലായിരുന്നു. ഏതായാലും ഞങ്ങളുടെ അക്കൗണ്ടിൽ പണം വന്നിട്ടുണ്ട്. ബാങ്കുകാർ പറഞ്ഞു: 'അത് നിങ്ങളുടെതന്നെ തുകയാണ്. ഞങ്ങൾക്ക് അതുമായി ഒരു ബന്ധവുമില്ല.' ഈ ത്യാഗങ്ങൾ പിന്നീട് ഈമാനിൽ പുരോഗതിക്ക് നിമിത്തമായിമാറുന്നു.

ടൻസാനിയ(Tanzania) അമീർ സാഹിബ് പറയുന്നു: സൻജ്ബാർ(Zanzibar) ജമാഅത്തിൽ ഖയ്ർ റശീദി സാഹിബ് എന്നൊരാളുണ്ട്. വഖ്ഫെ ജദീദിന്റെ വർഷാവസാനം അദ്ദേഹത്തെ ഓർമപ്പെടുത്തി. അദ്ദേഹം എഴുതുന്നു: ഈ ഓർമപ്പെടുത്തിയ സമയത്ത് എനിക്ക് ജോലിയോ എന്റെ കൈയിൽ പൈസയോ ഇല്ലായിരുന്നു. എന്നാൽ, എന്റെ പേരും പൂർണമായി അടച്ചു കൊടുത്തവരുടെ കൂട്ടത്തിൽ എഴുതാൻ ഞാൻ മുറബ്ബി സാഹിബിനോട് പറഞ്ഞിരുന്നു. അല്ലാഹു തന്നെ സംവിധാനമൊരുക്കുന്നതാണ്. അദ്ദേഹം പറയുന്നു: രണ്ടു ദിവസം കഴിഞ്ഞതേയുള്ളൂ എനിക്ക് ഡ്രൈവറായി ജോലികിട്ടി. ആദ്യത്തെ ദിവസത്തെ വേതനം കൊണ്ടുതന്നെ ഞാൻ എന്റേയും മക്കളുടെയും വഖ്ഫെ ജദീദ് ചന്ദ വളരെ എളുപ്പത്തിൽ കൊടുത്തുതീർത്തു. ചന്ദ കൊടുക്കാനുള്ള നിയ്യത്ത് ഉണ്ടായിരുന്നതുകൊണ്ട് സ്ഥിരം വരുമാനത്തിനും എനിക്ക് സംവിധാനമായി. നോക്കുക ഇത്തരം കാര്യങ്ങൾ കാരണം ഞങ്ങളുടെ ഈമാനും ദൃഢഗാഢമാകുകയാണ് ചെയ്യുന്നത്.

ടൻസാനിയ അമീർ സാഹിബ് എഴുതുന്നു: അറീങ്കാ റീജ്യണിലെ ത്വാഹാ സാഹിബ് പറയുന്നു: ഈ വർഷം എനിക്ക് വഖ്ഫെ ജദീദ് ചന്ദയുമായി ബന്ധപ്പെട്ട് അനിതരസാധാരണമായ അനുഗ്രഹങ്ങൾ കാണാൻ സന്ദർഭമുണ്ടായി. അദ്ദേഹം പറയുന്നു: വഖ്ഫെ ജദീദ് ചന്ദ: വാഗ്ദാനം ആറ് ലക്ഷം ഷില്ലിംഗ്(ടവശഹഹശിഴ) ആയിരുന്നു. നവംബറിലെ സാമ്പത്തിക ഞെരുക്കങ്ങൾ കാരണം അദ്ദേഹം എനിക്ക് കത്തെഴുതി, 'പൊതുവിൽ രാജ്യത്തിന്റേയും കച്ചവടത്തിന്റേയും അവസ്ഥമോശമാണ്. അതുകൊണ്ട് അല്ലാഹു തന്ന തൗഫീഖ് കൊണ്ട് വഖ്ഫെ ജദീദ് വാഗ്ദാനം പൂർണമായും കൊടുക്കാൻ കഴിയാൻ ദുആചെയ്യണം.' ഇവർ എനിക്ക് കത്തയക്കുന്നത് തങ്ങളുടെ സ്വകാര്യ ആവശ്യങ്ങൾക്കു വേണ്ടി മാത്രമല്ല. മറിച്ച് തങ്ങളുടെ ചന്ദ: പൂർത്തീകരിക്കാൻ കഴിയുമോ എന്ന ആശങ്കയോടെയും ദുആചെയ്യണമെന്ന് പറഞ്ഞ് കത്തയക്കുന്നു.

ഇനി തങ്ങളുടെ സ്വകാര്യ ആവശ്യങ്ങൾ പൂർത്തീകരിക്കാനല്ല. മറിച്ച് ചന്ദകൾ പൂർത്തിയാക്കാൻ തൗഫീഖ് കിട്ടുന്നതിനുവേണ്ടി നമസ്കാരങ്ങളും തഹജ്ജുദുകളും അനുഷ്ഠിക്കുന്ന ചില സംഭവങ്ങളുമുണ്ട്. അദ്ദേഹം പറയുന്നു: കത്തയച്ചപ്പോൾ ഇൻശാ അല്ലാഹ് സംവിധാനമുണ്ടാകുമെന്ന ഒരു സമാധാനം മനസ്സിലുണ്ടായി. കത്തെഴുതി 24 മണിക്കൂർ കഴിഞ്ഞിട്ടുണ്ടാകും. ഏതോ റഫറൻസ് കാരണം എന്റെ ഒരു സുഹൃത്ത് കച്ചവട സംബന്ധമായി അഭിപ്രായംആരായാനും കൺസൾട്ടേഷനും (consultation)വേണ്ടി എന്റെ അടുത്തു വന്നു. അപ്പോഴാണ് 15 വർഷം മുമ്പേ ഞങ്ങൾ സഹപാഠികളായിരുന്നുവെന്ന് മനസ്സിലാകുന്നത്. അദ്ദേഹവുമായി ജോലിസംബന്ധമായുള്ള സംസാരം നടന്നു. പിന്നെ എനിക്ക് അദ്ദേഹം മുഖേന ഒരു കോൺട്രാക്ട് കിട്ടി. അത് 6 മില്യൺ ഷില്ലിംഗ്(Shilling)ന്റെ കോൺട്രാക്ട് ആയിരുന്നു. അല്ലാഹു എന്റെ വാഗ്ദാനത്തെക്കാളും പലമടങ്ങ്, 10 ഇരട്ടി തുകയ്ക്കുള്ള സംവിധാനമുണ്ടാക്കി. 6 ലക്ഷത്തെ 6 മില്യനാക്കി. അഡ്വാൻസ് കിട്ടിയതും ഏറ്റവുമാദ്യം ഞാൻ വഖ്ഫെ ജദീദിന്റെ വാഗ്ദാനം പൂർത്തിയാക്കി. സെൻജബാറിലെ ഒരു നവഅഹ്മദി ജുമുഅ സാഹിബ് ഉണ്ട്. പച്ചക്കറി മാർക്കറ്റിലാണ് ജോലി ചെയ്യുന്നത്. കൂലിപ്പണിയാണ്. അദ്ദേഹം പറയുന്നു: വഖ്ഫെ ജദീദ് വാഗ്ദാനം കൊടുക്കുന്നത് സംബന്ധിച്ച് ആഹ്വാനമുണ്ടായപ്പോൾ, ആ ദിവസങ്ങളിൽ സാധനങ്ങൾ വന്നുപോകുന്നത് തടസ്സപ്പെട്ടു കിടക്കുകയായിരുന്നു. ഇദ്ദേഹം കയറ്റിയിറക്ക് ജോലിയാണ് ചെയ്യുന്നത്. സാമ്പത്തികാവസ്ഥ ഞെരുക്കത്തിലായിരുന്നു. ഞാൻ നേരത്തെ പറഞ്ഞപോലെ ഈ കൂലിവേല ചെയ്യുന്ന മനുഷ്യൻ തഹജ്ജുദിൽ ദുആ ചെയ്യുകയാണ്. അതായത് തന്റെ സ്വകാര്യാവശ്യങ്ങൾ പൂർത്തിയാകാനും വയറുനിറയാനുമല്ല. മറിച്ച് കുറച്ചു ദിവസം ഞാൻ തഹജ്ജുദിൽ ചന്ദകൾ കൊടുത്തു വീട്ടാൻ കഴിയുന്നതിന് അല്ലാഹുവിനോട് പ്രത്യേകം ദുആചെയ്തു. തഹജ്ജുദിൽ എണീറ്റ് ദുആ ചെയ്തത് സാമ്പത്തിക ത്യാഗത്തിൽ പിന്നിലായി പോകാതിരിക്കാൻ അല്ലാഹു തൗഫീക്ക് നൽകണം എന്നതുകൊണ്ടു മാത്രമായിരുന്നു. അങ്ങനെ അടഞ്ഞുകിടന്ന കച്ചവടം വഖ്ഫെ ജദീദ് വർഷം അവസാനിക്കുന്നതിനു മൂന്നു ദിവസം മുമ്പേ വീണ്ടും തുടങ്ങി. ഏകദേശം മൂന്നുലക്ഷം ഷില്ലിംഗ് വരുമാനമുണ്ടായി. അതുകൊണ്ട് എന്റേയും മക്കളുടെയും ചന്ദ: കൊടുക്കുന്നതിന് തൗഫീഖ് ലഭിച്ചു. എന്റെയും മക്കളുടേയും ജീവിതച്ചെലവിനുള്ള വക കിട്ടിയെന്നല്ല. മറിച്ച് എന്റേയും മക്കളുടേയും ചന്ദ: കൊടുക്കാൻ കഴിഞ്ഞുവെന്നാണ് പറയുന്നത്.അദ്ദേഹം പറയുന്നു: 'ബയ്അത്ത് ചെയ്തശേഷം ചന്ദകൾ കൊടുത്തത് കാരണം അല്ലാഹു എന്റെ സമ്പത്തിൽ നല്ല പുരോഗതിയാണ് നൽകി അനുഗ്രഹിച്ചിട്ടുള്ളത്.' ഇവർക്കുള്ള ആശങ്ക ചന്ദ: കൊടുക്കുന്നതിനെ പറ്റിയാണ്. ഞാൻ പറഞ്ഞതുപോലെ തഹജ്ജുദിൽ കരഞ്ഞു ദുആചെയ്യുന്നതും അല്ലാഹു ചന്ദ: കൊടുക്കാൻ തൗഫീഖ് നൽകണെ എന്നു മാത്രമാണ്. ലൗകികനായ ഒരു വ്യക്തി ഇതു കേൾക്കുമ്പോൾ ബുദ്ധിശൂന്യമായ പ്രവർത്തിയാണെന്ന് പറയുമായിരിക്കും. എന്നാൽ, ലൗകികവാദികളുടെ കണ്ണിൽ ബുദ്ധിശൂന്യരായ ഇവരെത്തന്നെയാണ് അല്ലാഹു സ്നേഹിക്കുന്നത്. പിന്നെ അവരുടെ ആവശ്യങ്ങൾ സ്വയം പൂർത്തിയാക്കികൊടുക്കുകയും ചെയ്യുന്നു.

റിപ്പോർട്ടുകളിൽ അത്ഭുതകരമായ സംഭവങ്ങളാണ് കാണാൻ കഴിയുന്നത്. ഗാംബിയാ (Gambia)യിലെ അമീർ സാഹിബ് എഴുതുന്നു: 'നോർത്ത് ബങ്ക് റീജ്യണിലുള്ള ഒരു ഗ്രാമത്തിലെ ഇബ്റാഹീം സാഹിബ് വളരെ വിജയിയായ കച്ചവടക്കാരനാണ്. ജനങ്ങൾ തങ്ങളുടെ സൂക്ഷിപ്പുമുതലും മറ്റും അദ്ദേഹത്തിന്റെ പക്കൽ വെച്ചിരുന്നു. ആ സമയത്ത് അദ്ദേഹം അനഹ്മദി ആയിരുന്നു. ചില കാരണവശാൽ അദ്ദേഹം പെട്ടെന്ന് മാനസികരോഗിയായി. അദ്ദേഹമാണെങ്കിൽ കച്ചവടം നിലനിറുത്താൻ ജനങ്ങൾ സൂക്ഷിക്കാൻ വെച്ച സാധനങ്ങളും ചെലവാക്കിയിരുന്നു. സൂക്ഷിപ്പ് മുതലുകൾ കൊടുത്തു വീട്ടാൻ കഴിയില്ലെന്ന് വന്നപ്പോൾ അദ്ദേഹം തന്റെ സ്വദേശമായ ഗിനികൊണാക്രിയിലേക്ക് പോയി. രാജ്യംവിട്ട് ഓടിപ്പോയി. മൂന്നു വർഷം അവിടെ നിന്നു. പിന്നീട് തിരിച്ച് പോകാൻ തീരുമാനിച്ചു. മനസ്സിൽ നന്മ ഉണ്ടായിരുന്നു. തിരിച്ചുപോയി അവസ്ഥകളെ നേരിടാമെന്നും ജനങ്ങളുടെ കടങ്ങൾ ഏതെങ്കിലും വിധത്തിൽ വീട്ടണമെന്നും തീരുമാനിച്ചു. അങ്ങനെ അദ്ദേഹം ഗ്രാമത്തിലെ ചീഫിനും ജില്ലാ ചീഫിനും ഫോൺ ചെയ്തു. തിരിച്ചുവരാൻ ഒരു അവസരം നൽകണമെന്നും അറസ്റ്റ്ചെയ്യരുതെന്നും അവസരം നൽകിയാൽ എല്ലാ കടങ്ങളും കൊടുത്തുവീട്ടാമെന്നും പറഞ്ഞു. തുടർന്ന് ചീഫ്, അദ്ദേഹത്തിന് അധ്വാനിച്ചു സമ്പാദിക്കാനും ജനങ്ങളുടെ സൂക്ഷിപ്പ് മുതലുകൾ തിരികെകൊടുക്കാനും അല്ലാത്തപക്ഷം ജയിലിലേക്ക് അയക്കുമെന്നുമുള്ള നിബന്ധനയിൽ തിരിച്ചു വരാൻ അനുമതി നൽകി. അദ്ദേഹം പറയുന്നു: അദ്ദേഹം തിരിച്ചെത്തി നാലുമാസമേ ആയുള്ളൂ. അദ്ദേഹത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം ലഭിച്ചു. അത് കേട്ടപ്പോൾ അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചു. കൃത്യമായി ചന്ദ കൊടുക്കാനും തുടങ്ങി. സാമ്പത്തിക ത്യാഗങ്ങളിലും ഭാഗഭാക്കായി. വരുമാനത്തിൽനിന്ന് എന്തെങ്കിലും കൊടുക്കുമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ചന്ദ: കൊടുത്തത് കാരണം അദ്ദേഹത്തിന്റെ ജോലിയിൽ എത്രമാത്രം അനുഗ്രഹമുണ്ടായെന്നാൽ രണ്ടു വർഷംകൊണ്ട് അദ്ദേഹം 2 ലക്ഷം ഡലാസി(Dalasi)യുടെ കടങ്ങൾ മുഴുവൻ വീട്ടുക മാത്രമല്ല, സ്വന്തമായി വീടും പണികഴിപ്പിച്ചു. കടയും വീണ്ടും തുടങ്ങി. ഇപ്പോൾ അദ്ദേഹത്തിന്റെ ജോലി നേരത്തേതിലും നല്ല പുരോഗതിയിലാണുള്ളത്. അദ്ദേഹം പറയുന്നു: 'ഇതെല്ലാം ചന്ദയുടെ അനുഗ്രഹമാകുന്നു.'

ഓസ്ട്രേലിയ(Australia)ജമാഅത്തിലെ ഒരു ലജ്ന മെമ്പർ പറയുന്നു: ഞാൻ പുതിയ വീട്ടിലേക്ക് മാറിയപ്പോൾ, ഞങ്ങളുടെ സാമ്പത്തികാവസ്ഥ നല്ലതായിരുന്നില്ല. വീട് വാടകയും കൂടുതലായിരുന്നു. അത്യാവശ്യസാധനങ്ങൾ വാങ്ങാൻ പോലും പൈസ ഉണ്ടായിരുന്നില്ല.

മറുഭാഗത്ത് ചന്ദയുടെ വർഷവും അവസാനിക്കുകയാണ്. ഞാൻ അല്ലാഹുവിൽ ഭരമേല്പിച്ചുകൊണ്ട് ചന്ദ: കൊടുത്തുവീട്ടി. ഇവർ ലൗകികരായ ആളുകളുടെ രാജ്യത്ത് ജീവി ക്കുന്ന സ്ത്രീയാണ്. അല്ലാതെ ദരിദ്ര രാജ്യത്ത് ജീവിക്കുന്നവരല്ല. ദുആ ചെയ്തു. അല്ലാഹുവേ! ആരെയും ആശ്രയിക്കാൻ ഇടവരുത്തരുതേ! എന്റെആവശ്യങ്ങൾ നീ തന്നെ പൂർത്തിയാക്കണമേ! അന്ന് വൈകുന്നേരം, എന്റെ ഭർത്താവ് വന്നപ്പോൾ എനിക്ക് കുറച്ച് പണം തന്നിട്ട് പറഞ്ഞു: ഇന്ന് എനിക്ക് എന്റെ ഓഫീസർ ബോണസ് തന്നതാണ്. ജോലിക്കാരിൽ എനിക്ക് മാത്രമാണ് കിട്ടിയത്. വേറെ ആർക്കും കിട്ടിയിട്ടില്ല. ഇത് എന്റെ ചന്ദയുടെ തുകയേക്കാളും ഇരട്ടിയുണ്ട്. അവർ പറയുന്നു: അല്ലാഹുവിന്റെ അനുഗ്രഹവും ഔദാര്യവുമാണിത്. ഞാൻ അത്ഭുതപ്പെട്ടുപോയി. അവന്റെ മാർഗത്തിൽ ത്യാഗംചെയ്യുന്നവരെ സഹായിയും സംരക്ഷകനുമില്ലാതെ വിട്ടുകളയുകയില്ലെന്ന് എനിക്ക് പൂർണ്ണമായും ബോധ്യമായി.

ഇന്ത്യയിൽ നിന്ന് ഖമറുദ്ദീൻ സാഹിബ് ഇൻസ്പെക്ടർ എഴുതുന്നു: സാമ്പത്തിക വർഷം അവസാനത്തിൽ വഖ്ഫെ ജദീദ് നാളിമിന്റെകൂടെ പര്യടനത്തിൽ കോഴിക്കോട് ജമാഅത്തിലെത്തി. അതിനിടയിൽ അവിടെയുള്ള അഹ്മദി ഹനീഫ് സാഹിബിന്റെ വീട്ടിലും പോയി. അദ്ദേഹം എട്ടുവർഷം മുമ്പേ ബയ്അത്ത് ചെയ്തതാണ്. ചെറിയ ജോലിചെയ്ത് നിത്യചെലവുകൾ നടത്തിവരുന്ന ആളാണ്. അദ്ദേഹത്തിന്റെ വീട്ടിൽ എത്തിയപ്പോൾ അദ്ദേഹത്തിന്റെ എട്ടുവയസ്സുള്ള മകൻ മിർലാജ് അലി തന്റെ കുടുക്കയുമായി വന്നു. വഖ്ഫെ ജദീദിൽ അടച്ചുകൊണ്ട് പറഞ്ഞു: അവൻ ഇത് വഖ്ഫെ ജദീദിനു വേണ്ടി വർഷം മുഴുവൻ സ്വരുക്കൂട്ടിയ ചന്ദയാണ്. അങ്ങനെ ആ കുടുക്ക തുറന്നപ്പോൾ അതിൽ വലിയൊരു സംഖ്യ ഉണ്ടായിരുന്നു. നാളിം സാഹിബ് കുട്ടിയോടു ചോദിച്ചു: കുട്ടികൾ പൊതുവിൽ തങ്ങളുടെ ഇഷ്ടസാധനങ്ങൾ വാങ്ങിക്കാനാണ് പൈസ സ്വരുകൂട്ടുക. നീ എന്തിനാണ് ഇത് വഖ്ഫെ ജദീദിന്റെ ചന്ദയിൽ കൊടുക്കുന്നത്? അപ്പോൾ ആ കുട്ടി നൽകിയ മറുപടിയുടെ ചുരുക്കം ഇതാണ്; അല്ലാഹുവും റസൂലും ഖലീഫമാരും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാൻകൽപ്പിക്കുന്നു.അതുകൊണ്ടാണ് ഈ തുക വഖ്ഫെ ജദീദ് ചന്ദയിൽ കൊടുക്കുന്നത്. ഇതാണ് അഹ്മദി കുട്ടികളുടെ ശിക്ഷണം. ഇങ്ങനെ ചിന്തിക്കുന്ന കുട്ടികളും, ഇത്തരത്തിൽ ശിക്ഷണം ലഭിച്ചതുമായ ജമാഅത്തിന് അഹ്മദിയ്യാ ശത്രുക്കൾക്ക് എങ്ങനെയാണ് നഷ്ടം വരുത്താൻ കഴിയുക. ശത്രുക്കൾ എത്ര വേണമെങ്കിലും ശ്രമിച്ചുകൊള്ളട്ടെ. അല്ലാഹു ഈ ജമാഅത്ത്, തന്റെ ദീനിനെ ലോകത്ത് മുഴുവൻ പരത്താൻ വേണ്ടിയാണ് സ്ഥാപിച്ചിട്ടുള്ളത്. അതുകൊണ്ട് എല്ലാ സന്ദർഭത്തിലും അല്ലാഹു തന്നെ അതിനെ സംരക്ഷിക്കുന്നു. സഹായിക്കുന്നു. ഒരു തലമുറയ്ക്കുശേഷം അടുത്ത തലമുറയുടെ ഹൃദയത്തിൽ അതിനോടുള്ള സ്നേഹവും അതിന്റെ ഉദ്ദേശ്യങ്ങൾ പൂർത്തീകരിക്കാനുള്ള ആവേശവും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു.

ടൻസാനിയ അമീർ സാഹിബ് എഴുതുന്നു: അയൽരാജ്യമായ മലാവി(Malavi)യിലെ മൻഗുച്ചി(Manguchi) ജമാഅത്തിലെ മുഅല്ലിം പറയുന്നു: ഇബ്റാഹീം എന്ന സുഹൃത്ത് ഇറച്ചിക്കച്ചവടക്കാരനാണ്. അദ്ദേഹം ഈ വർഷം വഖ്ഫെ ജദീദ് ചന്ദയിൽ അയ്യായിരത്തി എണ്ണൂറ് ക്വാച്ച(Kwacha)യാണ് വാഗ്ദാനം എഴുതിയിരുന്നത്. നടപ്പുവർഷത്തിൽ അൽപാൽപമായി അത് കൊടുത്തു കൊണ്ടിരുന്നു. ഡിസംബർ ആയപ്പോൾ കുറച്ച് ബാക്കിയുണ്ടായിരുന്നു. പക്ഷേ, രാജ്യത്തിന്റെ അവസ്ഥ കാരണം കച്ചവടം നിലച്ചു. അദ്ദേഹം കടംവാങ്ങി വാഗ്ദാനം പൂർത്തിയാക്കി. ഒരാഴ്ചയ്ക്കുശേഷം വീണ്ടും ജോലി തുടങ്ങുന്നതിനും ഇറച്ചി വിൽപ്പനയ്ക്കും വേണ്ടി ഒരു ആടിനെ വാങ്ങി. ഏതാനും ദിവസംകൊണ്ടുതന്നെ എത്രമാത്രം അനുഗ്രഹമുണ്ടായെന്നാൽ അദ്ദേഹത്തിന്റെ എല്ലാ കടവും വീട്ടാൻ കഴിഞ്ഞു. ദരിദ്രരായ ആളുകളും തവക്കുലും ത്യാഗവികാരത്തോടെയും ചന്ദ: കൊടുക്കുമ്പോൾ അല്ലാഹുവും അനുഗ്രഹം ചൊരിയുന്നു. ഇപ്പോഴും രാജ്യത്തെ അവസ്ഥ പഴയതുപോലെതന്നെയാണ്. പക്ഷേ, അല്ലാഹു അദ്ദേഹത്തിന്റെ അവസ്ഥമാറ്റുകയുണ്ടായി.

മവലാ(Mwala)ജമാഅത്തിലെ മുഅല്ലിം പറയുന്നു: നമ്മുടെ ജമാഅത്തിൽ മറ്റേമ്പ സാഹിബ(Matemba) എന്നൊരു സ്ത്രീയുണ്ട്. തന്റെ കഴിവനുസരിച്ച് എല്ലാ വർഷവും ചന്ദ: കൊടുക്കാറുണ്ട്. ഈ വർഷം വഖ്ഫെ ജദീദിന് കുറച്ചു തുക വാഗ്ദാനം ചെയ്തു. നടപ്പു വർഷംതന്നെ മറ്റു സ്ത്രീകൾക്ക് മുമ്പേതന്നെ മുഴുവൻ ചന്ദയും അടച്ചു തീർക്കാൻ തൗഫീഖ് ലഭിക്കുകയും ചെയ്തു. മുഴുവൻ കൊടുത്തു തീർത്ത ദിവസം രാത്രി അവർ ഒരു സ്വപ്നം കണ്ടു. അതിൽ ഇന്ന് നിന്റെ കാര്യങ്ങളിൽ അല്ലാഹു സഹായിക്കും എന്ന് പറയപ്പെടുന്നതായാണ് കണ്ടത്. അങ്ങനെ അടുത്ത ദിവസം അവർ മുഅല്ലിം സാഹിബിന്റെ അടുക്കലെത്തി. വഖ്ഫെ ജദീദ് ചന്ദയിൽ കുറച്ചു കൂടുതൽ തുക കൊടുക്കുകയുണ്ടായി. അവർ പറയുന്നു: ചന്ദയുടെ അനുഗ്രഹത്താൽ അല്ലാഹു എന്റെ കൃഷിയിൽ വളരെ അഭിവൃദ്ധി നൽകുന്നു. ഇപ്പോൾ എന്നെ സഹായിക്കുമെന്ന് അല്ലാഹു തന്നെ എന്നോട് പറയുന്നു. ചിലപ്പോൾ ഉടനെ തന്നെ വിശ്വാസ വർദ്ധനവിന് അല്ലാഹു സംവിധാനം ഒരുക്കുന്നു.

അൽബേനിയ(Albania) മുബല്ലിഗ് നവ അഹ്മദികളെ പറ്റിഎഴുതുന്നു: 'മരിഗലൻ ബേജ (Mariglen Beja) എന്ന ഒരു സുഹൃത്തുണ്ട്. മൂന്നു വർഷം മുമ്പേയാണ് ബയ്അത്ത് ചെയ്തത്. ജമാഅത്തിന്റെ തബ്ലീഗ് സെക്രട്ടറിയുമാണ്. വളരെ ഊർജസ്വലനായ യുവാവാകുന്നു. ഒരുദിവസം അദ്ദേഹം ഒരു പെട്ടിയുമായാണ് വന്നത്. അതിൽ നിറയെ പണമായിരുന്നു. എന്റെ പണിയിൽ ലാഭം കിട്ടുന്നത് ജമാഅത്തിന്റെ ചന്ദയിൽ കൊടുക്കാമെന്ന നിയ്യത്തിൽ വെച്ചിരിക്കുകയാണ്. അങ്ങനെ ആദ്യമായി നിറഞ്ഞ ഡിബ്ബ കൊണ്ടുവന്നപ്പോൾ അതിൽ ഒരു ഭാഗം തന്റെ നാലുമാസം പ്രായമുള്ള മകൻ ജോൺ ബേജാ(Bjorn Beja)യുടെ പേരിൽ തഹ്രീക്കെ ജദീദും വഖ്ഫെ ജദീദും കൊടുത്തു. ബാക്കി തന്റെ തഹ്രീക്കെ ജദീദ്, വഖ്ഫെ ജദിദ്, മറ്റ് നിർബന്ധ ചന്ദകൾ എന്നിവയിലും കൊടുത്തു. അതിനുശേഷം എല്ലാ മാസവും നിറഞ്ഞ ഡബ്ബയുമായി അദ്ദേഹം വരാറുണ്ട്. ഡിസംബർ അവസാനം, അവസാന ജുമുഅയിൽ വഖ്ഫെ ജദീദിന്റെ ഈ അവസരത്തിൽ തന്റെ കഴിവനുസരിച്ച് വലിയൊരു സംഖ്യ സാമ്പത്തിക ത്യാഗമായി അദ്ദേഹം നൽകി. അഹ്മദിയായതിനുശേഷം ത്യാഗം ചെയ്യാൻ ഒരു ആവേശമുണ്ടാകുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ കാഴ്ചയും കാണാൻ കഴിയുന്നു.

യുകെയിലെ ചീം(Cheam) ജമാഅത്ത് സ്വദ്ർ പറയുന്നു: ഞങ്ങളുടെ ടാർഗറ്റിൽ വലിയ കുറവുണ്ടായിരുന്നു. അതുകൊണ്ട് തഹജ്ജുദിന് എഴുന്നേറ്റ് ദുആ ചെയ്യുമായിരുന്നു. ഒരുദിവസം എന്റെ ഭാര്യ പറഞ്ഞു: ഇന്ന കുടുംബത്തിലെ ഇന്ന വ്യക്തിയോട് പറഞ്ഞാൽ നിങ്ങൾക്ക് കൂടുതൽ അടച്ചുതരുന്നതാണ്. അങ്ങനെ അവരോട് പറഞ്ഞപ്പോൾ ആ കുടുംബം പറഞ്ഞു: 'ഞങ്ങളുടെ പേര് വെളിപ്പെടുത്തരുത്.' 1000 പൗണ്ട് അവർ കൊടുത്തു. കൂടാതെ 1000 പൗണ്ട് മക്കളുടെ പേരിലും നൽകി. ഇനിയും ആവശ്യമുണ്ടെങ്കിൽ തീർച്ചയായും പറയണമെന്നും അവർ പറഞ്ഞു.

യു.കെ. യിലെതന്നെ വഖ്ഫെ ജദീദ് ലജ്ന സെക്രട്ടറി ഇസ്ലാമാബാദ് പറയുന്നു: യൂണിവേഴ്സിറ്റിയിൽ നിന്ന് ഗ്രാജുവേഷൻ ചെയ്തതിനുശേഷം കുട്ടികളുടെ പരിപാലനത്തിൽ മുഴുകിയിരിക്കുകയായിരുന്നു. ഇപ്പോൾ എന്റെ മക്കൾക്ക് അഞ്ചും എട്ടും വയസായിരിക്കുന്നു. എല്ലാ ചന്ദകളും ഭർത്താവിന്റെ വരുമാനത്തിൽ നിന്നാണ് കൊടുത്തിരുന്നത്. എന്റെ അക്കൗണ്ടിൽ കുട്ടികളുടെ ചൈൽഡ് ബെനിഫിറ്റ് (child benefit) മാത്രമാണുണ്ടായിരുന്നത്. അല്ലാഹുവിന്റെ മാർഗത്തിൽ എത്ര കൊടുത്താലും അത് യഥാർഥ സാമ്പത്തിക ത്യാഗമല്ലെന്നാണ് ഞാൻ കരുതിയിരുന്നത്. അങ്ങനെ ഈ വർഷം സെപ്തംബറിൽ എന്റെ സ്വകാര്യ അക്കൗണ്ടിൽനിന്ന്(persional account) ചന്ദകൾക്കുവേണ്ടി സ്റ്റാൻഡിംഗ് ഓർഡർ മുഖേന വസ്വിയ്യത്ത്, തഹ്രീക്കെ ജദീദ്, വഖ്ഫെ ജദീദ് ചന്ദകൾ കൂടാതെ പിതാമഹിയുടെയും പിതൃവ്യന്റേയും പേരിലും ചന്ദ കൊടുക്കാൻ തുടങ്ങി. എന്റെ വരുമാനത്തിന് അനുസൃതമാകാനും അങ്ങനെ യഥാർഥ ത്യാഗമാകാനും ഇത്ര കൊടുക്കണമെന്ന് ഞാൻ മാസ ഗഡു നിശ്ചയിച്ചു. അതേ മാസം കൂടുതൽ പരിചയത്തിനുവേണ്ടി ഞാൻ കുട്ടികളുടെ സ്കൂളിൽ ടീച്ചർ അസിസ്റ്റന്റ് എന്ന നിലയിൽ ജോലിക്ക് അപേക്ഷ നല്കി. പക്ഷേ, വിജയിക്കുമെന്ന ഒരു പ്രതീക്ഷയുമില്ലായിരുന്നു. അവർ പറയുന്നു: എന്റെ അക്കൗണ്ടിൽ നിന്ന് ആദ്യമായി ചന്ദയുടെ തുക കൊടുത്തപ്പോൾ അതിന്റെ അടുത്ത ദിവസംതന്നെ എനിക്ക് സ്കൂളിൽ നിന്ന് ഇൻറർവ്യൂവിനുള്ള വിളിയെത്തി. എന്റെ അക്കൗണ്ടിൽനിന്ന് രണ്ടാമത്തെ ഗഡു

## ഹദീഥുന്നബ്വി(സ):

**"ആര് എന്റെമേൽ സ്വാലത്ത് ചൊല്ലിയാലും ഞാൻ അയാൾക്ക് മറുപടി നല്കുന്നതിനുവേണ്ടി അല്ലാഹു എന്റെ ആത്മാവിനെ മടക്കി അയക്കുന്നതാണ്."**
**(അബൂദാവൂദ്, കിതാബുൽമനാസിക്)**

ത്വാലിബെ ദുആ:
K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

## അല്ലാഹുവിന്റെ കലാം:

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?"**
**(വിശുദ്ധ ഖുർആൻ 54:18)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

അടച്ചപ്പോൾ എനിക്ക് അസിസ്റ്റൻറ് ടീച്ചർ എന്ന ജോലിക്ക് പകരം സ്കൂൾ അധികൃതർ മറ്റൊരു പ്രധാന ജോലിയാണ് തന്നത്. അങ്ങനെ എന്റെ വരുമാനം 10 മടങ്ങ് വർധിച്ചു. അത് അല്ലാഹുവിന്റെ മാർഗത്തിൽ കൊടുത്തതുകൊണ്ടാണെന്ന് എനിക്ക് പൂർണബോധ്യമായി.

ജർമനി മുബല്ലിഗ് ഫർഹാദ് സാഹിബ് പറയുന്നു: വെയ്സ്ബാദൻ(Wiesbaden) എന്ന ലോക്കൽ ജമാഅത്തിലെ ഒരു ഖാദിം പറയുന്നു: തഹ്‌രീക്കെജദീദ് ചന്ദ: കൊടുത്തു കഴിഞ്ഞിരുന്നു. വഖ്ഫെ ജദീദിൽ കൊടുക്കാനുള്ള ചന്ദ: അധികചന്ദ എന്ന നിലയിൽ തഹ്‌രീക്കെ ജദീദിൽതന്നെ കൊടുത്തിരുന്നു. അതേ മാസം തന്നെ ടാക്സ് ഡിപ്പാർട്ട്മെന്റിൽനിന്ന് നിങ്ങൾ 800 യൂറോ അടയ്ക്കണം എന്ന് പറഞ്ഞുകൊണ്ട് കത്തു വന്നു. പക്ഷേ, എന്നിട്ടും ഞാൻ വഖ്ഫെ ജദീദ് ചന്ദ: കൊടുത്തു. ടാക്സ് കടംവാങ്ങി വീട്ടാമെന്ന് കരുതി. അതിന് ഏതാനും ആഴ്ചകൾ കഴിഞ്ഞപ്പോൾ ടാക്സ് ഡിപ്പാർട്ട്മെന്റിൽ നിന്ന് താങ്കളുടെ കണക്കുകൾ വീണ്ടും പരിശോധിച്ചപ്പോൾ താങ്കൾ ഒരു പൈസയും അടക്കാനില്ലെന്നും മറിച്ച് നിങ്ങൾക്ക് 4400 യൂറോ തിരികെ തരാനുണ്ടെന്നും പറഞ്ഞു കത്തുവന്നു. അദ്ദേഹം പറയുന്നു: 'കുറച്ചു ദിവസത്തിനുശേഷം എന്റെ വണ്ടി ആക്സിഡന്റായി. നഷ്ടം വന്നു. ആരോ നഷ്ടം വരുത്തിയതാണ്. അതേതുടർന്ന് എനിക്ക് 4700 യൂറോ കിട്ടുകയുണ്ടായി.' ചുരുക്കത്തിൽ ഞാൻ അല്പം സഹനം കാണിച്ചു ചന്ദ: വർധിപ്പിച്ചു കൊടുത്തപ്പോൾ അല്ലാഹു അത് കൊടുക്കാനുള്ള സംവിധാനം ഒരുക്കിതരികയായിരുന്നു. ഇതിനെ ആരെങ്കിലും യാദൃച്ഛികമെന്ന് പറയുമായിരിക്കും. എന്നാൽ, ഒരു വിശ്വാസി, അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹമാണെന്നായിരിക്കും മനസിലാക്കുക.

കനഡയിലെ ലജ്ന സ്വദ്ർ പറയുന്നു: ഒരു സഹോദരി പറയുന്നു, 'മൂന്നുവർഷം മുമ്പേ അവരുടെ ഭർത്താവ് പഠനത്തിൽ വ്യാപൃതനായിരുന്നു. ജോലിയോടൊപ്പം പുറത്തുള്ള ജോലികളും അവർക്ക് ചെയ്യേണ്ടതായി വന്നു. ഇത്ര മാത്രം ക്ഷീണിപ്പിക്കുന്ന ജോലി അവരെ അസ്വസ്ഥയാക്കി. അവർ രോഗിയായി. അതിനിടയിൽ വഖ്ഫെ ജദീദ് വാഗ്ദാനത്തിന്റെ സമയമായപ്പോൾ വരുമാനത്തേക്കാൾ ഇരട്ടി വാഗ്ദാനം എഴുതിച്ചു. കുറച്ചു കാലത്തിനു ള്ളിൽ അവിടെ ജോലി നഷ്ടമാകുകയും വളരെ സാമ്പത്തിക ഞെരുക്കം അനുഭവപ്പെടുകയും ചെയ്തു. ക്രെഡിറ്റ് കാർഡ്കൊണ്ട് ചെലവുകൾ നടത്താൻ തുടങ്ങി. വർഷാവസാനം ചന്ദ: കൊടുക്കേണ്ട സമയം എത്തിയപ്പോൾ നിർബന്ധിതാവസ്ഥയിൽ അല്ലാഹുവിൽ തവക്കുൽ ചെയ്ത് ക്രെഡിറ്റ്കാർഡു കൊണ്ടു തന്നെ ചന്ദയും കൊടുത്തുവിട്ടി. അതേദിവസങ്ങളിൽതന്നെ, ക്രെഡിറ്റ് പ്രൊട്ടക്ഷൻ ഇൻഷുറൻസ് ഉള്ളതുകൊണ്ട് ജോലി നഷ്ടമായിട്ടുണ്ടെങ്കിൽ അപേക്ഷ കൊടുക്കാമെന്ന് ബാങ്കിൽ നിന്ന് അറിയാൻ കഴിഞ്ഞു. അങ്ങനെ അവരുടെ ക്രെഡിറ്റ് കാർഡ് അടവിനുള്ള എല്ലാ സാഹചര്യവുമുണ്ടായി. അതോടൊപ്പം പുതിയ ജോലിയും കിട്ടി. അത് ആദ്യത്തെ ജോലിയെക്കാളും നല്ലതായിരുന്നു. സാമ്പത്തികസ്ഥിതി മെച്ചപ്പെട്ടു തുടങ്ങി. അവർ നേരത്തെതിലും അധികം നിർബന്ധചന്ദകളും കൊടുത്തു. ഐച്ഛികചന്ദകളുടെ വാഗ്ദാനവും വർധിപ്പിച്ചു. ഇതിനിടയിൽ ഭർത്താവിന്റെ പഠനവും പൂർത്തിയായി. അദ്ദേഹത്തിനും നല്ല ജോലികിട്ടി. അവർ തന്റെ ജോലി ഒഴിവാക്കി. ഭർത്താവിന്റെ ജോലിയിൽത്തന്നെ ചെലവുകൾ നടത്താൻ തുടങ്ങി.

ഇന്തൊനേഷ്യയിലെ മുബല്ലിഗ് അമീൻ സാഹിബ് എഴുതുന്നു: എപ്പോഴും വഖ്ഫെ ജദീദ്, തഹ്‌രീക്കെ ജദീദ് ചന്ദ: റമളാനിൽത്തന്നെ കൊടുത്തുതീർക്കണമെന്ന് കുടുംബത്തിന് ആഗ്രഹമുണ്ടായിരുന്നു. ഈ വർഷം വരുമാനം കുറവായിരുന്നു. വാഗ്ദാനം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രത്യക്ഷത്തിൽ തോന്നിയിരുന്നില്ല. മുബല്ലിഗ് സാഹിബ് എഴുതുന്നു: റമളാൻ മാസത്തിൽ തന്റെ കുടുംബത്തോടൊപ്പം 4 കി.മീ. ദൂരം മലയിൽ നടന്നുപോയി തങ്ങളുടെ കേന്റൽനട്ടി(candlenut)ന്റെ വയലിൽ പണിയെടുത്ത് അതുമുഖേന ചന്ദ: പൂർത്തീകരിക്കുകയും ചെയ്യുന്നത് ഞാൻ കണ്ടതാണ്. അങ്ങനെയൊവാം റമളാനിൽത്തന്നെ തങ്ങളുടെ രണ്ട് ലക്ഷം വാഗ്ദാനം പൂർത്തിയാക്കിയത്. ഇത്രയും തുക കഠിനപരിശ്രമംകൂടാതെ ഉണ്ടാക്കാൻ അവർക്ക് കഴിയുമായിരുന്നില്ല. മുബല്ലിഗ് സാഹിബ് പറയുന്നു: ഞാൻ ചോദിച്ചു: നോമ്പെടുത്ത് ഇത്ര മാത്രം അധ്വാനിക്കാൻ എന്താണ് കാരണം? അദ്ദേഹം പറഞ്ഞു: 'എന്റെ ഭാര്യ കാലത്തിന്റെ ഖലീഫയുടെ കല്പനകൾ പാലിച്ചു കൊണ്ടുമാത്രം അല്ലാഹുവിന്റെ സന്തോഷം കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നു.'

ബുർക്കിനാ ഫാസോ(Burkina Faso)യിലെ ഇക്കായിൽ ജമാഅത്തുണ്ട്. അവിടുത്തെ ഒരു സ്നേഹിതൻ നിയാൻപാ(Nianpa)സാഹിബ് ബയ്അത്ത് ചെയ്തിട്ട് 10 വർഷമായിരിക്കുന്നു. എന്നാൽ, ചന്ദ: കൊടുക്കുന്നതിൽ ദൗർബല്യമുണ്ടായിരുന്നു. വീട്ടിൽ അധികവും രോഗവും പ്രയാസങ്ങളുമായിരുന്നു. കുറച്ചുകാലമായി അദ്ദേഹം ചന്ദകൾ പ്രത്യേകിച്ചും തഹ്‌രീക്കെ ജദീദ് വഖ്ഫെ ജദീദ് ചന്ദകൾ കൃത്യമായി കൊടുക്കാൻ തുടങ്ങി. അതുകാരണം അല്ലാഹുവിന്റെ അനുഗ്രഹത്താൽ പ്രയാസങ്ങൾ മാത്രമല്ല മറിച്ച് രോഗങ്ങളിൽ നിന്ന് അല്ലാഹു ശിഫായും നൽകി. ഈ വർഷം കൂടുതലായി വഖ്ഫെ ജദീദിൽ ഭാഗഭാക്കായി. അദ്ദേഹത്തിന് ജോലി നൽകാതിരുന്നവർ സ്വയം അദ്ദേഹത്തിന്റെ അടുത്തെത്തി കോൺട്രാക്ട് നൽകാൻ തുടങ്ങി. ഇദ്‌രീസ് സാഹിബ് പറയുന്നു: അല്ലാഹുവിന്റെ അനുഗ്രഹത്താൽ വഖ്ഫെ ജദീദ് സമ്പത്ത് വർധിക്കുന്നതിന് നിമിത്തമായി. ഇതാണ് കടം തിരിച്ചു കൊടുക്കുന്നതിനുള്ള അല്ലാഹുവിന്റെ രീതി.

ചില സംഭവങ്ങളാണ് ഞാൻ പറഞ്ഞത്. ഇത്തരം അനേകം സംഭവങ്ങളുണ്ട്. അല്ലാഹു എപ്പോഴും ജമാഅത്തംഗങ്ങളോട് ഇതേരീതിയിൽതന്നെ വർത്തിക്കുമാറാകട്ടെ. കൂടുതൽ ആത്മാർഥതയോടെകൂടി ത്യാഗങ്ങൾ ചെയ്തു കൊണ്ടിരിക്കുക. അല്ലാഹു അവന്റെ അനുഗ്രഹദൃശ്യങ്ങളും കാണിച്ചു തരുമാറാകട്ടെ.

ഇനി ഞാൻ വഖ്ഫെ ജദീദിന്റെ പുതുവർഷ വിളംബരം നടത്തിക്കൊണ്ട് കഴിഞ്ഞ വർഷത്തെ ചില കണക്കുകൾ സമർപ്പിക്കാം. അല്ലാഹുവിന്റെ അനുഗ്രഹത്താൽ 63–ാം വർഷം 2020 ഡിസംബർ 31 ന് അവസാനിച്ചു. 64–ാം വർഷം ജനുവരി 1 മുതൽ ആരംഭിച്ചിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വർഷം ഒരു കോടി 5 ലക്ഷത്തി മുപ്പതിനായിരം പൗണ്ട് ജമാഅത്തിന് ത്യാഗം ചെയ്യാൻ തൗഫീക് ലഭിച്ചു. ഈ പിരിവ് കഴിഞ്ഞ വർഷത്തെക്കാൾ 8 ലക്ഷത്തി 87 ആയിരം പൗണ്ട് കൂടുതലാണ്. അൽഹംദുലില്ലാഹ്. ഇത് ഒരു മനുഷ്യന്റെ പ്രയത്നം കൊണ്ട് സാധ്യമല്ല. ഇത് തികച്ചും അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹമാകുന്നു.

ഈ വർഷവും ബ്രിട്ടൺ ലോകത്തിലെ ജമാഅത്തുകളിൽമൊത്തം പിരിവിന്റെ അടിസ്ഥാനത്തിൽ ഒന്നാംസ്ഥാനത്താകുന്നു. ബ്രിട്ടനിലെ ലജ്ന ഇമാഇല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെകഠിന പ്രയത്നം നടത്തിയിട്ടുണ്ട്. ഈ വർഷമുണ്ടായ പുരോഗതിയിൽ ലജ്നയെപോലെ പുരുഷന്മാരും പ്രയത്നിച്ചിട്ടുണ്ടെന്നാണ് തോന്നുന്നത്. രണ്ടാംസ്ഥാനത്ത് ജർമനിയാണ്. ഇവരും വലിയ വർധന ഉണ്ടാക്കിയിട്ടുണ്ടെങ്കിലും ബ്രിട്ടൺ ഇപ്പോഴും ഇവരേക്കാൾ വളരെ മുന്നിലാകുന്നു. കറൻസി കാരണത്താൽ പാക്കിസ്താൻ ജമാഅത്തുകളിൽ വളരെ പിന്നിൽ പോയിരിക്കുന്നു. എങ്കിലും മൂന്നാം സ്ഥാനത്തുണ്ട്. എന്നാൽ, മൊത്തത്തിൽ രാജ്യത്തിന്റെ കറൻസിയുടെ അടിസ്ഥാനത്തിൽ ഇവിടേയും പുരോഗതിയുണ്ട്. ജനങ്ങൾ ത്യാഗം ചെയ്യുന്നുണ്ട്. പാക്കിസ്താനിൽ ജീവത്യാഗവുമുണ്ട്. അവർ സാമ്പത്തിക ത്യാഗവും നൽകുന്നു. മാനസികമായ ത്യാഗം, തുടർച്ചയായ ടോർച്ചറിനും വിധേയമാകുന്നു. അല്ലാഹു അവർക്ക് കാര്യങ്ങൾ എളുപ്പമുള്ളതാക്കുമാറാകട്ടെ. കനഡ നാലാംസ്ഥാനത്താകുന്നു. പിന്നെ അമേരിക്ക, തുടർന്ന് ഭാരതം. ശേഷം ഓസ്ട്രേലിയ പിന്നെ മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്ത്, ശേഷം ഇന്തൊനേഷ്യ, പിന്നെ ഘാന. ഘാന ആഫ്രിക്കൻ രാജ്യങ്ങളിൽനിന്ന് ഇപ്പോൾ വലിയ രാഷ്ട്രങ്ങളുടെ മത്സരത്തിലുള്ള ആദ്യത്തെ പത്ത് ജമാഅത്തുകളുടെ പട്ടികയിൽ വന്നിരിക്കുന്നു.

ആളോഹരി പിരിവിന്റെ അടിസ്ഥാനത്തിൽ അമേരിക്ക ഒന്നാംസ്ഥാനത്താണ്. പിന്നെ സ്വിറ്റ്സർലാന്റ്, പിന്നെ ബ്രിട്ടൺ.

ആഫ്രിക്കയിൽ മൊത്തം പിരിവിന്റെ അടിസ്ഥാനത്തിൽ ഘാന ഒന്നാം സ്ഥാനത്ത്, രണ്ട് മൗറീഷ്യസ് (Mauritius), പിന്നെ നൈജീരിയ, തുടർന്ന് ബുർക്കിനാ ഫാസോ, ടൻസാനിയ, സിയറാ ലിയോൺ, ഗാംബിയ, കെനിയ, മാലി, ബെനിൻ.

ഇതിൽ പങ്കെടുത്തവരുടെ എണ്ണം 14,52,000 ആകുന്നു.

മൊത്തം പിരിവിന്റെ അടിസ്ഥാനത്തിൽ ബ്രിട്ടനിലെ പത്ത് ജമാഅത്തുകൾ(യഥാക്രമം) ഫാറൻഹം(Farnham), ഇസ്ലാമാബാദ്, വൂസ്റ്റർ പാർക്ക് (Worcester), പുട്നി(Putney), ബർമിംഗ്ഹാം സൗത്ത്(South Birmingham), ജില്ലിംഗ്ഹാം(Gillingham), സൗത്ത് ചീം (South Cheam), മസ്ജിദ് ഫദ്ൽ, ബർമിംഗ്ഹംവെസ്റ്റ് (Birmingham West), ന്യൂമാൽഡൻ(New Malden).

മൊത്തം പിരിവിന്റെ അടിസ്ഥാനത്തിൽ ആദ്യത്തെ 5 റീജ്യണുകൾ (യഥാക്രമം) ബയ്ത്തുൽ ഫുത്തൂഹ്, മസ്ജിദ് ഫള്ൽ, ഇസ്ലാമാബാദ്, മിഡ്‌ലാന്റ്സ്, ബയ്ത്തുൽ ഇഹ്സാൻ.

അത്ഫാൽ ലഡ്ജറിന്റെ അടിസ്ഥാനത്തിൽ ആദ്യത്തെ 10 ജമാഅത്തുകൾ (യഥാക്രമം) ഫാറൻഹം(Farnham), ഇസ്ലാമാബാദ്, റൊഹാംടൺ വാലി (Roehampton Vale), ബയ്ത്തുൽ ഫുത്തൂഹ്, മിട്ച്ചം പാർക്ക്(Mitcham Park), ഗ്ലാസ്ഗോ (Glasgow), ചീം(ഇവലമാ), ഗൽഫർഡ്, (Guildford)വൂസ്റ്റർ പാർക്ക്(Worcester), ബർമിംഗ്ഹാം സൗത്ത്(South Birmingham).

ചന്ദഃ പിരിച്ചതിന്റെ അടിസ്ഥാനത്തിൽ ചെറിയ ജമാഅത്തുകൾ(യഥാക്രമം) ലാമിംഗ്ട്ടൺ സ്പ്പാ(Leamington Spa), സ്പെൻവാലി(Spen Nalley), ബോൺമൗത്ത്(Bournemouth), ട്രന്റ് ബർട്ടൺ അപോൺ (Trent-Burton-upon), പീറ്റർ ബോറോ(Peter borough), കാവൻഡ്രി (Coventry), ഏഡിൻബർഗ്(Edinburge), കേഹ്ലീ(Keighley), സ്വവാൻസീ(Swansea).

ജർമനിയിലെ അഞ്ച് ഇമാറത്തുകൾ (യഥാക്രമം) ഹംബർഗ്(Hamburg), ഫ്രാങ്ക്ഫർട്ട് (Frankfurt),വേസ്ബാഡൻ(Wiesbaden), ഗ്രോ

സ് ഗ്രൗ (Gross Gerau) ഡസ്സൻ ബച്ച് (Dietzenbach)

ജർമനിയിൽ ചന്ദ കൊടുക്കുന്നവരിൽ മുതിർന്നവരുടെ കണക്ക്(യഥാക്രമം) റോഡർമാർക് (Rodermark), ന്യൂയിസ്(Neuss), നിഡ്ഡാ (Nidda), മഹ്ദിയാബാദ്, മായിൻസ്(Mainz), കോബ്ലൻസ് (koblenz), ഹനാഉ(Hanaue), ലാങ്ങൻ (Langen), ഫ്ലോർശെയിം(Florsheim), ബെൻശെയിം,(Bensheim),പിന്നേബർഗ്(Pinneberg).

അത്ഫാൽ ലഡ്ജർ (യഥാക്രമം) ആദ്യത്തെ 5 റീജ്യണുകൾ: ഹെസ്സൻ-സഡ്-ഓസ്റ്റ്(Hessen-Sud-Ost), ഹെസ്സൻ-മൈറ്റി(Hessen-Mitte), റീൻലാന്റ്-ഫാൾസ്(Rheinland-Pfalz), വെസ്റ്റ് ഫാളൻ(Westfalen), ടൗണസ്(Taunus)

പാക്കിസ്ഥാനിലെ ആദ്യ മൂന്ന് ജമാഅത്തുകൾ (യഥാക്രമം) ലാഹോർ, റബ്വ, കറാച്ചി. ചന്ദഃ കൊടുക്കുന്നവരിൽ മുതിർന്ന ആളുകളുടെ കണക്ക് (യഥാക്രമം) ജില്ലാ അടിസ്ഥാനത്തിൽ; ഇസ്‌ലാമാബാദ്, റാവൽപിണ്ടി, സർഗോദാ, ഗുജറാത്ത്, ഗുജറൻവാലാ, ഉമർകോട്ട്, ഹൈദ്രാബാദ്, പിശാവർ, മീർപൂർഖാസ്, ഡേറാഘാസി ഖാൻ.

പിരിവിന്റെ അടിസ്ഥാനത്തിൽ ആദ്യ 10 ജമാഅത്തുകൾ (യഥാക്രമം); ഡിഫൻസ് ലാഹോർ, ഇസ്‌ലാമാബാദ് സിറ്റി, ടൗൺഷിപ്പ് ലാഹോർ, കിൽഫട്ടൺ കറാച്ചി, ദാറുദിക്ർ ലാഹോർ, ഗുൽശനാബാദ് കറാച്ചി, സമനാബാദ്, അസീസാബാദ് കറാച്ചി, റാവൽപിണ്ടി സിറ്റി, അല്ലാമാ ഇക്ബാൽ ടൗൺ ലാഹോർ.

അത്ഫാൽ ലഡ്ജർ പാക്കിസ്താൻ: ആദ്യത്തെ മൂന്ന് വലിയ ജമാഅത്തുകൾ(യഥാക്രമം) ലാഹോർ, കറാച്ചി, റബ്വ.

അത്ഫാൽ ലഡ്ജർ ജില്ലകളുടെ സ്ഥാനത്തിൽ(യഥാക്രമം): ഇസ്‌ലാമാബാദ്, ഗുജറൻവാലാ, സർഗോദാ, ശേഖുപുര, ഫൈസലാബാദ്, ഡേറാഘാസി ഖാൻ, ഗുജറാത്ത്, ഉമർകോട്ട്, നാരോവാൾ, ബഹാവൽ നഗർ.

കനഡയിലെ ഇമാറാത്തുകൾ(യഥാക്രമം); വഹാൻ (Vaughan) പീസ്‌വില്ലേജ്(Peace Village), വങ്കൗർ(Vancouver), ബ്രാംട്ടൺ-വെസ്റ്റ്(Brampton-West), ടൊറോന്റോ-വെസ്റ്റ് (Toronto -West),

കനഡയിലെ ആദ്യ 10 ജമാഅത്തുകൾ (യഥാക്രമം) ബ്രഡ്ഫോർഡ്(Bradford), ഡർഹം (Durham), മിൽട്ടൺ ഈസ്റ്റ്(Milton-East), എഡ്മൺടൺ വെസ്റ്റ്(edmonton West), വിൻഡ്സർ(Windsor) മിൽട്ടൺ വെസ്റ്റ് (Milton West), റജിനാ(Regina), ഒട്ടാവ വെസ്റ്റ് (Ottawa West), എയർഡ്രി(Airdrie), അബോട്ട്സ്ഫോർഡ്(Abbotsford).

അത്ഫാൽ ലഡ്ജർ ആദ്യത്തെ ഇമാറാത്തുകൾ(യഥാക്രമം): ടൊറോന്റൊ-വെസ്റ്റ് (Tronto-West) പീസ്‌വില്ലേജ്(Peace village) കാൽഗരി(Calgary), ബ്രാംട്ടൺ-വെസ്റ്റ്(Brampton-West),

അത്ഫാൽ ലഡ്ജർ(ആദ്യത്തെ ജമാഅത്തുകൾ(യഥാക്രമം) ബ്രഡ്ഫോർഡ്(Bradford), ഡർഹം(Durham), മിൽട്ടൺ വെസ്റ്റ് (Milton-west), ലണ്ടൻ(London), ഹമിൽടൺ മൗണ്ടൻ (Hamilton Mountain)

പിരിവിവന്റെ അടിസ്ഥാനത്തിൽ അമേരിക്കയിലെ 10 ജമാഅത്തുകൾ(യഥാക്രമം) മെരീലാന്റ്(Maryland), ലോസ് ഏഞ്ചൽസ് (Los Angeles), സിയാട്ടൽ(Seattle), സിലിക്കൺ വാലി(Silicon Valley), ബോസ്റ്റൺ(Boston), ആസ്റ്റൺ(Aston), ഓഷ്കോഷ്(Oshkosh), സൈറാകോസ്(Syracose), റോചസ്റ്റർ (Rochester), മിന്നെസോട്ട(Minnesota),

അത്ഫാൽ ലഡ്ജർ; 10 ജമാഅത്തുകൾ (യഥാക്രമം) മേരീലാന്റ്(Maryland), ലോസ് ഏഞ്ചൽസ് (Los Angeles), സിയാട്ടൽ(Seattle), ഓർലാന്റോ(Orlando), സിലിക്കൺ വാലി (Silicon Valley), ആസ്റ്റൺ(Aston), ഓഷ്കോഷ് (Oshkosh), മിന്നെസോട്ട(Minnesota), ലാസ് വേഗസ്(LasVegas) ഫിറ്റിച്ച്ബർഗ്(Fitchburge)

ഇന്ത്യയിലെ സംസ്ഥാനങ്ങൾ; (യഥാക്രമം) കേരളം, തമിഴ്നാട്, ജമ്മുകശ്മീർ, തെലുങ്കാന, കർണാടക, ഒഡീഷ, പഞ്ചാബ്, പശ്ചിമബംഗാൾ, ഡൽഹി, ഉത്തർപ്രദേശ്.

ജമാഅത്തുകൾ: (യഥാക്രമം) കോയമ്പത്തൂർ, ഖാദിയാൻ, പത്തപ്പിരിയം, ഹൈദ്രാബാദ്, കൽക്കത്ത, ബാംഗ്ലൂൾ, കോഴിക്കോട്, കണ്ണൂർ ടൗൺ, ഋഷിനഗർ, കേരംഗ്

ആസ്ട്രേലിയയിലെ ജമാഅത്തുകൾ(യഥാക്രമം) മൽബറൺ(Melbourne Langwarrin), കാസ്റ്റിൽ ഹിൽ(Castle Hill), മാഴ്സഡൺ പാർക്ക്(Marsden Park), മൽബറൺ ബേർവിക് (Melbourne Berwick), എഡീലഡ് സൗത്ത് (Adelaide South), മൗണ്ട് റോയിട്ട്(Mount Druitt), പെൻറിത് (penrith), പേർത്ത്(Perth), ലോഗൺ ഈസ്റ്റ്(Logan-East), ബ്ലാക് ടൗൺ (Black Town)

ചന്ദ കൊടുക്കുന്ന മുതിർന്നവരുടെ ലഡ്ജർ പ്രകാരം ജമാഅത്തുകൾ(യഥാക്രമം); മൽബറൺ(Melbourne Langwarrin), കാസ്റ്റിൽ ഹിൽ (Castle Hill), മാഴ്സഡൺ പാർക്ക്(Marsden Park), മൽബറൺ ബെർവിക്(Melbourne Berwick), പെൻറിത് (penrith),മൗണ്ട് റോയിട്ട് (Mount Druitt), ബ്ലാക് ടൗൺ(Black Town), എഡീലഡ് സൗത്ത്(Adelaide South), പേർത്ത് (Perth),കാൻബറാ (Canberra).

അത്ഫാലിൽ ഓസ്ത്രേലിയായിലെ ജമാഅത്തുകൾ:മൽബറൺ(Melbourne Langwarrin), എഡീലഡ് സൗത്ത്(Adelaide South), മൽബറൺ ബെർവിക്(Melbourne Berwick), മൗണ്ട് റോയിട്ട്(Mount Druitt), ലോഗൺ ഈസ്റ്റ്, (Logan-East), പെൻറിത് (penrith), കാസ്റ്റിൽ ഹിൽ(Castle Hill),മൽബറൺ ഈസ്റ്റ് (Melbourne East), പേർത്ത്(Perth), എഡീലഡ് വെസ്റ്റ്(Adelaide West).

അല്ലാഹു ഈ ധനത്യാഗത്തിൽ പങ്കെടുത്തവരുടെ സമ്പത്തിലും ആയുസ്സിലും സീമാതീതമായ അനുഗ്രഹങ്ങൾ ചൊരിയുമാറാകട്ടെ. അവർക്ക് ആത്മീയ പുരോഗതി നൽകുമാറാകട്ടെ. ഇവർക്ക് അല്ലാഹുവിനോടും സൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റാൻ തൗഫീഖ് നല്കുമാറാകട്ടെ.

ഈ ദിവസങ്ങളിൽ ഞാൻ വീണ്ടും പാക്കിസ്താനിലെ അഹ്മദികൾക്ക് വേണ്ടി പ്രത്യേക ദുആക്ക് ആഹ്വാനം ചെയ്യുകയാണ്. അല്ലാഹു അവരുടെ പ്രയാസങ്ങളും അസ്വസ്ഥതകളും അകറ്റുമാറാകട്ടെ. ശത്രുക്കളുടെ കൈകളിൽ അവരിലേക്ക് എത്തുന്നത് തടയുമാറാകട്ടെ. ഇസ്ലാഹ് സാധ്യമല്ലാത്ത ശത്രുക്കളെ പിടികൂടാൻ അവൻ സാഹചര്യം ഒരുക്കുമാറാകട്ടെ. തടവുകാരുടെ വേഗത്തിലുള്ള മോചനത്തിനും സാഹചര്യമുണ്ടാകുമാറാകട്ടെ.

അൽജീരിയയിലും തടവുകാരുണ്ട്. അൽജീരിയായിലും ശക്തമായ എതിർപ്പുണ്ട്. അല്ലാഹു അവർക്കും സമാധാനവും ശാന്തിയും ഉണ്ടാക്കുമാറാകട്ടെ. പ്രത്യേകമായി ദുആകളിലും നഫ്ലുകളിലും സ്വദ്കകളിലും ശ്രദ്ധ ചെലുത്തുക. പാക്കിസ്താനിൽ പൊതുവെ അവസ്ഥകൾ ശരിയല്ല. അവർക്കു വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവിടെ സമാധാനമുണ്ടാക്കുമാറാകട്ടെ. അവർ പരസ്പരം കഴുത്തറുക്കാൻ തുനിയുകയാണ്. ഭീകരവാദവും കുഴപ്പങ്ങളും പ്രശ്നങ്ങളുമുണ്ട്. അത് അല്ലാഹു എത്രയുംവേഗം ഇല്ലാതാക്കാനുള്ള സാഹചര്യമൊരുക്കുമാറാകട്ടെ. അവിടെ സംവിധാനത്തിനും ഭരണകൂടത്തിനും ബുദ്ധി നൽകുമാറാകട്ടെ. അവർ യഥാർഥത്തിൽ പൊതു ജനങ്ങൾക്ക് സേവനം ചെയ്യുന്നവരാകുമാറാകട്ടെ. നീതിപൂർവം പ്രവർത്തിക്കുന്നവരാകുമാറാകട്ടെ. അതിവേഗം ദുഷ്കരമായിക്കൊണ്ടിരിക്കുന്ന പൊതുവിലുള്ള ലോകത്തിന്റെ അവസ്ഥകൾക്ക് വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു എല്ലാ മനുഷ്യകുലത്തോടും കരുണയോടെ പെരുമാറട്ടെ. (വിവർത്തനം: എച്ച്. ശംസുദ്ദീൻ, കാവശ്ശേരി. ടൈപ്പ് സെറ്റിംഗ്: ഹാശിം അശ്റഫ്, ആലപ്പുഴ)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

(പേജ് 1ൽനിന്ന്)

ഷ്ടികളുടെ അനശ്വരമായൊരു പരമ്പര ഉണ്ടാക്കിയത് അയാൾക്ക് അതിലേക്കുള്ള വഴികാട്ടൽ മറ്റുള്ളവരുടെ മേൽ എങ്ങനെയാണ് ഏല്പിക്കാൻ കഴിയുക എന്നതിലേക്കും ഈ വചനം സൂചന നല്കുന്നുണ്ട്. അല്ലെങ്കിൽ ഒരു കാലത്തെ ജനങ്ങൾക്ക് വഴികാട്ടിക്കൊണ്ട് പിന്നീടു വരുന്ന തലമുറകളെ എങ്ങനെ നിഷേധിക്കപ്പെട്ടവരായി വെക്കും. സ്വഷ്ടിക്കുന്നയാൾ ഒരാളും സ്വഷ്ടിപ്പിന്റെ ആവർത്തനം നടത്തുന്നയാൾ വേറെയാളുമാണെങ്കിൽ, സ്വഷ്ടിക്കുന്നയാൾ അനാദികാലംമുതലെ വഴികാണിച്ചു. അപ്പോൾ അതിന്റെ പരമ്പര തുടർന്നുവരുന്നയാൾ അതു ഗൗനിച്ചില്ലെന്ന് പറയാൻ കഴിയുമായിരുന്നു. എന്നാൽ, സ്വഷ്ടിക്കുന്നയാളും അതിന്റെ പരമ്പര തുടർന്നുവരുന്നയാളും ഒരേയൊരു റബ്ബാകുമ്പോൾ പിന്നീട് വരുന്ന തലമുറകളെ നിഷേധിക്കപ്പെട്ടവരാക്കി അവനെങ്ങനെയാണ് വെക്കാൻ കഴിയുക'(തഫ്സീറെ കബീർ, വാള്യം 2, പേജ് 72, പ്രസാധകർ ഖാദിയാൻ 2010)

## ഹദീഥുന്നബ്‌വി(സ):

**'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദി കാണിക്കുന്നില്ല.'**
**(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)**

**ത്വാലിബെ ദുആ:**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala**

## കലാമുൽ ഇമാം

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."**
**(മൽഫൂദാത്ത് വാള്യം 1, പേജ് 220)**

**ത്വാലിബെ ദുആ:**
**K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

**(പേജ് 2ൽനിന്ന്)**
ചന്ദ്രഗ്രഹണത്തിന്റെ ആദ്യത്തെ രാത്രി, അല്ലാഹുവിന്റെ പ്രകൃതിനിയമമനുസരിച്ച് അത് ചന്ദ്രമാസത്തിന്റെ 13-ാം രാത്രിയാണ്. സൂര്യഗ്രഹണത്തിന് മൂന്ന് പകൽ അല്ലാഹു പ്രകൃതിനിയമത്തിൽ നിശ്ചയിച്ചിരിക്കുന്നു. അതായത് ചന്ദ്രമാസത്തിന്റെ 27, 28, 29 ദിവസങ്ങൾ. സൂര്യന് ഗ്രഹണമുണ്ടാകുന്ന മൂന്ന് ദിവസങ്ങളിൽ ചന്ദ്രമാസത്തിന്റെ അടിസ്ഥാനത്തിൽ 28-ാം പകൽ ഇടയ്ക്കുള്ള ദിവസമാണ്. അതിനാൽ ഇതേ ദിവസങ്ങളിൽ ഹദീഥിന്റെ കൃത്യമായ ഇച്ഛയ്ക്കനുസരിച്ച് സൂര്യനും ചന്ദ്രനും റമളാനിൽ ഗ്രഹണമുണ്ടായി. അതായത് ചന്ദ്രഗ്രഹണം റമളാൻ 13-ന് രാത്രിയിലും സൂര്യഗ്രഹണം അതേ റമളാന്റെ 28-ാം പകലും.'(ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസാഇൻ, വാള്യം 22, പേജ് 203)

ഖമറിനു ഗ്രഹണമുണ്ടാകുമെന്നാണ് ഹദീഥിലുള്ളത്; ഹിലാലിനുണ്ടാകുമെന്നല്ല. സയ്യിദുനാ ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അല്ലയോ അജ്ഞന്മാരേ! കണ്ണുകൾക്ക് അന്ധത ബാധിച്ചവരേ! മൗലവി എന്ന സ്ഥാനത്തിന് ദുഷ്പ്പേരുണ്ടാക്കുന്നവരേ! അല്പം ചിന്തിക്കുക. ഹദീഥിൽ ചന്ദ്രഗ്രഹണത്തിന് 'ഖമർ' എന്ന പദമാണ് വന്നിട്ടുള്ളത്. ആദ്യരാത്രിയിലാണ് ഗ്രഹണമുണ്ടാകേണ്ടതെങ്കിൽ 'ഖമർ' എന്ന പദം വരുമായിരുന്നില്ല. പ്രത്യുത 'ഹിലാൽ' എന്ന പദം വരുമായിരുന്നു. നിഘണ്ടുകർത്താക്കളും ഭാഷാകാരന്മാരും ആദ്യരാത്രിയിലെ ചന്ദ്രന് 'ഖമർ' എന്ന പദം സ്വീകരിക്കുന്നില്ല. പ്രത്യുത മൂന്നു രാത്രിവരെ 'ഹിലാൽ' എന്നാണ് വിളിക്കപ്പെടുന്നത്. അതിനാൽ ഒരു വിശ്വാസിക്ക് ഇവിടെ ആദ്യരാത്രികൊണ്ട് മാസത്തിന്റെ ആദ്യരാത്രിയല്ല ഉദ്ദേശ്യം. പ്രത്യുത ചന്ദ്രന് ഗ്രഹണത്തിനുവേണ്ടി നിശ്ചയിച്ചിട്ടുള്ള രാത്രികളിൽ ആദ്യരാത്രിയാണ്. മാസത്തിന്റെ ആദ്യരാത്രിയാണ് ഉദ്ദേശ്യമെങ്കിൽ ഇവിടെ 'ഹിലാൽ' എന്ന പദം വരണമായിരുന്നു; ഖമർ എന്നല്ല. അതായത് ഈ വാക്യം ഇങ്ങനെ വരണമായിരുന്നു; '*യൻകസിഫുൽ ഹിലാലു ലിഅവ്വലി ലയ്‌ലത്തിൻ.*' ഇനി ചിന്തിക്കേണ്ടതാണ്. ഈ അറിവും വെച്ചിരിക്കുന്നവരാണ് മൗലവി എന്ന് പറയപ്പെടുന്നത്!! അവർക്ക് ഇതുവരെ ആദ്യരാത്രിയിലെ ചന്ദ്രന് അറബിഭാഷയിൽ എന്താണ് പറയുന്നതെന്നുപോലും വിവരമില്ല.' (ളമീമ രിസാല അഞ്ചാമെ ആഥിം, റൂഹാനീഖസാഇൻ, വാള്യം 1 പേജ് 330)

**മൂന്നു ദിവസംവരെ ചന്ദ്രൻ ഹിലാൽ ആകുന്നു.**

ചിലരുടെ പക്കൽ അത് ഏഴു ദിവസം വരെയാണ്.

സയ്യിദുനാ ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അറബികളുടെ ഭാഷയിൽ ചന്ദ്രനെ 'ഖമർ' എന്നു പറയുന്നത് ചന്ദ്രൻ മൂന്ന് ദിവസങ്ങളിൽ കൂടുതലാകുമ്പോഴാണ്. മൂന്ന് ദിവസംവരെ അതിന്റെ പേര് 'ഹിലാൽ' എന്നാണ്. 'ഖമർ എന്നല്ല.' ചിലരുടെ പക്കൽ 7 ദിവസംവരെ ഹിലാലാണ്. അങ്ങനെ 'ഖമർ' എന്ന പദത്തിന് ലിസാനുൽ അറബ് തുടങ്ങിയ ഗ്രന്ഥങ്ങളിൽ ഈ വാക്യമുണ്ട്. ഹുവ ബഅ്ദ ഥലാഥ ലയാലിൻ ഇലാ ആഖിരിശ്ശഹ്‌രി അപ്പോൾ എങ്ങനെയാണ് ആദ്യരാത്രിയിൽ 'ഖമറിന്' ഗ്രഹണമുണ്ടാകുമെന്ന അർഥം ശരിയാകുക. ഇതെങ്ങനെയുള്ള ഉദാഹരണമാണെന്നാൽ, 'ഇന്ന യുവതി ആദ്യരാത്രിതന്നെ ഗർഭിണിയാകുന്നതായിരിക്കും എന്നാരെങ്കിലും പറഞ്ഞാൽ അതുകേട്ട് ഏതെങ്കിലും മൗലവി സാഹിബ് വാശിപിടിച്ച് ആദ്യരാത്രികൊണ്ടുള്ള ഉദ്ദേശ്യം ആ കുട്ടി ജനിച്ച ദിവസമാണെന്ന് പറയുന്നതുപോലെയാണത്! ഈ അർഥം ശരിയാകുമോ?' (തുഹ്ഫയെ ഗോൾഡവിയ, റൂഹാനിഖാസാഇൻ, വാള്യം 17, പേജ് 138)

സയ്യിദുനാ ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ചന്ദ്രഗ്രഹണത്തിന്റെ ആദ്യദിവസം എപ്പോഴും 13-ാം തിയതി എന്ന് മനസ്സിലാക്കപ്പെടുന്നു. സൂര്യഗ്രഹണത്തിന്റേത് മധ്യപകൽ എന്നെന്നും മാസത്തിന്റെ 28-ാം തിയതിയാണെന്ന് ബുദ്ധിമാന്മാർ അറിയുന്നു. അത്തരം സുവ്യക്തമായ പ്രവചനത്തിൽ ഇപ്പോൾ ചർച്ച ചെയ്യുന്നതും ചന്ദ്രമാസത്തിന്റെ ആദ്യരാത്രി ഗ്രഹണമുണ്ടാകണമെന്ന് പറയുന്നതും അതായത് ചന്ദ്രൻ ആകാശത്തിന്റെ ഒരു അരികിലുള്ളപ്പോൾ ഗ്രഹണമുണ്ടാകണമെന്ന് പറയുന്നത് എത്രമാത്രം അക്രമമാണ്. ഇത്തരത്തിലുള്ള ബുദ്ധികളെ കരയിക്കുന്ന കരയുന്നവരെവിടെ? ആദ്യചന്ദ്രന് ഹിലാൽ എന്നാണ് പറയുന്നതെന്നുപോലും കരുതുന്നില്ല. അതുതന്നെയും വളരെ പ്രയാസത്താലാണ് കാണപ്പെടുന്നത്. ഇക്കാരണത്താലാണ് എപ്പോഴും പെരുന്നാൾ നാളുകളിൽ കലഹങ്ങളും ശണ്ഠകളുമുണ്ടാകുന്നത്. അതിനാൽ ഈ പാവത്തുങ്ങളുടെ ഗ്രഹണം എന്തായിരിക്കും.......(തുഹ്ഫയെ ഗോൾഡവിയ്യ, റൂഹാനിഖാസാഇൻ, വാള്യം 17, പേജ് 139)

**സൂര്യചന്ദ്ര ഗ്രഹണങ്ങൾ വെളിപ്പെടാൻ പോകുന്നുവെന്ന വാർത്ത കേട്ട് മൗലവിമാർ വെപ്രാളപ്പെട്ടു.**

ഈ വർഷത്തെ റമളാനിൽ സൂര്യചന്ദ്രഹണങ്ങൾ ഉണ്ടാകാൻപോകുന്നുവെന്ന് ജ്യോതിഷികൾ മുഖേന പ്രസിദ്ധമായപ്പോൾ അത് വാഗ്ദാനം നല്കപ്പെട്ട ഇമാമിന്റെ വെളിപ്പെടലിനുള്ള അടയാളമാണെന്ന് ജനഹൃദയങ്ങളിലുണ്ടായിരുന്നു. ആ നേരത്ത്, മഹ്ദിയും മസീഹുമാണെന്ന് വാദമുള്ള ഈ വ്യക്തിയാണ് മൈതാനത്തു നിൽക്കുന്നതെന്നും ജനങ്ങൾ അയാളിലേക്ക് ചായുമോയെന്നുമുള്ള ഭയം മൗലവിമാരുടെ മനസ്സുകളിൽ ഉണ്ടായി. അപ്പോൾ ഈ അടയാളം മറച്ചുവെക്കുന്നതിനുവേണ്ടി ഒന്നാമതായി ഈ റമളാനിൽ ഒരിക്കലും സൂര്യചന്ദ്രഗ്രഹണങ്ങൾ ഉണ്ടാകുകയില്ലെന്നും തങ്ങളുടെ ഇമാം മഹ്ദി വെളിപ്പെടുമ്പോഴായിരിക്കും ഉണ്ടാകുക എന്നും ചിലർ പറയാൻ തുടങ്ങി. റമളാനിൽ സൂര്യചന്ദ്രഗ്രഹണം ഉണ്ടായികഴിഞ്ഞപ്പോൾ ഈ സൂര്യചന്ദ്രഗ്രഹണം ഹദീഥിലെ വാക്കുകൾ അനുസരിച്ചല്ല ഉണ്ടായതെന്ന തന്ത്രം അവതരിപ്പിച്ചു. കാരണം ഹദീഥിൽ പറഞ്ഞിട്ടുള്ളത് ചന്ദ്രന് ഗ്രഹണം ഒന്നാമത്തെ രാത്രിയിലും സൂര്യഗ്രഹണം മധ്യ തിയതിയിലും ഉണ്ടാകുമെന്നാണ്. എന്നാൽ, ഈ ചന്ദ്രഗ്രഹണം 13-ാം തിയതി രാത്രിയിലാണുണ്ടായത്. സൂര്യഗ്രഹണമുണ്ടായത് 28-ാം തിയതിയിലുമാണ്. ഹദീഥിൽ പറഞ്ഞിരിക്കുന്നതിന്റെ ഉദ്ദേശ്യം മാസത്തിന്റെ ആദ്യ ദിവസമല്ലെന്നും ആദ്യ ദിവസത്തെ ചന്ദ്രന് 'ഖമർ' എന്നു പറയുകയില്ലെന്നും അതിന് 'ഹിലാൽ' എന്നാണ് പറയുന്നതെന്നും ഹദീഥിൽ 'ഖമർ' എന്നാണ് പറഞ്ഞിട്ടുള്ളതെന്നും 'ഹിലാൽ' എന്നല്ലെന്നും അവർക്ക് മനസ്സിലാക്കിക്കൊടുത്തു. ഹദീഥിന്റെ അർഥം ചന്ദ്രഗ്രഹണമുണ്ടാകുന്നതിനുവേണ്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ള ദിവസങ്ങളിലെ ആദ്യ രാത്രി ഗ്രഹണമുണ്ടാകുമെന്നാണ്. അതായത് 13-ാം തിയതി രാത്രി. സൂര്യഗ്രഹണത്തിനുവേണ്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ള തിയതികളിൽ മധ്യപകൽ അതായത് 28-ാം തിയതി സൂര്യഗ്രഹണവും ഉണ്ടാകുമെന്നാണ്. അപ്പോൾ ആ അജ്ഞന്മാരായ മൗലവിമാർ ഈ ശരിയായ അർഥം കേട്ട് വളരെ ലജ്ജിതരായി.'(ളരൂറത്തുൽ ഇമാം, റൂഹാനീ ഖസാഇൻ വാള്യം 13, പേജ് 507).

**ആയിരം രൂപ ഇനാം പ്രഖ്യാപിച്ചു കൊണ്ടുള്ള ഗംഭീരമായ വെല്ലുവിളി.**

ആ സമ്പൂർണന്റെ തേജോവിലാസത്തിൽ വീരത്വം കാണിക്കാതിരിക്കുക. അദ്ദേഹം അറബികളെക്കാളും അനറബികളെക്കാളും കൂടുതൽ വാഗ്വൈഭവമുള്ളയാളും പൂർവദിക്കിലും പശ്ചിമദിക്കിലും കൂടുതൽ സ്വീകാര്യനുമാണ്.

സയ്യിദുനാ ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ചന്ദ്രഗ്രഹണം റമളാനിന്റെ ആദ്യരാത്രിയിൽ ഒരിക്കലുമുണ്ടാകുകയില്ല. ആദ്യരാത്രി സംഭവിക്കാൻ ഒരു മാർഗവുമില്ല. കാരണം ഈ വാക്യത്തിൽ 'ഖമർ' എന്ന പദമാണുള്ളത്. മൂന്ന് ദിവസംവരെയുള്ള ചന്ദ്രന് 'ഖമർ' എന്നു പറയുകയില്ല. പ്രത്യുത മൂന്നു രാത്രിക്കുശേഷം മാസത്തിന്റെ അവസാനം വരെ 'ഖമർ' എന്നാണ് പറയുന്നത്. 'ഖമർ' എന്ന പേരുവെക്കപ്പെട്ടിട്ടുള്ളത് അത് പാൽനിലാവായതുകൊണ്ടാണ്. മൂന്ന് രാത്രിക്കുമുമ്പേ 'ഹിലാൽ' എന്നു പറയപ്പെടുന്നു. ഇതിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. ഇക്കാലംവരെ സകല അറബികളും യോജിച്ചിട്ടുള്ള കാര്യമാണിത്. ഭാഷാകാരന്മാരിൽ ആരും ഇതിനെതിരില്ല. നിഷേധിക്കുന്നവരുമില്ല. എന്നാൽ, കാഴ്ച കുറഞ്ഞവനും തിരിച്ചറിവുശക്തി മരിച്ചവനും വിഡ്ഢിയുമല്ലാതെ ആരുടെ വായിൽനിന്നും അത്തരം വാക്യം പുറപ്പെടുകയില്ല; അല്ലെങ്കിൽ പകയുള്ളവനും മനഃപൂർവ്വം തന്നെ സ്വയം അജ്ഞനാക്കുന്നവനും! ബുദ്ധിമാന്മാരുടെ വായിൽനിന്ന് അത്തരം വാക്യം കേൾക്കുകയില്ല. നിങ്ങൾക്ക് സംശയമുണ്ടെങ്കിൽ ഖാമൂസും താജുൽ ഉറൂസും സ്വിഹാഹും വലിയ ഗ്രന്ഥമായ ലിസാനുൽ അറബും അപ്രകാരംതന്നെ എല്ലാ നിഘണ്ടു ഗ്രന്ഥങ്ങളും സാഹിത്യങ്ങളും കവികളുടെ കവിതകളും പൗരാണികരുടെ അർച്ചനാഗീതങ്ങളും സൂക്ഷ്മമായി പരിശോധിക്കുക. ഇതിനു വിരുദ്ധം നീ സ്ഥാപിച്ചു കാണിച്ചാൽ നാം 1000 രൂപ നിനക്ക് ഇനാം നല്കുന്നതാണ്. അതിനാൽ സയ്യിദുൽഅമ്പിയായുടെ ഗ്രന്ഥത്തേയും പണ്ഡിതന്മാരുടെ ഗുരുവിന്റെ വചനങ്ങളേയും അതിന്റെ യഥാർഥ അർഥങ്ങളിൽനിന്ന് തെറ്റിക്കാതിരിക്കുക. അല്ലയോ മിസ്കീൻ! അല്ലാഹുവിനെ ഭയപ്പെടുക. ആ സമ്പൂർണന്റെ തേജോവിലാസത്തിൽ വീരത്വം കാണിക്കാതിരിക്കുക. അദ്ദേഹം അറബികളെക്കാളും അനറബികളെക്കാളും കൂടുതൽ വാഗ്വൈഭവമുള്ളയാളും പൂർവദിക്കിലും പശ്ചിമദിക്കിലും കൂടുതൽ സ്വീകാര്യനുമാണ്. നിന്റെ മനസ്സ് ഇക്കാര്യത്തിൽ 'ഫത്‌വ' നല്കുകയാണോ? കുറ്റങ്ങൾ ബോധ്യപ്പെടുത്തി മാപ്പുകൊടുക്കുന്നവനും വളരെ നന്നായി സംസാരിക്കുന്നവനുമായ മനുഷ്യൻ, ആ മഹാത്മാവിന് വാക്യങ്ങളുടെ സമാഹാരം പ്രദാനം ചെയ്യപ്പെട്ടതിൽ നിന്റെ മനസ്സ് തൃപ്തയല്ലേ! വാക്യങ്ങളുടെ സമുച്ചയം അദ്ദേഹത്തിനു ലഭിച്ചു. അത് സാഹിതീയ സൗന്ദര്യത്തിന്റേയും അർഥഗാംഭീര്യത്തിന്റേയും മുത്തുകൾകൊണ്ടും അറബിയിലെ ദുഷ്പ്രാപ്യമായ ലേഖനങ്ങൾകൊണ്ടും സാഹിത്യസമ്പുഷ്ടികൊണ്ടും ഭാഷയുടെ പ്രേമവായ്പ കൊണ്ടും യുക്തിപരമായ ജ്ഞാനങ്ങൾകൊണ്ടും നിറഞ്ഞതായിരുന്നു. അവർതന്നെ ഈ ഇളക്കത്തിൽ പെട്ടുപൊകുന്നതെങ്ങനെ. ശരിയായതും സാഹിത്യപരവുമായിട്ടുള്ള വാക്ക് ഉപേക്ഷിച്ച് ഭാഷാശൈലിയില്ലാത്തതും വൃത്തികെട്ടതും തെറ്റായതുമായ പദം ഉപയോഗിക്കുക! എന്നല്ല ജനങ്ങളാൽ അംഗീകരിക്കപ്പെട്ടതിനു വിരുദ്ധമായത് വിവരിക്കുക. കാലഘട്ടത്തിലെ പണ്ഡിതശ്രേഷ്ഠരുടെ സ്വീകാര്യമായ പദങ്ങളെ ഉപേക്ഷിക്കുകയും ചിരിക്കുന്നവർക്ക് അതിനുള്ള വക നല്കുകയും ചെയ്യുക. അല്ലാഹുവാണ! ഈ വ്യക്തമായ തെറ്റും നിന്ദിതനാക്കുന്ന വിറയലും ഏതെങ്കിലും ഉറഞ്ഞബുദ്ധിയിൽനിന്നും നിസാരമായ അഭിപ്രായം പറയുന്നവനിൽനിന്നു പോലും ഉണ്ടാകുക സാധ്യമല്ല. എങ്ങനെ അവരിൽനിന്നുണ്ടാകാനാണ്? സാഹിത്യത്തിന്റെ മൈതാനത്തിലെ സവാരിക്കാരനാണ്. എന്നല്ല സവാരിക്കാരുടെ നേതാവാണ്. നിങ്ങൾക്കെന്തു പറ്റി. നിങ്ങൾ അല്ലാഹുവിന്റേയും റസൂലിന്റേയും ആദരവ് നോക്കുന്നില്ല. തന്റേടം കാണിക്കുന്നവരുടെ സംഘമേ! നിങ്ങളുടെ പിശുക്ക് നിങ്ങൾക്ക് വളരെ ഇഷ്ടപ്പെട്ടതും പ്രിയപ്പെട്ടതുമാണ്. നബി(സ)തിരുമേനിയോട് നിങ്ങൾക്ക് സ്നേഹമില്ല.

അടുത്തുതന്നെ ഈ അഹങ്കാരത്തിന്റേയും തന്റേടത്തിന്റേയും തിക്തഫലംകൊണ്ട് ആകാശം പൊട്ടിപ്പിളരും. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുകയും സത്യത്തിന്റെ ക്ഷണം സ്വീകരിക്കുകയും ചെയ്യുക.

സയ്യിദുനാ ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഭാഷാകാരന്മാരുടെ വാക്യങ്ങളിൽ ഈ പദത്തിന്റെ ഉപയോഗം സ്ഥാപിതമല്ലെന്നതും ഏതെങ്കിലും വാഗ്വൈഭവമുള്ളതോ ഇല്ലാത്തതോ ആയ വാക്യത്തിൽ ഈ പദം കാണുന്നില്ലെന്നതും പച്ചയായതും ഉണങ്ങിയതും ശേഖരിക്കുന്നവനും ഗതിമുട്ടിയനേരത്ത് ഈ പദം എഴുതിയിട്ടില്ലെന്നതും ഈ പദം ആ അവസരത്തിൽ ഭാഷാശൈലിക്ക് വിരുദ്ധവും അജ്ഞാതവുമാണെന്ന് നിങ്ങൾ തിരിച്ചറിയുന്നില്ലേ. അതുകൊണ്ട് എങ്ങനെയാണ് സാഹിത്യത്തിന്റെ സമ്രാട്ടും സേനാപധിയുമായവന്റെ നാവിൽ ഈ പദം വരുന്നത്. ഈ പദംകൊണ്ടു നിങ്ങളുടെ ബുദ്ധികൾ പരീക്ഷിക്കപ്പെട്ടു. നിങ്ങളുടെ അനുകരണം അനുമാനിക്കപ്പെട്ടു. നിങ്ങളുടെ അറിവിന്റേയും പാണ്ഡിത്യത്തിന്റേയും സാഹിത്യയാഥാർഥ്യത്തിന്റേ

**(ശേഷം പേജ് 12ൽ)**

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ജർമൻ പര്യടനം. 2019-(ജൂലായ്)

**വിവർത്തനം: അമീൻ മുഹമ്മദ് മാത്ര**

**(2019 ജൂലായ് 08 തിങ്കളാഴ്ച തുടർച്ച)**

✱ ഒരതിഥി:'എന്റെ മാതാവും പിതാവും രോഗികളാണ് അവരുടെ ആരോഗ്യത്തിനു വേണ്ടി ദുആയ്ക്ക് അപേക്ഷിക്കുന്നു. ഉമ്മയും ബയ്അത്ത് ചെയ്തിട്ടുണ്ട്.

ഹുദൂർ അൻവർ: അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

വിവാഹസംബന്ധമായി ഹുദൂർ അൻവർ പറഞ്ഞു: ആൺകുട്ടികളുടെ വിവാഹം മുറപോലെ നടക്കുന്നുണ്ട്. പെൺകുട്ടികളുടെ വിവാഹത്തെ കുറിച്ചാണ് കൂടുതൽ ആശങ്കയുള്ളത്.

✱ഒരതിഥി: ചില യുവാക്കൾ നമ്മുടെ അനുകൂലികളായിട്ടുണ്ട്.

ഹുദൂർ: ദുആ ചെയ്തു കൊണ്ടിരിക്കുക. ശ്രമങ്ങളും നടത്തുക. ഇൻശാ അല്ലാഹ് അവർ കൂടുതൽ അടുത്ത് വരുന്നതായിരിക്കും.

✱ ഒരതിഥി തന്റെ സുഹൃത്തുക്കൾ ഊർജ്ജസ്വലരായ പ്രവർത്തകരായിത്തീരാൻ ഹുസൂറിനോട് ദുആക്കപേക്ഷിച്ചു. ഒക്ടോബറിൽ നമ്മുടെ ജൽസാ സാലാന നടക്കുകയാണ്. ഇതിന്റെ വിജയത്തിനു വേണ്ടിയും ദുആയ്ക്കപേക്ഷിക്കുന്നു. ഇൻശാ അല്ലാഹ് ഏകദേശം 350 പേർ പങ്കെടുക്കും.

✱ ഒരു സ്നേഹിതൻ തന്റെ സഹോദരനു വേണ്ടി മാനസ്സികമായ ആരോഗ്യം വീണ്ടും കിട്ടാൻ ദുആയ്ക്കപേക്ഷിച്ചു.

ഹുദൂർ പറഞ്ഞു: അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ

✱ നിർമത പ്രസ്ഥാനവുമായി ബന്ധമുള്ള ഒരു അഹ്മദിയുടെ സ്നേഹിതൻ ജേസിം മുസ്ഹാഖി (Gezim Muzhaqi)പറയുന്നു: ഞാൻ ഏതാനും വർഷങ്ങൾക്കുമുമ്പേയാണ് ജമാഅത്തുമായി ബന്ധപ്പെടുന്നത്. മതത്തെ സംബന്ധിച്ച് പ്രത്യേകിച്ചും ഇസ്‌ലാമിനെ സംബന്ധിച്ച് അഹ്മദിയ്യാ ജമാഅത്ത് നല്കുന്ന തെളിവുകൾ വളരെ ബുദ്ധിപരമായി എനിക്കു തോന്നുകയും ഞാനതിനെ ഇഷ്ടപ്പെടുകയും ചെയ്തു. ഇതിനു മുമ്പേ മൗലവിമാരിൽനിന്നുകേട്ട ബാലിശമായ കഥകൾ കാരണത്താൽ മതത്തോട് ഹൃദയാത്മന അകൽച്ചയുണ്ടായിരുന്നു. ഏതാനും വർഷം മുമ്പേ ഞാൻ ബയ്അത്ത് ചെയ്തു. ഇപ്പോൾ മെല്ലെ മെല്ലെ ഇസ്‌ലാമിക ചിഹ്നങ്ങൾ ജീവിതത്തിൽ ശീലിച്ചു വരുന്നു. ഇപ്രാവശ്യത്തെ ജൽസാസാലാന എനിക്ക് സവിശേഷമായി തോന്നി. സംവിധാനങ്ങളും ആതിഥേയത്വവും ഓരോ വർഷവും വളരെയധികം മികച്ചതായി വരുന്നുണ്ട്. ഹുദൂറിന്റെ വനിതകളോടുള്ള പ്രഭാഷണവും സമാപന പ്രഭാഷണവും വളരെ നല്ലതായിരുന്നു. ഈ പ്രഭാഷണത്തിൽ ഹുദൂർ പുരുഷന്മാർക്ക് നല്കിയ സന്ദേശം വളരെ മികച്ചതായിരുന്നു.

✱ വനിതാ അതിഥി ബ്ലർടിനാ കോക(Blertina Koka) സാഹിബ പറയുന്നു: ഞാൻ ആദ്യമായാണ് ജൽസയിൽ വന്നത്. അൽബേനിയൻ ഭാഷയിൽ മാസ്റ്റർ ഡിഗ്രിയെടുത്തു. ജമാഅത്തിന്റെ അൽബേനിയൻ വെബ്സൈറ്റിനുവേണ്ടി ഹുദൂർ അൻവറിന്റെ പ്രഭാഷണങ്ങളുടെ ചില ഭാഗങ്ങളും പ്രസ്സ് റിലീസും തർജമ ചെയ്തു. ഇതുവരെ എനിക്ക് ഹുദൂറിനെ കുറിച്ച് പരോക്ഷമായ പരിചയമേയുണ്ടായിരുന്നുള്ളു. ഹുദൂറിന്റെ സമാധാനത്തിനുവേണ്ടിയുള്ള ശ്രമങ്ങളും സന്ദേശങ്ങളും വായിച്ചപ്പോൾ വളരെ ആകർഷണം തോന്നി. എന്നാൽ അങ്ങയുമായി കണ്ടതിനുശേഷം അങ്ങയുടെ വിനയവും സഹജബോധവും സീമാതീതമായ നിലയിൽ വശീകരിക്കുകയുണ്ടായി. യഥാർഥത്തിൽ അങ്ങയുടെ വ്യക്തിത്വത്തിന്റെ മൂല്യവും നിലയും ഞാൻ വിചാരിച്ചതിനേക്കാൾ എത്രയോ അധികമാണ്. എനിക്ക് അങ്ങയോട് വളരെ നന്ദിയുണ്ട്.

✱ ഒരു അഹ്മദി വനിത ശേൻസില കാഡ്രിയു(Xhensila Kadriu) സാഹിബ പറയുന്നു: ഞാനും ആദ്യമായാണ് ജൽസയിൽ പങ്കെടുക്കുന്നത്. എന്റെ പിതാവ് എല്ലാ വർഷവും ജൽസയിൽ പങ്കെടുത്തു വരുന്നുണ്ട്. എന്നാൽ, ഇപ്രാവശ്യം പിതാവിന് സുഖമില്ലാത്തതിനാൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. അൽബേനിയൻ സമൂഹം ആതിഥേയത്വത്തിന് പ്രസിദ്ധമാണ്. ഇവിടെ എത്തിയപ്പോൾ ആതിഥേയത്വത്തിന്റെ നിലവാരം അതിനേക്കാൾ എത്രയോ മികച്ചതാണെന്ന് മനസ്സിലായി.

ഹുദൂർ: നിങ്ങൾ അൽബേനിയക്കാർ ജർമനിയുമായി മത്സരം നടത്തിയിരിക്കുന്നു. ഇപ്പോൾ ജർമൻകാർക്ക് ഇതിലും കൂടുതൽ ഉന്നതനിലവാരത്തിലേക്ക് തങ്ങളെ എത്തിക്കേണ്ടി വരും.

✱ ഒരതിഥി പറയുന്നു: അൽബേനിയയിൽ മുറബ്ബി തനിച്ചാണുള്ളത്. ജോലി വളരെ കൂടുതലാണ്.

ഹുദൂർ: നിങ്ങൾ ജമാഅത്ത് ഉണ്ടാക്കുക. ജമാഅത്തിന്റെ എണ്ണം വർധിപ്പിക്കുക. ഇപ്പോഴിത് നിങ്ങൾക്കൊരു വെല്ലുവിളിയാണ്.

✱ ജർമനിയിൽ താമസമുള്ള അൽബേനിയൻ കാരനായ ഒരതിഥി ഇലിർ സിലാണ്ട്ജി (ILIR CYLANDJI) സാഹിബ് പറയുന്നു: ജൽസസാലാന ഓരോ അഹമദി മുസ്‌ലിമിനും ഒരു മഹനീയമായ ആത്മീയ സമ്മേളനമാണ്. ഇതിൽ ജമാഅത്തംഗങ്ങളെ കൂടാതെ ഇതര മതങ്ങളിലേയും സമൂഹങ്ങളിലെ വ്യക്തികളും വളരെ വലിയൊരളവോളം പങ്കെടുത്തിരുന്നു. ജൽസാസാലാനയിൽ പങ്കെടുക്കുമ്പോൾ ഒരു ഭാഗത്ത് ഇസ്‌ലാമിന്റെ അടിസ്ഥാന അധ്യാപനങ്ങളെ കുറിച്ച് ബോധവാനാകുന്നു എന്നു മാത്രമല്ല അഹ്മദിയ്യാ ജമാഅത്തിലെ സുസ്ഥിരമായുള്ള ഖിലാഫത്ത് സംവിധാനം മുഖേന ഈ സുന്ദരമായ അധ്യാപനങ്ങളുടെ കർമപരമായ മാതൃക കണ്ടു പരിചയിക്കാനുള്ള അവസരവും ലഭിക്കുന്നു. ഈ മൂന്ന് ദിവസങ്ങളിൽ പുരുഷന്മാരുടേയും സ്ത്രീകളുടേയും ജൽസാഗാഹിൽ വിവിധ സമ്മേളനങ്ങൾ നടന്നുവരുന്നു. ഇതിൽ വർത്തമാനകാല മാറ്റങ്ങൾക്കും വെല്ലുവിളികൾക്കുമെതിരിൽ ഇസ്‌ലാമിന്റെ സുന്ദരമായ അധ്യാപനങ്ങൾ അവതരിപ്പിക്കപ്പെടുന്നു.

ഒരു അഹ്മദി മുസ്‌ലിം എന്ന നിലയിൽ വർഷം മുഴുവനും ഈ ആത്മീയ ജൽസക്കായി വളരെ തയ്യാറെടുപ്പോടെ ഞാൻ കാത്തിരിക്കുന്നു. കാരണം, ഇവിടെ ഒരു യഥാർഥ സാഹോദര്യത്തിന്റെ ആത്മാവ് ദൃശ്യമാകുന്നു. അത് വിവരണാതീതമാണ്. ഈ നിഷ്കളങ്കവും സ്വാഭാവികവുമായ സ്നേഹപ്രകടനം എല്ലാ ജമാഅത്തംഗങ്ങളിൽനിന്നുമുണ്ടാകുന്നു ഞാൻ സ്വർഗത്തിലാണെന്നാണ് ഈ ജൽസയിലിരിക്കുമ്പോൾ എനിക്ക് തോന്നുന്നത്. ലോകത്തെ ഏറ്റവും ഭാഗ്യശാലിയായ മനുഷ്യനാണ് ഞാൻ. ജൽസാ അവസാനിക്കുന്നതോടെ അടുത്ത ജൽസക്ക് അക്ഷമയോടെ കാത്തിരിക്കുന്നു. അല്ലാഹു ഈ ജമാഅത്തിന് അവന്റെ എണ്ണമറ്റ അനുഗ്രഹങ്ങൾ നല്കിയനുഗ്രഹിക്കുമാറാകട്ടെ.ആമീൻ

✱ ജർമനിയിൽ താമസമുള്ള ഒരു അൽബേനിയൻ സ്നേഹിതൻ സ്കന്തർ മിഫ്താരി (Skender Myftari)പറയുന്നു: 'ജൽസാ സാലാന എനിക്ക് അനിതരസാധാരണമായ സന്തോഷവും ആനന്ദവും കൊണ്ടു വരുന്നു. കാരണം ഇതിൽ നമുക്ക് പ്രിയപ്പെട്ട ഹുദൂറുമായി കൂടിക്കാഴ്ചക്കുള്ള അവസരം ലഭിക്കുന്നു. ഹുദൂറിന്റെ പിന്നിൽ നമസ്കരിക്കാനും പ്രഭാഷണങ്ങൾ ശ്രവിക്കാനും അവസരം ലഭിക്കുന്നു. ഇതേ പോലെതന്നെ ഇതര രാജ്യങ്ങളിൽനിന്നു വരുന്ന അഹ്മദി സഹോദരന്മാരെ കാണാനും അവസരം ലഭിക്കുന്നു.

✱ ഒരു അൽബേനിയൻ സ്നേഹിതൻ ഹൈഹരി ടർബേതാരി(Hairi Turbetari) പറയുന്നു: എനിക്ക് ഈ ജമാഅത്തിന്റെ ഭാഗമായതിൽ വളരെയധികം സന്തോഷമുണ്ട്. ഞാൻ ബയ്അത്ത് ചെയ്ത് 5 വർഷമായി. ഓരോ വർഷവും ജൽസയിൽ വരുമ്പോൾ പുതിയ ചില കാര്യങ്ങൾ പഠിക്കുന്നു. ജമാഅത്തിന്റെ ഭാഗമായതിൽ എനിക്ക് അഭിമാനമുണ്ട്. കൂടുതൽ കൂടുതൽ പേരെ അല്ലാഹു ഈ അനുഗൃഹീത ജമാഅത്തിന്റെ ഭാഗമാക്കട്ടെ എന്നതാണ് എന്റെ പ്രാർഥന.

ഒരു അഹ്മദി സ്നേഹിതൻ പറയുന്നു: അഹ്മദിയ്യത്ത് സ്വീകരിച്ചത് എനിക്ക് ലഭിച്ച വളരെ വലിയ സൗഭാഗ്യമാണ്. ഇസ്‌ലാമിനു വേണ്ടി വലിയൊരു വ്യക്തിയായി മാറണമെന്ന് എനിക്ക് പലപ്പോഴും തോന്നിയിരുന്നു.

ഹുദൂർ: പ്രചാരണം നടത്തിക്കൊണ്ടേയിരിക്കുക. അഞ്ചു നേരവും നമസ്കരിക്കുക. നിങ്ങൾ വലിയ വ്യക്തിത്വമായി മാറും. ഇൻശാഅല്ലാഹ്

അൽബേനിയൻ സംഘവുമായുള്ള ഈ കൂടിക്കാഴ്ച 12.30 വരെ നീണ്ടു നിന്നു. ഒടുവിൽ ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും എല്ലാവർക്കും അവസരം ലഭിച്ചു.(ബദ്ർ ഉർദു പത്രം, 2019 ഒക്ടോബർ 3-10)

## 126-ാമത് ജൽസാസാലാന ഖാദിയാൻ

**2021 ഡിസംബർ 24, 25, 26 എന്നീ തിയതികളിൽ സംഘടിപ്പിക്കുന്നതായിരിക്കും ഇൻശാഅല്ലാഹ്**

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് 2021 ഡിസംബർ 24, 25, 26(വെള്ളി ശനി, ഞായർ) എന്നീ ദിവസങ്ങളിൽ ഖാദിയാനിൽ ജൽസാസാലാന നടത്താൻ അനുമതി നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽത്തന്നെ ദുആ ചെയ്യുന്നതോടൊപ്പം ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കുമെന്ന് നിയ്യത്തുവച്ച് തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവികജൽസയിൽനിന്ന് അനുഗ്രഹമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ഈ ജൽസാ എല്ലാ വിധത്തിലും വിജയപ്രദവും അനുഗൃഹീതവുമാകുന്നതിനും സൗഭാഗ്യരായവർക്ക് സന്മാർഗത്തിന് നിമിത്തമാകുന്നതിനും ദുആ ചെയ്യാൻ അപക്ഷിക്കുകയാണ്. ജസാക്കുമുല്ലാഹു അഹ്സനുൽ ജസാഇ. **(നാളിർ ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ്യ ഖാദിയാൻ)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി Weekly **BADAR** Qadian
ഖാദിയാൻ
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 25 February 2021 Issue-8

MANAGER
Sheik Mujahid

Mobile: 91 9913379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

## ലാറ്റ്വിയൻ(Latvia) സംഘവുമായുള്ള കൂടിക്കാഴ്ച

അതിനുശേഷം ലാറ്റ്വിയൻ സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി.

✸ ഒരു ലാറ്റ്വിയൻ അതിഥി ഫഖ്റുദ്ദീൻ സാഹിബ് പറയുന്നു: 'ഞങ്ങൾ വളരെയധികം സന്തോഷവാന്മാരാണ്. ഞങ്ങൾക്ക് ലഭിച്ച ആദരവും സ്നേഹവും വളരെ അപ്രതീക്ഷിതമായിരുന്നു. നിങ്ങളുടെ ആതിഥേയത്വത്തിന് ഒരു മറുപടിയും തന്നെ. അല്ലാഹുവിലുള്ള നിങ്ങളുടെ ഉറച്ച വിശ്വാസവും അവന്റെ വഴിയിൽ നിങ്ങൾ നിർവഹിക്കുന്ന പ്രവർത്തനങ്ങളും കാണുമ്പോൾ എനിക്ക് വളരെയധികം സന്തോഷമുണ്ട്. ജൽസയുടെ സംവിധാനങ്ങൾ എനിക്ക് വളരെ ഇഷ്ടപ്പെട്ടു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണങ്ങൾ ധിഷണാപരവും അർഥഗർഭവുമായിരുന്നു. കൂടാതെ യൂറോപ്പിലെ മുസ്ലിമീങ്ങൾ പരസ്പരം ഇത്രയധികം ആദരവോടെ ജീവിക്കുക എന്നത് തികച്ചും മറ്റൊരു കാര്യമാണ്. ഇങ്ങനെയും സാധ്യമാണെന്ന് ഞങ്ങളൊരിക്കലും വിചാരിച്ചിരുന്നില്ല. ഇതിന്നു അഹ്മദിയ്യാ ജമാഅത്തിനോട് അളവറ്റ നന്ദിയുണ്ട്. ജർമനിയിൽ അഹ്മദിയ്യാ ജമാഅത്ത് നിർമിച്ച മസ്ജിദുകൾ വളരെയധികം മനോഹരമാണ്. എല്ലാ മസ്ജിദുകളും നമുക്ക് കാണാൻ സാധിച്ചില്ല, ഈ സുബ്ഹാൻ മസ്ജിദിനെക്കാളും അവയും വളരെ മനോഹരമായിരിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഒരിക്കൽ കൂടി ഞങ്ങൾ നന്ദി രേഖപ്പെടുത്തുന്നു. നിങ്ങൾ നിർവഹിക്കുന്ന ഈ സേവനങ്ങൾക്ക് അല്ലാഹു മഹത്തായ പ്രതിഫലം നല്കുമാറാകട്ടെ. ഈ സേവനങ്ങൾ കാണുമ്പോൾ നമുക്കും വളരെ സന്തോഷമുണ്ട്.

✸ ഒരു സ്നേഹിതൻ ഹുമയൂൺ സാഹിബ് പറയുന്നു: എല്ലാം എനിക്ക് വളരെ ഇഷ്ടപ്പെട്ടു. ജൽസ സംഘാടകർ അതിഥികളോട് വളരെ നല്ല നിലയിലാണ് പെരുമാറിയത്. പ്രോഗ്രാമുകളും വളരെ മികച്ച നിലവാരത്തോടെ പര്യവസാനിച്ചു. ട്രാൻസ്പോർട്ട് വിഭാഗം വളരെ നല്ലവണ്ണം പ്രവൃത്തിച്ചു. ഇതു സംബന്ധമായ എന്റെ അനുഭവങ്ങൾ വളരെയധികം പ്രോത്സാഹനാജനകമായിരുന്നു. ഖലീഫത്തുൽ മസീഹുമായുള്ള ഞങ്ങളുടെ കൂടിക്കാഴ്ച ഞങ്ങൾക്ക് ലഭിച്ച വളരെ വലിയ ആദരവാണ്.

✸ ഒരതിഥി ബേക്താഷ്(Bektash) സാഹിബ് പറയുന്നു: എനിക്ക് ഈ ജൽസ വളരെ ഇഷ്ടപ്പെട്ടു. പ്രത്യേകിച്ചും അവിടെ സേവനം ചെയ്തവരുടെ മാതൃക വളരെ നല്ലതായിരുന്നു. പ്രഭാഷണങ്ങളും ഞങ്ങൾ കേട്ടിരുന്നു. എല്ലാം വളരെ ഇഷ്ടപ്പെട്ടു. ഈ ജൽസയിൽ നാൽപത്തിമൂവായിരത്തിലധികം പേരുണ്ടായിരുന്നു. എല്ലാവരും ഞങ്ങളോടു വളരെയധികം സ്നേഹത്തോടെ പെരുമാറി. ഖലീഫത്തുൽ മസീഹുമായുള്ള കൂടിക്കാഴ്ചയും വളരെ നല്ലതായി. ഞങ്ങളെ ക്ഷണിച്ചതിൽ വളരെ നന്ദിയുണ്ട്.

✸ ജൽസയിൽ പങ്കെടുത്ത ഒരതിഥി ജഹാംഗീർ സാഹിബ് പറയുന്നു: എനിക്ക് എയർപ്പോർട്ടിൽ സ്വീകരണം ലഭിച്ചു. തുടർന്ന് എന്നെ സുബ്ഹാൻ മസ്ജിദിൽ കൊണ്ടു പോയത് വളരെ നല്ലതായി. മസ്ജിദ് പുതിയതും വളരെയധികം മനോഹരവുമായി നിർമിച്ചിരിക്കുന്നു. അതിഥികൾക്ക് ലഭിച്ച സ്വീകരണവും ഹോട്ടലിലുള്ള താമസവും വളരെ മികച്ചതായിരുന്നു. ഒരു കുറവും നേരിട്ടിരുന്നില്ലെന്നു പറയുന്നതാണ് സത്യം. ഇത് പ്രശംസയല്ല, മറിച്ച് ഞാൻ സമർപ്പിക്കുന്നത് യാഥാർഥ്യമാണ്. പ്രഭാഷണങ്ങൾ വളരെ നല്ലതായിരുന്നു. ഇസ്ലാമിനെ വളരെ സുന്ദരമായ രീതിയിൽ സമർപ്പിച്ചു. ജൽസയിലെ സേവകരുടെ മാതൃകകളും നല്ലതായിരുന്നു. അവരുടെ മുഖങ്ങൾ മന്ദസ്മിതമയമായിരുന്നു. കാര്യങ്ങൾ നല്ലവണ്ണം ബോധ്യപ്പെടുത്താനും അവർ ശ്രമിച്ചിരുന്നു. എന്നു മാത്രമല്ല ചിലയവസരങ്ങളിൽ ഒപ്പം വന്ന് ബന്ധപ്പെട്ട സ്ഥലത്തെത്തിച്ചിരുന്നു. എല്ലാ ഡ്യൂട്ടിക്കാരും വളരെ സുസ്മേരവദനരായിക്കൊണ്ട് കൂടിക്കാഴ്ച നടത്തിയിരുന്നു. ഈ സേവകരുടെ പ്രവർത്തനങ്ങൾ വളരെ ശ്ലാഘനീയമായിരുന്നു. ഒരു കുറവും എനിക്ക് കാണാൻ കഴിഞ്ഞില്ല. എല്ലാ കാര്യങ്ങളും വിവരിക്കാൻ കഴിയുന്നതല്ല. ജൽസയിലെ സുപ്രധാനവും പ്രയോജനകരവുമായ എണ്ണമറ്റ കാര്യങ്ങളും വിശദീകരിക്കപ്പെട്ടു. വളരെയധികം രാജ്യങ്ങളിൽനിന്നു ആളുകൾ വന്നിരുന്നു. അവരേയും കാണാൻ അവസരം ലഭിച്ചു. സംസാരിക്കാനും അവസരം കിട്ടി.വന്നിരുന്ന എല്ലാവരുടേയും അനുഭവങ്ങൾ വളരെ സുന്ദരമായിരുന്നു. ഞാൻ വളരെ സന്തോഷവാനാണ്. വളരെയധികം കാര്യങ്ങൾ ജൽസയിൽനിന്നും ഞാൻ പഠിച്ചു.

✸ ഒരതിഥി ബറോത്ത്(Barot) സാഹിബ് പറയുന്നു: എന്റെ അഭിപ്രായങ്ങൾ വളരെ പോസിറ്റീവാണ്. പ്രാഥമികമായി സംവിധാനങ്ങളെപ്പറ്റി പറയുകയാണെങ്കിൽ വളരെ മികച്ച നല്ല നിലയിലായിരുന്നു. എയർപ്പോർട്ടിൽ നിന്നു മസ്ജിദിലേക്കും അവിടെ നിന്നു ഹോട്ടലിലേക്കും കൂടാതെ ഹോട്ടലിൽ നിന്നു ജൽസാഗാഹിലേക്കും തിരിച്ചും വരവും പോക്കും മറ്റും അസാധാരണമായ സേവനത്തിന്റെ പ്രകടനമായിരുന്നു. വണ്ടി ഓടിച്ചിരുന്നവരും വളരെ നല്ല വ്യക്തികളായിരുന്നു. സ്വാഗതം ചെയ്യലും കാർഡും മറ്റും തയ്യാറാക്കലും താമസത്തിനുള്ള സ്ഥലവും സെക്യൂരിറ്റി സംവിധാനവും വളരെ മികച്ചതായിരുന്നു. ഭക്ഷണവും വളരെ നല്ലവണ്ണം തയ്യാറാക്കപ്പെട്ടു. ജൽസയിൽ ചായ, കോഫി തുടങ്ങിയ സംവിധാനവും ഒരുക്കിയിരുന്നു. ഇത് സുപ്രധാനമായിരുന്നു. ചെറിയ കുട്ടികൾ തുടർച്ചയായി അതിഥികൾക്ക് വെള്ളം നൽകാൻ പോകുന്നതും വളരെ നല്ലതായിരുന്നു. ജൽസയുടെ വിഷയം ഇസ്ലാമായിരുന്നു. ഞങ്ങൾക്ക് ഈ ജൽസയിൽ വളരെയധികം വിജ്ഞാനപ്രദമായ കാര്യങ്ങൾ ലഭിച്ചു. പ്രഭാഷണങ്ങൾ സുപ്രധാനമായ വിഷയങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ അനിവാര്യതകൾക്ക് അനുസരിച്ച് അവ തയ്യാറാക്കപ്പെട്ടു. എന്റെ അഭിപ്രായത്തിൽ അവിടെ ഉയർത്തപ്പെട്ടിരുന്ന മുദ്രാവാക്യങ്ങളുടെ തർജമയും പറയേണ്ടിയിരുന്നു. ജൽസയിൽ ആലപിക്കപ്പെട്ട പദ്യങ്ങൾ എനിക്ക് വളരെ ഇഷ്ടമായി. ചില മസ്ജിദുകളും ജാമിഅ അഹ്മദിയ്യായും സന്ദർശിക്കാൻ അവസരം ലഭിച്ചു. എല്ലാം വളരെ നല്ലതായിരുന്നു. താമസ സൗകര്യവും ബൃഹത്തായിരുന്നു.

12.40 വരെ നീണ്ടു നിന്ന ഈ കൂടിക്കാഴ്ചയ്ക്കൊടുവിൽ എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഭാഗ്യം ലഭിച്ചു. മജ്ലിസെ ആമിലാ അംഗങ്ങൾക്ക് പ്രത്യേകമായും ഹുദൂറുമൊത്തു ഫോട്ടോ എടുക്കാനും കഴിഞ്ഞു

## ഖസാഖ്സ്താൻ സംഘത്തിന്റെ കൂടിക്കാഴ്ച

ശേഷം ഖസാഖ്സ്താൻ രാജ്യത്തിൽ നിന്നുവന്ന സംഘത്തിന് ഹുദൂറിനെ കാണാൻ അവസരം ലഭിച്ചു. ആ സംഘത്തിൽ 18പേരുണ്ടായിരുന്നു. ഈ സംഘത്തിലെ 17 പേരും അഹ്മദികളാണ്. ഒരു അനഹ്മദിയും.

✸ ഒരംഗം: ഖസാഖ്സ്താനിൽ നിന്നുള്ള അഹ്മദി സഹോദരന്മാർ ഹുദൂറിന് സലാം എത്തിക്കണമെന്ന് എന്നോട് അപേക്ഷിച്ചിരുന്നു.

ഹുദൂർ: വ അലയ്ക്കുമുസ്സലാം.

അതിഥി: ഞങ്ങളുടെ ജമാഅത്ത് പുരോഗമിച്ചു വരുന്നു. ജമാഅത്തിന്റെ രജിസ്ട്രേഷന് തടസ്സങ്ങളുണ്ട്.

ഹുദൂർ: അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

**(തുടരും)**




**(പേജ് 9ൽനിന്ന്)**

യും ഉയർന്ന സ്ഥലത്തുള്ള നിങ്ങളുടെ തോട്ടത്തിന്റെ വസ്തുതയുമെല്ലാം പരസ്യമാക്കപ്പെട്ടു. കാരണം നിങ്ങൾ സയ്യിദുൽഅമ്പിയാ(സ)യിലേക്കാണ് ഇക്കാര്യത്തെ ബന്ധിപ്പിച്ചത്. അതാണെങ്കിൽ ജാഹിലുകളിൽ ജാഹിലുമായിട്ടുപോലും ബന്ധിപ്പിക്കാൻ പറ്റുന്നതല്ലതാനും. അടുത്തുതന്നെ ഈ അഹങ്കാരത്തിന്റേയും തന്റേടത്തിന്റേയും തിക്തഫലംകൊണ്ട് ആകാശം പൊട്ടിപ്പിളരും. അതുകൊണ്ട് സന്മാർഗം പ്രാപിച്ച ആളുകൾ സ്വീകരിക്കുന്നതുപോലെ നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുകയും സത്യത്തിന്റെ ക്ഷണം സ്വീകരിക്കുകയും ചെയ്യുക. (നൂറുൽഹഖ്, ഭാഗം 2, റൂഹാനീ ഖസായിൻ വാള്യം 8, പേജ് 198)അടുത്ത ലക്കത്തിൽ ഇൻശാ അല്ലാഹ് സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇനാം പ്രഖ്യാപിച്ചുകൊണ്ടുള്ള മറ്റൊരു വെല്ലുവിളി അനുവാചകരുടെ സന്നിധിയിൽ അവതരിപ്പിക്കുന്നതായിരിക്കും. **(മൻസ്വൂർ അഹ്മദ് മസ്റൂർ)**

### അല്ലാഹുവിന്റെ കലാം:

**"ഇബ്റാഹീം (പ്രാർഥിച്ചുകൊണ്ടു) പറഞ്ഞ സന്ദർഭം (സ്മരിക്കുക).**
**എന്റെ നാഥാ! ഈ പട്ടണത്തെ സമാധാന പൂർണമാക്കേണമേ.**
**എന്നേയും എന്റെ സന്തതികളേയും ഞങ്ങൾ വിഗ്രഹങ്ങളെ**
**ആരാധിക്കുന്നതിൽനിന്ന് അകറ്റുകയും ചെയ്യേണമെ."**
**(വിശുദ്ധ ഖുർആൻ 14:36)**

ത്വാലിബെ ദുആ
**P.Abdul Ameer, Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin